നവംബർ 2022

വില: ₹ 20

# കേരള പവർ

കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ മുഖമാസിക







## ഐകമത്യം മഹാബലം

# കേരളത്തിന്റെ പ്രതിരോധമുയർത്തി മനുഷ്യച്ചങ്ങല

# സെപ്തംബർ 22: NCCOEEE സംസ്ഥാന സമരപ്രഖ്യാപന കൺവെൻഷൻ



ഉദ്ഘാടനം: എളമരം കരീം എം പി, CITU സംസ്ഥാന ജനറൽ സെക്രട്ടറി



അധ്യക്ഷൻ: ആർ. ചന്ദ്രശേഖരൻ
INTUC സംസ്ഥാന പ്രസിഡന്റ്



സ്വാഗതം: എസ്. ഹരിലാൽ,
കൺവീനർ, NCCOEEE കേരള ഘടകം



പ്രമേയാവതരണം: എം.പി. ഗോപകുമാർ
ചെയർമാൻ, NCCOEEE കേരള ഘടകം




മുഖ്യപ്രഭാഷണം: കെ.പി. രാജേന്ദ്രൻ AITUC സംസ്ഥാന ജനറൽ സെക്രട്ടറി

# കേരളപവർ

കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ പ്രസിദ്ധീകരണം

പുസ്തകം : 52
ലക്കം : 1




സി പി ഐ കേരള സംസ്ഥാന സെക്രട്ടറിയായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ പ്രസിഡന്റ് സ: കാനം രാജേന്ദ്രന് അഭിവാദ്യങ്ങൾ




മുഖപ്രസംഗം

**4** കേന്ദ്രസർക്കാരിന്റെ കടന്നാക്രമണങ്ങളെ ചെറുത്തു തോൽപ്പിക്കുക
കാനം രാജേന്ദ്രൻ

**6** ജനറൽ സെക്രട്ടറിയുടെ പേജ്
പങ്കാളിത്ത പെൻഷൻ പിൻവലിക്കുക
എം പി ഗോപകുമാർ

## കേരള നിയമസഭ പ്രമേയം

**8** വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽ നിന്നും പിന്മാറണം
2021-ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണം

## ദേശീയം

**10** ട്രേഡ് യൂണിയനുകൾ നേരിടുന്ന വെല്ലുവിളികൾ
അമർജീത് കൗർ





## എ.ഐ.ടി.യു.സി

**14** 42-ാം ദേശീയ സമ്മേളനത്തിലേക്ക്
കെ.പി. രാജേന്ദ്രൻ


AITUC
ശതാബ്ദി ദേശീയ സമ്മേളനം
ആലപ്പുഴ 2020 ഏപ്രിൽ 2-5


## വൈദ്യുതിരംഗം

**15** വൈദ്യുതി നിയമ ഭേദഗതി ബിൽ പിൻവലിക്കണം
മോഹൻ ശർമ്മ







## അനുസ്മരണം

**28** 2022 ഒക്ടോബർ 4
എ.എൻ. രാജൻ അനുസ്മരണ ദിനം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി ഫെഡറേഷൻ
കെ.ആർ. മോഹൻദാസ്

## റിപ്പോർട്ട്

**25** വൈദ്യുതി നിയമ ഭേദഗതി പോരാട്ട ഭൂമിയിൽ കരുത്തോടെ NCCOEEE
വി.ജെ. കുര്യാക്കോസ്

**27** വൈദ്യുതി നിയമ ഭേദഗതി ബില്ലിനെതിരെ പ്രതിഷേധമുയർത്തി എൻ സി സി ഒ ഇ ഇ ഇ സമരപ്രഖ്യാപന കൺവെൻഷൻ
കെ.സി. മണി





**32** ഒക്ടോബർ - 11
ആനുകൂല്യ നിഷേധത്തിനെതിരെ പ്രതിഷേധദിനം
ഷാജി മംഗലയ്ക്കൽ

**34** ഒക്ടോബർ - 26
സമര ചരിത്രത്തിൽ പുത്തൻ അധ്യായമായി വൈദ്യുത ഭവൻ മാർച്ച്
എം. ശിവകുമാർ

**36** കത്തുകൾ

# കേന്ദ്രസർക്കാരിന്റെ കടന്നാക്രമണങ്ങളെ ചെറുത്തു തോൽപ്പിക്കുക

സ്വാതന്ത്ര്യാനന്തരം ഏഴര പതിറ്റാണ്ടുകാലം പൊതുമേഖലയിൽ കെട്ടിപ്പടുത്ത നമ്മുടെ രാജ്യത്തെ നേട്ടങ്ങളെല്ലാം സ്വകാര്യമേഖലയ്ക്ക് വിറ്റു തുലയ്ക്കുകയാണ് കേന്ദ്ര ബി.ജെ.പി. സർക്കാർ. പൊതുമേഖലാ വിൽപന സുഗമമാക്കുവാനുള്ള ജനവിരുദ്ധ തൊഴിലാളിവിരുദ്ധ കർഷകവിരുദ്ധ നിയമ നിർമ്മാണങ്ങൾക്കും നിയമ ഭേദഗതികൾക്കുമായി കേന്ദ്ര സർക്കാർ തുനിഞ്ഞിറങ്ങിയിട്ട് കാലമേറെയായി. കേന്ദ്ര ബി.ജെ.പി സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ കടുത്ത ചെറുത്തുനിൽപ്പുകളുയർത്തി രാജ്യത്തെ ജനങ്ങളും തൊഴിലാളികളും കർഷകരും നിരന്തര പ്രതിരോധ പോരാട്ടങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്. പ്രതിപക്ഷം യോജിച്ച് എതിർത്തിട്ടും പാർലമെന്റിലെ ഭൂരിപക്ഷത്തിന്റെ ബലത്തിൽ 29 തൊഴിൽ സംരക്ഷണ നിയമങ്ങളെ നാല് കോഡുകളാക്കി മാറ്റിയതും കാർഷിക കരിനിയമങ്ങൾ പാസ്സാക്കിയതും ഉൾപ്പെടെ ഇപ്പോൾ നടന്നുവരുന്ന നിയമനിർമ്മാണങ്ങളെല്ലാം തന്നെ മോദി ഭരണകൂടം നടത്തുന്ന ബഹുഭൂരിപക്ഷം ജനങ്ങൾക്കുമേലുള്ള കടന്നാക്രമണങ്ങളാണ്.

സമസ്ത മേഖലകളുടെയും ചാലക ശക്തിയായിട്ടുള്ള ഇന്ത്യൻ വൈദ്യുതി മേഖലയെ തങ്ങളുടെ ചങ്ങാതികളായ സ്വകാര്യകുത്തക കമ്പനികൾക്ക് വിറ്റുതുലയ്ക്കാനായി ബി.ജെ.പി സർക്കാർ കോൺഗ്രസ് പിന്തുണയോടെ വൈദ്യുതി നിയമം 2003 പാസാക്കി. വൈദ്യുതി കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഇടപെടലവകാശമുള്ള ഈ സുപ്രധാന വിഷയത്തിൽ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങൾ മാനിക്കാതെ നടത്തിയ നിമയനിർമ്മാണവും ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഭേദഗതി നിർദ്ദേശങ്ങളുമെല്ലാം രാജ്യത്ത് നിലനിൽക്കുന്ന ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്തതും സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങളിൽ മേലുള്ള പരിധിവിട്ട കടന്നുകയറ്റങ്ങളുമാണ്.കേരളമടക്കംവിവിധസംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയ ജനകീയ ബദൽ നയങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയും മൂലധനശക്തികൾക്ക്ലാഭംകുന്നുകൂട്ടുവാനുള്ള അവസരമൊരുക്കുകയുമാണ് നിയമഭേദഗതികളിലൂടെ കേന്ദ്ര സർക്കാർ ഉന്നമിടുന്നത്.

2014 ൽ അധികാരത്തിൽ വന്ന മോദി സർക്കാർ 2014, 2018, 2020, 2021, 2022 വർഷങ്ങളിൽ വൈദ്യുതി നിയമം 2003 ഭേദഗതി ചെയ്യാൻ അഞ്ചു പ്രാവശ്യം ശ്രമങ്ങൾ നടത്തി. പാർലമെന്റിനകത്തും പുറത്തും ഉയർന്നുവന്ന ശക്തമായ ചെറുത്തു നിൽപ്പുസമരങ്ങൾമൂലം ഭേദഗതി നിർദ്ദേശങ്ങൾ പാസ്സാക്കിയെടുക്കുന്നതിൽ നിന്നും കേന്ദ്ര സർക്കാരിന് താൽക്കാലികമായി പിൻമാറേണ്ടിവന്നു. 2022 ആഗസ്റ്റ് 8 ന് ലോക്സഭയിൽ അവതരിപ്പിച്ച ഭേദഗതി ബില്ലിൽ പ്രതിഷേധിച്ച് രാജ്യത്തെ വൈദ്യുതി ജീവനക്കാരും ഓഫീസർമാരും ജോലി ബഹിഷ്ക്കരിച്ച് നടത്തിയ സമരംപങ്കാളിത്തംകൊണ്ട്ചരിത്ര വിജയമായി മാറി. ബില്ലിനെതിരെയുള്ള വ്യാപക പ്രതിഷേധം കണക്കിലെടുത്ത്



“ വൈദ്യുതി എല്ലാ വ്യവസായങ്ങളുടേയും മാതൃവ്യവസായമാണ്. ചെലവ് കുറഞ്ഞ വൈദ്യുതി ലഭ്യത ആശ്രയിച്ചാണ് വ്യവസായങ്ങളുടേയും കാർഷിക മേഖലയുടേയും നിലനിൽപ്പ് കാർഷിക സബ്സിഡി ഇല്ലാതാകുന്നതോടെ കാർഷിക മേഖല കടുത്ത പ്രതിസന്ധിയിലാവുകയും കർഷകരുടെ സാമ്പത്തിക സ്ഥിരത തകരുകയും രാജ്യത്തെ ഭക്ഷ്യസുരക്ഷ തന്നെ അപകടത്തിലാവുകയും ചെയ്യും.

ബില്ല് പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് വിടാൻ സർക്കാർ തയ്യാറായി. ഇതൊരു താത്ക്കാലിക നടപടി മാത്രമാണെന്ന് കാണാം. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷം പ്രസ്തുത ബിൽ പാർലമെന്റിന്റെ ശൈത്യകാല സമ്മേളനത്തിൽ വീണ്ടും പരിഗണനയ്ക്ക് കൊണ്ടുവരുവാനുള്ള അണിയറ നീക്കങ്ങളിലാണ് കേന്ദ്ര സർക്കാർ.

കർഷക സമരം പിൻവലിക്കുവാൻ സംയുക്ത കിസാൻ മോർച്ചയ്ക്ക് നൽകിയ ഉറപ്പിൽ വൈദ്യുതി ഭേദഗതി ബിൽ ബന്ധപ്പെട്ടവരുമായും കർഷക സംഘടനകളുമായും സംസ്ഥാന സർക്കാരുകളുമായും ചർച്ച ചെയ്ത് മാത്രമേ വീണ്ടും അവതരിപ്പിക്കുകയുള്ളൂവെന്ന് വ്യക്തമാക്കിയിരുന്നു. നിർഭാഗ്യവശാൽ പ്രസ്തുത ഉറപ്പിൽ നിന്നും ഏകപക്ഷീയമായി പിൻമാറി ബിൽ വീണ്ടും അവതരിപ്പിച്ച് പാസ്സാക്കുവാൻ തുനിഞ്ഞിറങ്ങുകയാണ് കേന്ദ്ര സർക്കാർ.

13 ബി.ജെ.പി ഇതര സംസ്ഥാന സർക്കാരുകൾ ഇതിനോടകംതന്നെ നിയമ വിരുദ്ധ ഭേദഗതികൾക്കെതിരെ ശക്തമായ നിലപാടെടുത്തു കഴിഞ്ഞു. ഭരണഘടന നൽകുന്ന ഉറപ്പുകൾപ്രകാരം എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി നൽകുവാൻ ബാധ്യസ്ഥരായ സംസ്ഥാന സർക്കാരുകളുടേയും ഭേദഗതി നിർദ്ദേശങ്ങളുടെ കെടുതികൾഅനുഭവിക്കേണ്ടിവരുന്ന ഉപഭോക്താക്കളുടേയും അഭിപ്രായങ്ങൾ കേൾക്കാൻ തയ്യാറാകുന്നില്ലായെന്ന് മാത്രമല്ല, അവഗണിച്ച് മുന്നോട്ട് പോകാനാണ് കേന്ദ്ര സർക്കാർ ശ്രമം. കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയത്തിൽ ഇപ്പോൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന ഭേദഗതി നിർദേശങ്ങളിൽ പലതും സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങൾ ഇല്ലായ്മ ചെയ്യുന്നതും കേന്ദ്ര ഗവൺമെന്റിലേയ്ക്കും അവർ നിയോഗിക്കുന്ന ഏജൻസികളിലേയ്ക്കും അധികാരങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നതിനും ഇട നൽകുന്നവയാണ്. വലിയ മുതൽമുടക്കും പരിപാലന ചെലവും വേണ്ടിവരുന്ന വൈദ്യുത മേഖലയിൽ ബാധ്യതയേതും കൂടാതെ കടന്നുവരുവാൻ സ്വകാര്യമേഖലയ്ക്ക് പരവതാനി വിരിക്കുകയാണ് കേന്ദ്ര സർക്കാർ ലക്ഷ്യം.

വൈദ്യുതി എല്ലാ വ്യവസായങ്ങളുടേയും മാതൃ വ്യവസായമാണ്. ചെലവ് കുറഞ്ഞ വൈദ്യുതി ലഭ്യത ആശ്രയിച്ചാണ് വ്യവസായങ്ങളുടെയും കാർഷിക മേഖലയുടേയും നിലനിൽപ്പ് കാർഷിക സബ്സിഡി ഇല്ലാതാകുന്നതോടെ കാർഷിക മേഖല കടുത്ത പ്രതിസന്ധിയിലാവുകയും കർഷകരുടെ സാമ്പത്തിക സ്ഥിരത തകരുകയും രാജ്യത്തെ ഭക്ഷ്യ സുരക്ഷ തന്നെ അപകടത്തിലാവുകയും ചെയ്യും. കൂടിയ വൈദ്യുതി നിരക്ക്, ഊതിപ്പെരുപ്പിച്ച ബില്ലുകൾ, ഗ്രാമീണ മേഖലകൾക്കും വിദൂര മേഖലകൾക്കും മോശം സേവനം എന്നിവ ബിൽ നിയമമായാൽ സൃഷ്ടിക്കപ്പെടും, പൊതുഖജനാവിലെ പണം വിനിയോഗിച്ച് പടുത്തുയർത്തിയ വൈദ്യുത പ്രതിഷ്ഠാപനങ്ങൾ നിസ്സാരവിലയ്ക്ക് സ്വകാര്യ കുത്തകൾ കൈയ്യടക്കും. 15 ലക്ഷത്തോളം സ്ഥിരം ജീവനക്കാരുടേയും 12 ലക്ഷത്തോളം കരാർ ജീവനക്കാരുടേയും തൊഴിൽ സുരക്ഷ അപകടത്തിലാവും.

സമസ്ത മേഖലകളെയും തകർത്ത് ഉപഭോക്താക്കളെ പ്രതിസന്ധിയിലാക്കുന്ന സാധാരണക്കാരന്റെ വൈദ്യുതി ചാർജ്ജ് കുതിച്ചുയരുവാൻ ഇടയാക്കുന്ന വൈദ്യുത നിയമ ഭേദഗതികൾ ചെറുത്തു തോൽപ്പിക്കപ്പെടുകതന്നെ വേണം. വൈദ്യുതി ജീവനക്കാരുടേയും എൻജിനീയർമാരുടേയും ഓഫീസർമാരുടേയും ദേശീയ കൂട്ടായ്മയായ നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് ഇൻജിനീയേഴ്സിന്റെ (NCCOEEE) നേതൃത്വത്തിൽ നടത്തുന്ന സമരങ്ങൾക്ക് പിൻബലമേകി കൂടുതൽ കരുത്ത് പകർന്നു നൽകേണ്ട ബാധ്യത ഓരോ ജീവനക്കാരനുമുണ്ട്.

ആഗോളവത്ക്കരണ നയങ്ങളെ ചെറുത്തു തോൽപ്പിക്കാൻ അതിന്റെ കെടുതികൾക്ക് വിധേയരാവുന്ന ബഹുഭൂരിപക്ഷം പേരും ഒന്നിച്ചണിനിരന്ന് ചെറുത്തു നിൽപ്പ് സമരം സംഘടിപ്പിക്കുക മാത്രമാണ് മുഖ്യപോംവഴി. ജനങ്ങൾക്കും ഉപഭോക്താക്കൾക്കും കർഷകർക്കും തൊഴിലാളികൾക്കുമെതിരെ നിരന്തര കടന്നാക്രമണങ്ങൾ നടത്തുന്ന കേന്ദ്രസർക്കാരിനെതിരെ തുടർന്നും സമര സജ്ജരാകുവാൻ എല്ലാ വൈദ്യുതി ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.■


***ചീഫ് എഡിറ്റർ***
കാനം രാജേന്ദ്രൻ

***എഡിറ്റർ, പ്രിന്റർ & പബ്ളിഷർ***
എം പി ഗോപകുമാർ

***എക്സിക്യൂട്ടീവ് എഡിറ്റർ***
എ എം ഷിറാസ്

***അസോസിയേറ്റ് എഡിറ്റർ***
എസ് രാജേഷ്കുമാർ

***ജോയിന്റ് എഡിറ്റേഴ്സ്***
വി സുനിൽ കുമാർ
സി പ്രദീപ്കുമാർ

***എഡിറ്റോറിയൽ ബോർഡ്***
വി ജെ കുര്യാക്കോസ്
കെ ആർ മോഹൻദാസ്
ജേക്കബ് ലാസർ വി
റ്റി ഷാജികുമാർ
എം ശിവകുമാർ
കെ സി മണി
എസ് അശ്വതി

***മാനേജിംഗ് കമ്മിറ്റി***
എസ് ബി റോസ് വിൽസ്
ഡോ. വി പി ജയിൻ
ഡി വിജയകുമാരൻ
എ സുരേഷ് കുമാർ

***കവർ ഡിസൈൻ & ലേഔട്ട്***
രതീഷ് കുമാർ ആർ

***ടൈപ്പ്സെറ്റിംഗ്***
എസ് ഷാജു
വിജിൻ യേശുദാസ് ജെ എസ്
ഷിബു എം

***ഓഫീസ്***
കേരള പവർ
ജെ. ചിത്തരഞ്ജൻ സ്മാരകം,
തൈക്കാട്,
തിരുവനന്തപുരം-695 014
മൊബൈൽ: 9995221050

email :
keralapowermonthly@gmail.com
Web: www.ksebkewf.org

***വാർഷിക വരിസംഖ്യ***
***200 രൂപ***

# പങ്കാളിത്ത പെൻഷൻ പിൻവലിക്കുക

1871ലെ പെൻഷൻ ആക്ട് പ്രകാരം 1920 മുതൽ ബ്രിട്ടീഷ് ഇന്ത്യയിലും 1957 മുതൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം നടപ്പിലാക്കി. 1991 ൽ കോൺഗ്രസ് സർക്കാർ തുടങ്ങിവച്ച നവലിബറൽ സാമ്പത്തിക നയങ്ങളെ പിൻതുടർന്ന് വാജ്പേയി നയിച്ച കേന്ദ്ര ബി ജെ പി സർക്കാർ 01.01.2004 മുതൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കി. കേരളത്തിലും 2013 ഏപ്രിൽ 1 മുതൽ ഉമ്മൻ ചാണ്ടി നയിച്ച യു ഡി എഫ് സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

സർക്കാർ നീക്കങ്ങളുടെ ചുമർ ചേർന്ന് കേരളത്തിലെ സുപ്രധാന പൊതുമേഖലാ വ്യവസായ സ്ഥാപനമായ വൈദ്യുതി ബോർഡിലും കമ്പനിവത്കരണത്തോടനുബന്ധിച്ച് തൊഴിലാളിദ്രോഹ പങ്കാളിത്ത പെൻഷൻ സമ്പ്രദായം നടപ്പിലാക്കി. ജീവനക്കാരെ രണ്ട് തട്ടിലാക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി, അപ്രായോഗിക പെൻഷൻ ഫണ്ട് സമ്പ്രദായം, പെൻഷൻ പ്രായം ഉയർത്തൽ തുടങ്ങി മർമ്മ പ്രധാനങ്ങളായ വിഷയങ്ങളിൽ ശക്തമായ നിലപാടുയർത്തിക്കൊണ്ടാണ് വർക്കേഴ്സ് ഫെഡറേഷൻ അന്ന് 'ത്രികക്ഷി കരാറിൽ' നിന്നും വിട്ടുനിന്നത്. കമ്പനിവത്കരണത്തെ തുടർന്ന് വിവിധ തൊഴിൽ വിഷയങ്ങൾ മുൻനിർത്തിയുള്ള നിരന്തര സമരങ്ങൾക്ക് ഇക്കാലമത്രയും കെ.എസ്.ഇ.ബി യിൽ നേതൃത്വം നൽകിയ സംഘടനയും ഫെഡറേഷൻ തന്നെ.

ജനവിരുദ്ധ–തൊഴിലാളിവിരുദ്ധ നയനടപടികളിലൂടെ സമസ്ത രംഗങ്ങളും കേന്ദ്രസർക്കാർ പ്രതിസന്ധിയിലാക്കിയ ഘട്ടങ്ങളിലും കേരളം ഭരിക്കുന്ന ഇടതുമുന്നണി സർക്കാർ ജനങ്ങൾക്കും തൊഴിലാളികൾക്കും ആശ്വാസമേകി പൊതുമേഖലയുടെ കാവലാളായി തുടരുന്നത് ബന്ധപ്പെട്ടവരിലെല്ലാം വലിയ പ്രതീക്ഷയ്ക്ക് ഇട നൽകിയിട്ടുണ്ട്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നാൽ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനത്തെ ബന്ധപ്പെട്ടവരെല്ലാം തികഞ്ഞ പ്രതീക്ഷയോടെ നോക്കിക്കണ്ടതും അതുകൊണ്ടുതന്നെ.

2016 ൽ അധികാരത്തിൽ വന്ന എൽ ഡി എഫ് സർക്കാർ 2019 ൽ റിട്ട. ജസ്റ്റിസ് സതീഷ് ചന്ദ്രബാബു ചെയർമാനായി പങ്കാളിത്ത പെൻഷൻ പുനഃ പരിശോധനാ സമിതിയെ നിയോഗിച്ചു. സമിതിയ്ക്ക് മുന്നിൽ കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷനും യഥാസമയം വിശദമായ നിർദേശങ്ങൾ തയാറാക്കി സമർപ്പിക്കുകയുണ്ടായി. തുടർന്ന് സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് 2021 ഏപ്രിൽ വരെ കാത്തിരിക്കേണ്ടി വന്നു. റിപ്പോർട്ട് സമർപ്പിച്ച് മാസങ്ങൾ പിന്നിട്ടിട്ടും അത് പ്രസിദ്ധീകരിക്കുന്നതിനോ സംഘടനകളുമായി ചർച്ച ചെയ്യുന്നതിനോ നടപടി കൈക്കൊള്ളാത്തത് ദുരൂഹമാണ്. തുടർന്ന് പങ്കാളിത്ത പെൻഷൻ വിഷയത്തിൽ സർക്കാരിന്റെ ഉദ്ദേശ ശുദ്ധിക്കുമേൽ കരിനിഴൽ വീഴ്ത്തുന്ന നടപടികളാണ് നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ജീവനക്കാരന്റെ അദ്ധ്വാന വിഹിതവും പൊതുഖജനാവിലെ ധനവും കോർപ്പറേറ്റ് ചൂതാട്ടത്തിനും കൊള്ളയ്ക്കും വിട്ടുനൽകുന്ന, ജീവനക്കാരെ രണ്ട് തട്ടിലാക്കുന്ന, അവരുടെ ഭാവിജീവിത ഭദ്രത തകർത്തെറിയുന്ന പുത്തൻ പെൻഷൻ പദ്ധതിയുടെ ചതിക്കുഴികൾ തിരിച്ചറിഞ്ഞ് രാജസ്ഥാൻ, ഛത്തീസ്ഗഡ്, ഗോവ സംസ്ഥാനങ്ങൾ പഴയ പെൻഷൻ പദ്ധതിയിലേക്ക് മടങ്ങിക്കഴിഞ്ഞു. വലതുപക്ഷ സാമ്പത്തിക നയത്തിന്റെ ഉത്പന്നമായ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുകയെന്നത് ഇട

"



ജീവനക്കാരുടെ അദ്ധ്വാന വിഹിതവും പൊതുപണവും യാതൊരു സുരക്ഷിതത്വവുമില്ലാതെയാണ് കൈകാര്യം ചെയ്യപ്പെടുന്നത്. നാളിതുവരെ ലോകത്തിലുണ്ടായ സാമ്പത്തികമാന്ദ്യ സന്ദർഭങ്ങളിലെല്ലാം ആദ്യം തകർന്നടിഞ്ഞത് പെൻഷൻ ഫണ്ടുകളും ഇൻഷ്വറൻസ് ഫണ്ടുകളുമാണെന്ന ചരിത്രസത്യം നമ്മൾ തിരിച്ചറിയുക തന്നെവേണം.

തുമുന്നണി സർക്കാരിന്റെ കടമയും ബാധ്യതയുമാണെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു.

കേരളത്തിന്റെ സമഗ്ര വികസനത്തിനായി സാമ്പത്തികരംഗത്ത് ക്രയവിക്രയം ചെയ്യപ്പെടേണ്ട കോടിക്കണക്കിന് രൂപയാണ് പുത്തൻ പെൻഷൻ പദ്ധതിയുടെ ഭാഗമായി കോർപ്പറേറ്റ് കൊള്ളയ്ക്ക് വിട്ടുകൊടുക്കുന്നത്. ജീവനക്കാരുടെ അദ്ധ്വാനവിഹിതവും പൊതുപണവും യാതൊരു സുരക്ഷിതത്വവുമില്ലാതെയാണ് കൈകാര്യം ചെയ്യപ്പെടുന്നത്. നാളിതുവരെ ലോകത്തിലുണ്ടായ സാമ്പത്തികമാന്ദ്യ സന്ദർഭങ്ങളിലെല്ലാം ആദ്യം തകർന്നടിഞ്ഞത് പെൻഷൻ ഫണ്ടുകളും ഇൻഷ്വറൻസ് ഫണ്ടുകളുമാണെന്ന ചരിത്രസത്യം നമ്മൾ തിരിച്ചറിയുകതന്നെ വേണം.

നവ ഉദാരവത്കരണ നയങ്ങളുടെ ഭാഗമായുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി തീർത്തും ഇടതുപക്ഷ ആശയങ്ങൾക്ക് വിരുദ്ധമാണ്. ഇതര സംസ്ഥാനങ്ങളിലെ വലതുപക്ഷ ഭരണകൂടങ്ങൾ വരെ പദ്ധതിയിൽ നിന്നും പിൻവാങ്ങുന്ന ഈ ഘട്ടത്തിൽ ലോകത്തിന് മുന്നിൽ ഇടതുപക്ഷ ബദൽ നയങ്ങൾ ഉയർത്തിപ്പിടിക്കുന്ന കേരളം മാതൃകയാവുകതന്നെ വേണം.

---

# പ്രമോഷനുകളും നിയമനങ്ങളും നൽകുക ഡി.എ, ലീവ് സറണ്ടർ അനുവദിക്കുക

വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ സ്ഥാനക്കയറ്റം, ആനുകൂല്യ വിതരണം തുടങ്ങിയ വിഷയങ്ങളിൽ അടുത്തിടെയുണ്ടായിട്ടുള്ള ഗുരുതര കാലവിളംബം അടിയന്തിരമായി പരിഹരിച്ച് ഈ രംഗത്ത് പതിറ്റാണ്ടുകളായി തുടരുന്ന തൊഴിൽ സമാധാന സാഹചര്യം നിലനിർത്തേണ്ടതുണ്ട്..

കേരളം ഭരിക്കുന്ന ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിന്റെ പൊതുമേഖലയോടുള്ള സമീപനങ്ങളിൽ നിന്നും നയങ്ങളിൽനിന്നും വലിയ തോതിലുള്ള വ്യതിയാനങ്ങൾ അധികൃത ഭാഗത്തുനിന്നും അടിക്കടി ഉണ്ടാകുന്നത് ആപത്കര സൂചന തന്നെയാണ് പകർന്ന് നൽകുന്നത്.

ഐ.ഡി ആക്ട് പ്രകാരം മാനേജ്മെന്റും യൂണിയനുകളും പരസ്പര കൂടിയാലോചനകളിലൂടെ കാലാകാലങ്ങളിൽ രൂപപ്പെടുത്തിയെടുത്ത ദീർഘകാല കരാറുകൾ കേവലം വേതന വർദ്ധന വ്യവസ്ഥകൾ മാത്രമല്ല. കാലഘട്ടം ആവശ്യപ്പെട്ടിട്ടുള്ള മാറ്റങ്ങൾക്ക് അനുസൃതമായി ഈ വ്യവസായം രൂപാന്തരപ്പെട്ടത് ദീർഘകാല കരാറുകളിലെ നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തിതന്നെയാണ്. കരാർ വ്യവസ്ഥകളും ആനുകൂല്യ സംരക്ഷണ വ്യവസ്ഥകളും ഏകപക്ഷീയമായി അട്ടിമറിക്കാനും ഇല്ലായ്മ ചെയ്യാനുമുള്ള ശ്രമങ്ങളിൽ നിന്നും പിൻമാറണമെന്നാണ് ബന്ധപ്പെട്ടവരോടെല്ലാം ഞങ്ങൾക്ക് ആവശ്യപ്പെടുവാനുള്ളത്.

സാധാരണ തൊഴിലാളികൾ പണിയെടുക്കുന്ന തസ്തികകൾ പലതും ഇല്ലായ്മ ചെയ്യുവാനും അവരുടെ സ്ഥാനക്കയറ്റ അവസരങ്ങൾ പിഴുതെറിയുവാനുമുള്ള നീക്കങ്ങൾ അവസാനിപ്പിച്ച് എല്ലാ തസ്തികകളിലും 'സാംഗ്ഷൻഡ് സ്ട്രെംഗ്ത്' അടിസ്ഥാനമാക്കി പ്രമോഷനുകൾ നൽകുക തന്നെ വേണം. ആശ്രിതനിയമനം ഉൾപ്പെടെ വിവിധ തസ്തികകളിലായി നാലായിരത്തിലധികം ഒഴിവുകളാണ് നിയമനങ്ങളും പ്രമോഷനുകളും നൽകാതെ ഒഴിച്ചിട്ടിരിക്കുന്നതെന്ന വസ്തുത ബന്ധപ്പെട്ടവരുടെയെല്ലാം കണ്ണ് തുറപ്പിക്കുക തന്നെ വേണം.

നടുവൊടിക്കുന്ന വിലക്കയറ്റത്താൽ കുടുംബ ചെലവിലുണ്ടാകുന്ന അധിക ബാധ്യതകൾ നിറവേറ്റുവാൻ ഗണ്യവിഭാഗം ജീവനക്കാർക്കും ആശ്രയമാകുന്നത് കാലാകാലങ്ങളിൽ ലഭ്യമാകുന്ന ക്ഷാമബത്ത തുകയും ആർജിത അവധി സറണ്ടർ ചെയ്ത് ലഭിക്കുന്ന തുകയുമാണ്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഏൺഡ് ലീവ് സറണ്ടർ തുക എല്ലാ വിഭാഗം ജീവനക്കാർക്കും അനുവദിക്കുന്നതിൽ അടിക്കടി തടസ്സവാദങ്ങൾ മാനേജ്മെന്റ് ഉയർത്തുകയാണ്. ആൾ ഇന്ത്യാ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് നിശ്ചയിക്കുന്ന മുറയ്ക്ക് വൈദ്യുതി ബോർഡിൽ ക്ഷാമബത്ത അനുവദിക്കുമെന്ന ദീർഘകാല കരാർ വ്യവസ്ഥ ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നു. 01.01.2022, 01.07.2022 തീയതികളിൽ മുൻകാല പ്രാബല്യത്തോടെ രണ്ട് ഗഡു ക്ഷാമബത്ത അടിയന്തിരമായി അനുവദിക്കേണ്ടതുണ്ട്.

വൈദ്യുതി ബോർഡിന്റെ നിലവിലെ മെച്ചപ്പെട്ട സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഡി.എ, ലീവ് സറണ്ടർ ആനുകൂല്യങ്ങളുടെ വിതരണം ഉടൻ നടപ്പാക്കണം. ആനുകൂല്യം ലഭ്യമാക്കുന്നതിലെ കാലതാമസം ആനുകൂല്യ നിഷേധത്തിന് തുല്യമാണ്, വൈകിയെത്തുന്ന നീതി അനീതി തന്നെയാണെന്ന് ബന്ധപ്പെട്ടവരെല്ലാം തിരിച്ചറിയണം.

വിവരിച്ച ഗൗരവ വിഷയങ്ങൾ മാനേജ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനായി വർക്കേഴ്സ് ഫെഡറേഷൻ 2022 ഒക്ടോബർ 11 പ്രതിഷേധ ദിനമായി ആചരിച്ചു. അന്നേ ദിവസം ആവശ്യങ്ങൾ രേഖപ്പെടുത്തിയ ബാഡ്ജ് ധരിച്ച് ജീവനക്കാർ ജോലി നിർവ്വഹിക്കുകയും ഡിവിഷൻ ഓഫീസുകൾക്ക് മുന്നിൽ പ്രതിഷേധ യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ആർജ്ജിത ആനുകൂല്യ സംരക്ഷണത്തിനായി കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ ഒക്ടോബർ 11 ന് സംഘടിപ്പിച്ച സമരപരിപാടികളിൽ പങ്കെടുക്കുകയും പിന്തുണ നൽകുകയും ചെയ്ത പ്രബുദ്ധരായ എല്ലാ വൈദ്യുതി ജീവനക്കാരെയും അഭിവാദ്യം ചെയ്യുന്നു.■

ബഹു. വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി കേരള നിയമസഭയിൽ അവതരിപ്പിച്ച് സഭ ഐകകണ്ഠേന പാസ്സാക്കിയ പ്രമേയം

# വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽ നിന്നും പിന്മാറണം 2021– ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണം



ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സമവർത്തി പട്ടികയിലെ ഇനം 38 ആണ് വൈദ്യുതി മേഖല. ഇത്തരത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ള ഒരു മേഖലയെ സമഗ്രമായി ബാധിക്കുന്ന 2021–ലെ വൈദ്യുതി ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കാൻ തയ്യാറാവുമ്പോൾ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാനും സമവായത്തിലെത്താനും കേന്ദ്രസർക്കാരിന് ബാദ്ധ്യതയുണ്ട്. ഇതാണ് സഹകരണ ഫെഡറൽ സംവിധാനത്തിന്റെ അന്തഃസത്ത. 2020 ജൂലൈ മാസത്തിൽ കേന്ദ്ര വൈദ്യുതി സഹമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ കേരളമടക്കം നിരവധി സംസ്ഥാനങ്ങൾ വൈദ്യുതി നിയമഭേദഗതി സംബന്ധിച്ച് അന്ന് അവതരിപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ തങ്ങൾക്കുള്ള വിയോജിപ്പ് വ്യക്തമാക്കുകയുണ്ടായി. ഇക്കാര്യങ്ങൾ അതതു സംസ്ഥാനങ്ങളുമായി നേരിട്ടു ചർച്ച ചെയ്തല്ലാതെ നിയമഭേദഗതിയുമായി മുന്നോട്ടു പോവുകയില്ലെന്ന് കേന്ദ്ര സഹമന്ത്രി ആ യോഗത്തിൽ വ്യക്തമാക്കുകയും ചെയ്തു. എന്നാൽ, അന്ന് അവതരിപ്പിക്കപ്പെട്ടതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഭേദഗതി നിർദ്ദേശമാണ് ഇപ്പോൾ പാർലമെന്റിന്റെ പരിഗണനയ്ക്ക് വരുന്നത്.

വൈദ്യുതി വിതരണ മേഖലയിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് ആവശ്യമില്ല എന്നതാണ് നിർദ്ദിഷ്ട നിയമഭേദഗതിയിലെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം. സംസ്ഥാന സർക്കാരുകൾക്കോ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനോ യാതൊരുവിധ നിയന്ത്രണവുമില്ലാതെ സ്വകാര്യ കമ്പനികൾക്ക് ഈ രംഗത്ത് യഥേഷ്ടം കടന്നുവരാനും പ്രവർത്തിക്കാനും ഭേദഗതിയിലൂടെ സാധിക്കും. ഇങ്ങനെ കടന്നുവരുന്ന കമ്പനികൾക്ക് ഉണ്ടാകേണ്ട യോഗ്യതകൾ തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരാണ്.

പുതിയ വിതരണ കമ്പനികൾക്ക് വൈദ്യുതി ലൈനുകളുടെ നിർമ്മാണത്തിലടക്കം ഒരു രീതിയിലുമുള്ള മുതൽമുടക്കും നടത്താൻ ബാദ്ധ്യതയില്ല. നിലവിലുള്ള വൈദ്യുതി ലൈനുകളിലൂടെ തന്നെ വൈദ്യുതി കടത്തിക്കൊണ്ട്പോകാനും വിൽക്കാനും അവർക്ക് അവകാശമുണ്ടാകും. നിലവിലുള്ള വൈദ്യുതി സ്ഥാപനത്തിന്റെ കൈവശമുള്ള വൈദ്യുതി നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങൽ കരാറികളിൽ നിന്നും പുതുതായി കടന്നുവരുന്ന കമ്പനികൾക്ക് വിഹിതം അനുവദിക്കണമെന്നും നിയമഭേദഗതി അനുശാസിക്കുന്നു. ഇങ്ങനെ വൈദ്യുതി ആസ്തികളുടെ നിർമ്മാണത്തിനൊ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനൊ യതൊരു മുതൽമുടക്കുമില്ലാതെ കടന്നുവരാൻ കഴിയുന്നതിനാൽ ലാഭമിടിഞ്ഞാൽ എളുപ്പത്തിൽ പിൻവാങ്ങുന്നതിനും സ്വകാര്യ കമ്പനികൾക്ക് അവസരം ലഭിക്കുന്നു. വൈദ്യുതി വിതരണരംഗത്ത് തികഞ്ഞ അനിശ്ചിതത്വം നിർദ്ദിഷ്ട നിയമ ഭേദഗതിയിലൂടെ ഉണ്ടാകാൻ സാധ്യതയുണ്ട്.

വൈദ്യുതി വിതരണരംഗത്ത് കടന്നുവരുന്ന സ്വകാര്യ കമ്പനികൾക്ക്, എല്ലാവർക്കും വൈദ്യുതി നൽകാനുള്ള ബാദ്ധ്യത പുതിയ നിയമം നിഷ്കർശിക്കുന്നില്ല. വിതരണരംഗം ലാഭകരമാ



**സി.പി.ഐ(എം) പൊളിറ്റ് ബ്യൂറോ അംഗവും**
**മുൻ സംസ്ഥാന സെക്രട്ടറിയുമായ**

## കോടിയേരി ബാലകൃഷ്ണന്

# ആദരാഞ്ജലികൾ

യ നഗര പ്രദേശങ്ങളിൽ പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്കും നൽകുന്ന വാണിജ്യമടക്കമുള്ള മേഖലകളിലെ ഉപഭോക്താക്കളെ അടർത്തിയെടുക്കാനും സ്വകാര്യ കമ്പനികൾക്ക് അവസരമൊരുക്കുകയാണ് ഭേദഗതി ചെയ്യുന്നത്. ഇങ്ങനെ ലാഭകരമായ മേഖലകളെല്ലാം സ്വകാര്യ മേഖല കൈക്കലാക്കുന്നു. നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും ഗ്രാമപ്രദേശങ്ങളിലും വൈദ്യുതി നൽകേണ്ട ബാദ്ധ്യത പൊതുമേഖലയുടെ ചുമലിലുമാക്കുന്നു. ലാഭം സ്വകാര്യ മേഖലയ്ക്കും നഷ്ടം പൊതുമേഖലയ്ക്കുമെന്ന ഈ അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേക്കും അതുവഴി സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേക്കുമാണ് നയിക്കുക. ഇത്തരം പരിഷ്കരണങ്ങളുടെ അന്താരാഷ്ട്ര അനുഭവവും അതുതന്നെയാണ്. സാധാരണ ഗാർഹിക ഉപഭോക്താക്കളുടേയും കാർഷിക ഉപഭോക്താക്കളുടേയും വൈദ്യുതി നിരക്കുകൾ അതിഭീമമായി ഉയരുന്നതിനാണ് നിയമഭേദഗതി കാരണമാകുക.

നിയമഭേദഗതിക്കുശേഷവും വൈദ്യുതി ലൈനുകളുടെ നിർമ്മാണവും പരിപാലനവുമൊക്കെ നിലവിലുള്ള പൊതുമേഖലാ വിതരണ യൂട്ടിലിറ്റികളുടെ തന്നെ ഉത്തരവാദിത്തമായി തുടരും. എന്നാൽ പുതിയ സാഹചര്യത്തിൽ പൊതുമേഖലാ കമ്പനിയുടെ സാമ്പത്തിക അടിത്തറ ദുർബലമാകുന്നതോടെ ലൈനുകളുടെ ആധുനികവൽക്കരണവും ശക്തിപ്പെടുത്തലും പരിപാലനവുമെല്ലാം താളം തെറ്റും. വർദ്ധിക്കുന്ന വൈദ്യുതി തടസങ്ങളും വോൾട്ടേജ് ക്ഷാമവുമെല്ലാം തിരിച്ചു വരുകയും ചെയ്യും.

സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനുകളുടെ പ്രവർത്തനം നിയന്ത്രിക്കാനും അവർക്ക് നിർദ്ദേശങ്ങൾ നൽകാനും കേന്ദ്രസർക്കാരിന് അധികാരമുണ്ടാകുമെന്ന് നിയമഭേദഗതിയിലുണ്ട്. വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതടക്കമുള്ള കാര്യങ്ങളിലെല്ലാം കേന്ദ്ര നിർദ്ദേശം ബാധകമാകും. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പ്രവർത്തനക്ഷമമല്ലെങ്കിൽ കമ്മീഷന്റെ ചുമതല മറ്റേതെങ്കിലും സംസ്ഥാനത്തുള്ള കമ്മീഷനിൽ നിക്ഷിപ്തമാക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടാകുമെന്നും നിയമഭേദഗതി വ്യക്തമാക്കുന്നു. സംസ്ഥാനങ്ങളിലെ അക്ഷയ ഊർജ്ജ വികസനമടക്കമുള്ള കാര്യങ്ങളിലും കേന്ദ്രസർക്കാരിന്റെ നിയന്ത്രണം ഉറപ്പുവരുത്തുന്നതാണ് ഭേദഗതി.

പൊതുവേ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടലുകൾ ഉണ്ടാകുമ്പോഴും വൈദ്യുതി വിതരണം തികച്ചും സംസ്ഥാനതലത്തിലാണ് മുൻകാലങ്ങളിലെല്ലാം കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവൽക്കരണ സമ്മർദ്ദങ്ങളുണ്ടായിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് തീരുമാനിക്കാനുള്ള അവകാശങ്ങൾ നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾ പോലും ഇല്ലാതാക്കി. വൈദ്യുതിമേഖലയുടെ നിയന്ത്രണം പൂർണ്ണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുന്ന സമീപനമാണ് 2021-ലെ വൈദ്യുതി ഭേദഗതി ബിൽ മുന്നോട്ടുവെയ്ക്കുന്നത്. . വൈദ്യുതി മേഖലയുടെ തകർച്ചയ്ക്ക് കാരണമാക്കുന്ന, സാധാരണക്കാരന് വൈദ്യുതി അപ്രാപ്യമാക്കുന്ന ഈ ഭേദഗതി രാജ്യത്തെ ഫെഡറൽ ഭരണ തത്വങ്ങൾക്ക് എതിരാണ്. വൈദ്യുതി മേഖല സംബന്ധിച്ചുള്ള തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഫെഡറൽ ഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തും.

മേൽകാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽ നിന്നും പിന്മാറണമെന്നും 2021-ലെ വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.■

**അമർജീത് കൗർ**
ജനറൽ സെക്രട്ടറി, എ.ഐ.ടി.യു.സി.



നമ്മുടെ രാജ്യത്ത് ഓരോ വർഷവും 6.3 കോടി ജനങ്ങൾ ദാരിദ്ര്യരേഖക്ക് താഴേക്ക് പതിക്കുന്നു. മാനവ വികസന സൂചിക പ്രകാരം 188 രാജ്യങ്ങളിൽ ഇൻഡ്യയുടെ സ്ഥാനം 130-ാമതാണ്. ആഗോള പട്ടിണി സൂചിക പ്രകാരമാകട്ടെ 119 രാജ്യങ്ങളിൽ നമ്മുടെ സ്ഥാനം 101-ാമതാണ്. ലോകമെമ്പാടുമുള്ള 96 ലക്ഷം ക്ഷയരോഗ ബാധിതരിൽ 22 ലക്ഷവും ഇൻഡ്യയിലാണ്. മലേറിയ ബാധിച്ച് ഏറ്റവും കൂടുതൽ ആളുകൾ മരിക്കുന്ന രാജ്യങ്ങളിൽ ഇൻഡ്യയും ഉൾപ്പെടും.

# ട്രേഡ് യൂണിയനുകൾ നേരിടുന്ന വെല്ലുവിളികൾ

ലോകമെമ്പാടുമുള്ള തൊഴിലാളികളുടേയും സാധാരണക്കാരുടേയും സ്ഥിതി വഷളായിക്കഴിഞ്ഞിരിക്കുന്നു. ലോകം കൂടുതൽ വലത്തേക്ക് ചരിയുകയാണ്. ആഗോള ധനമൂലധന ശക്തികൾ അതിന്റെ ആധിപത്യം അടിച്ചേൽപ്പിക്കുന്നതോടെ ആ പ്രവണത വർദ്ധിക്കുകയാണ്. അന്താരാഷ്ട്ര നാണയ നിധിയും, ലോക ബാങ്കും, ലോക വ്യാപാര സംഘടനയുമൊക്കെ ആഗോള ധന മൂലധനത്തിന്റെ സേവകരാണ്. ലോകത്താകമാനമുള്ള പ്രകൃതി വിഭവങ്ങൾ കയ്യടക്കുക, ആഗോള വിപണി പിടിച്ചടക്കുക, പരമാവധി ലാഭം കൊയ്യുക, കടം അടിസ്ഥാനമാക്കിയുള്ള സമ്പദ് വ്യവസ്ഥ ലോകമാകെ പടർത്തുക എന്നിവയാണ് ധനമൂലധന ശക്തികളെ നയിക്കുന്ന പ്രത്യയശാസ്ത്രം. അത് എല്ലാത്തരം എതിർപ്പുകളേയും അടിച്ചമർത്താനും ഭിന്നതകൾ വർദ്ധിപ്പിക്കാനും ആഗ്രഹിക്കുന്നു.

ആഗോളതലത്തിൽ തൊഴിൽരംഗം വിപരീത വളർച്ചയാണ് നേരിടുന്നത്. മുതലാളിത്തം അതിന്റെ സാമ്പത്തിക ഭാരം വികസ്വര രാഷ്ട്രങ്ങൾക്ക് മേൽ ചുമത്താൻ വെമ്പുന്ന കാഴ്ച കൂടുതൽ വ്യക്തമായി ദൃശ്യമാകുന്നു. അതിനായി അവർ യുദ്ധങ്ങൾ, സംഘർഷങ്ങൾ, ഭീഷണിപ്പെടുത്തലുകൾ, ഉപരോധങ്ങൾ തുടങ്ങിയ കുത്സിത മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. നാറ്റോ-അമേരിക്കൻ സഖ്യം സൃഷ്ടിച്ച സാഹചര്യങ്ങൾ യൂറോപ്പിൽ യുദ്ധത്തിന് കാരണമായി. അതിന് പിന്നാലേ ഉയർന്ന ഉപരോധ രാഷ്ട്രീയം ലോകം മുഴുവനുമുള്ള അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിത ഭാരം വർദ്ധിപ്പിച്ചു. തൊഴിലില്ലായ്മ അതി രൂക്ഷമായി. ചെലവ് ചുരുക്കൽ നടപടികളുടെ ഭാഗമായി പെൻഷൻ, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, വിവിധ സേവനങ്ങൾ എന്നിവക്ക് നേരേ ആക്രമണങ്ങൾ നടക്കുന്നു. സാധാരണക്കാർക്ക് വേണ്ട അവശ്യം



സേവനങ്ങളിൽ നിന്നും സർക്കാരുകൾ പിന്തിരിയുന്നു.

നമ്മുടെ രാജ്യത്തും സ്ഥിതി വ്യത്യസ്തമല്ല. ഉദാഹരണത്തിന് പല വിഭാഗക്കാർക്കുമുള്ള റയിൽവേയുടെ സൗജന്യങ്ങൾ പിൻവലിക്കപ്പെടുകയാണ്. ഇനിമേലിൽ ഒരു വയസായ കുട്ടിക്ക് പോലും ഫുൾ ടിക്കറ്റ് എടുക്കണം. റയിൽ ടിക്കറ്റുകൾ റദ്ദാക്കുമ്പോഴും ചരക്ക്-സേവന നികുതി ചുമത്തും. ഭക്ഷ്യ വസ്തുക്കൾക്കും ചരക്ക് സേവന നികുതി ബാധകമാക്കുന്നു. നിർദ്ദിഷ്ട വൈദ്യുതി ഭേദഗതി ബിൽ പാസ്സാക്കുന്നതോടെ സാധാരണ ഉപഭോക്താക്കൾക്കും കർഷകർക്കും ഇന്ന് ലഭിക്കുന്ന സബ്സിഡിയും മറ്റ് ഇളവുകളും നഷ്ടപ്പെടും. ദുർബ്ബല വിഭാഗങ്ങളിൽപ്പെടുന്നവരും ദരിദ്രരും ഗോത്രവർഗ്ഗക്കാരുമുൾപ്പെടെയുള്ള ജനകോടികൾ ഉപയോഗിക്കുന്ന പൊതുഭൂമിയും വനവും പ്രകൃതി വിഭവങ്ങളും വാണിജ്യവൽക്കരിക്കപ്പെടുന്നതോടെ അവർ അവരുടെ ആവാസ വ്യവസ്ഥയിൽ നിന്നും പുറന്തള്ളപ്പെടും.

സൈനിക ബജറ്റുകൾ ഉയരുന്നു. ആയുധ ലോബിയും ആയുധ വ്യവസായികളും തടിച്ചു കൊഴുക്കുന്നു. അതേസമയം ധനികരും സാധാരണക്കാരും തമ്മിലുള്ള സാമ്പത്തിക അസമത്വത്തിന്റെ ആഴങ്ങൾ വർദ്ധിക്കുന്നു.

ലോകമെമ്പാടും ഫാസിസ്റ്റ് പ്രവണത വളരുന്നു. അതിന് ഭരണവർഗ്ഗം മൗനമായ പിന്തുണ നൽകുന്നു. രാജ്യങ്ങൾ തമ്മിലും രാജ്യങ്ങൾക്കുള്ളിലും സംഘർഷങ്ങൾ വർദ്ധിക്കുന്നു. ഇൻഡ്യയിലെ സാഹചര്യങ്ങളാകട്ടെ അനുദിനം വഷളായിക്കൊണ്ടിരിക്കുന്നു. ജാതി, മതം, വിശ്വാസം, ഭാഷ, ജീവിത രീതി, അഭിപ്രായ സ്വാതന്ത്ര്യം, വിയോജിപ്പ്, ജനാധിപത്യ മൂല്യങ്ങൾ എന്നിങ്ങനെ ബഹുസ്വരതയാർന്ന ഭാരതീയ സംസ്ക്കാരം ഗുരുതരമായ ഭീഷണി നേരിടുന്നു. വിദ്യാർത്ഥികൾ, എഴുത്തുകാർ, മാധ്യമ പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ, അഭിഭാഷകർ, സ്വതന്ത്ര ചിന്താഗതിക്കാർ, പ്രത്യയശാസ്ത്ര വിദഗ്ദ്ധർ തുടങ്ങി നീതിക്കും മനുഷ്യാവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും വേണ്ടി നിലകൊള്ളുന്നവരെല്ലാം ആക്രമിക്കപ്പെടുന്നു. ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങളെല്ലാം നിരാകരിച്ചു കൊണ്ടും ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെയെല്ലാം കാറ്റിൽ പറത്തിയും എതിർപ്പുകളേയും വിയോജിപ്പു കളേയും നിശ്ശബ്ദമാക്കുന്ന അക്രമാസക്ത രാഷ്ട്രീയം വളരുന്നു.



കേന്ദ്രം ഭരിക്കുന്ന മോദി സർക്കാർ വിദേശ കുത്തകകളുടേയും ധനമൂലധന ശക്തികളുടേയും താൽപ്പര്യ ങ്ങളെ പ്രതിനിധീകരിക്കുന്നുവെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാവില്ല. അവർ ഭൂരിപക്ഷ വർഗ്ഗീയതയുടെ വക്താക്കളായി മാറിയിരിക്കുന്നു. അധികാര ശ്രേണിയിലെ പ്രമുഖരുടെ മൊഴികളും ചെയ്തികളും അവരുടെ ഫാസിസ്റ്റ് പ്രവണതകൾ തുറന്ന് കാട്ടുന്നു. ഒരു വശത്ത് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ കോർപ്പറേറ്റുകൾക്കും മുതലാളിത്ത സമൂഹത്തിനും കൈമാറുന്നു. മറുവശത്ത് തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, കുടിവെള്ളം, ശുചിത്വം, സാമൂഹിക സുരക്ഷ തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ച് വിടുന്നതിന് സമൂഹത്തെ വിഭജിക്കുവാനും വർഗ്ഗീയ വിഷം വിതറാനും സംഘടനകളെ കയറൂരി വിട്ടിരിക്കുന്നു. സാമ്പത്തികവും സാമൂഹ്യവും സാംസ്ക്കാരികവുമായ മേഖലകളിലെല്ലാം തന്നെ ഈ സർക്കാരിന്റെ വീക്ഷണം അറുപിന്തിരിപ്പനാണ്. 'ക്ഷേമരാഷ്ട്ര സങ്കൽപ്പം' കുഴിച്ചു മൂടാനും ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിൽ നിന്നും സർക്കാരുകൾ പിന്തിരിയണമെന്നുമുള്ള ലോക ബാങ്കിന്റെ സിദ്ധാന്തങ്ങളുമായി മുന്നോട്ട് പോകുകയാണ് മോദി സർക്കാർ. സാധാരണക്കാരും തൊഴിലാളികളുമാണ് ഈ നയത്തിന്റെ ഇരകൾ.

നോട്ട് നിരോധനത്തിന്റേയും അശാസ്ത്രീയമായി നടപ്പാക്കിയ ചരക്ക്-സേവന നികുതിയുടേയും തിക്തഫലങ്ങൾ തൊഴിൽ വിപണിയും നിർമ്മാണ, ചെറുകിട മേഖലകളും ഇന്നും അനുഭവിക്കുകയാണ്. കോവിഡ് കാലത്തെ ആസൂത്രണമില്ലാത്ത ലോക്ക്-ഡൗണും തെറ്റായ മാനേജ്മെന്റും തൊഴിലാളി വർഗ്ഗത്തിന്റെ ജീവിതം അങ്ങേയറ്റം ദുരിതപൂർണ്ണമാക്കി.

രാജ്യത്ത് പട്ടിണി മരണങ്ങൾ വർദ്ധിക്കുന്നു. ദരിദ്ര വിഭാഗങ്ങൾക്ക് സബ്സിഡി നൽകുന്നതിൽ സർക്കാർ പരാജയപ്പെടുന്നു. തൊഴിലുറപ്പ് പദ്ധതിക്കും മറ്റ് സാമൂഹ്യ സുരക്ഷ പദ്ധതികൾക്കുമുള്ള ബജറ്റ് വിഹിതം വെട്ടിക്കുറക്കുന്നു.

കർഷകരുടെ വായ്പ എഴുതിത്തള്ളാൻ വിസമ്മതിക്കുന്നു. എന്നാൽ വൻകിട കുത്തകകളുടെ കിട്ടാക്കടം എഴുതിത്തള്ളുന്നതിൽ അവർക്ക് ഒരു ഉളുപ്പുമില്ല. കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ മാത്രം 13 ലക്ഷം കോടിയാണ് എഴുതിത്തള്ളിയത്. ഇന്നത്തെ നിഷ്ക്രിയ ആസ്തി 16 ലക്ഷം കോടി കവിഞ്ഞിരിക്കുന്നു.

പാവപ്പെട്ടവർ അങ്ങേയറ്റം നിരാശരാണ്. ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ റിപ്പോർട്ട് സൂചിപ്പിക്കുന്നത് ആത്മഹത്യ ചെയ്യുന്നവരിൽ 25 ശതമാനം പേരും ദിവസ കൂലിക്കാരാണെന്നതാണ്.

നമ്മുടെ രാജ്യത്ത് ഓരോ വർഷവും 6.3 കോടി ജനങ്ങൾ ദാരിദ്ര്യരേഖക്ക് താഴേക്ക് പതിക്കുന്നു. മാനവ വികസന സൂചിക പ്രകാരം 188 രാജ്യങ്ങളിൽ ഇൻഡ്യയുടെ സ്ഥാനം 130-ാമതാണ്. ആഗോള പട്ടിണി സൂചിക പ്രകാരമാകട്ടെ 119 രാജ്യങ്ങളിൽ നമ്മുടെ സ്ഥാനം 101-ാമതാണ്.






ലോകമെമ്പാടുമുള്ള 96 ലക്ഷം ക്ഷയരോഗ ബാധിതരിൽ 22 ലക്ഷവും ഇൻഡ്യയിലാണ്. മലേറിയ ബാധിച്ച് ഏറ്റവും കൂടുതൽ ആളുകൾ മരിക്കുന്ന രാജ്യങ്ങളിൽ ഇൻഡ്യയും ഉൾപ്പെടും.

തൊഴിൽ സാഹചര്യങ്ങളുടെ സ്ഥിതിയും പരിതാപകരമാണ്. ലേബർ ബ്യൂറോയുടെ കണക്കനുസ്സരിച്ച് ജനസംഖ്യയുടെ 25 ശതമാനവും 19-നും 29-നുമിടക്ക് പ്രായമുള്ള ചെറുപ്പക്കാരാണ്. അവരുടെ ഇടയിലെ തൊഴിലില്ലായ്മ നിരക്ക് 34 ശതമാനമാണ്. ഇൻഡ്യൻ സാഹചര്യങ്ങളിൽ ഇത് വളരെ വലുതാണ്.

കഴിഞ്ഞ 12 വർഷത്തിനിടയിൽ ഇൻഡ്യയിലെ ശതകോടീശ്വരന്മാരുടെ സമ്പത്ത് ശരാശരി 13 ശതമാനം കണ്ട് വർദ്ധിച്ചു. സാധാരണ തൊഴിലാളിയുടെ വേതന വർദ്ധനവിന്റെ ആറിരട്ടി വേഗത്തിലാണ് ശതകോടീശ്വരന്മാരുടെ സമ്പത്ത് വർദ്ധിച്ചത്. കഴിഞ്ഞ 20 വർഷത്തിനിടയിൽ ലോകത്തെ ഏറ്റവും വലിയ സമ്പന്നരായ 500 പേർ തങ്ങളുടെ അനന്തരാവകാശികൾക്ക് 2.4 ട്രില്യൺ ഡോളറിന്റെ മൂല്യമുള്ള സമ്പത്ത് കൈമാറും. ഇൻഡ്യയുടെ മൊത്തം ആഭ്യന്തര ഉദ്പാദനത്തേക്കാൾ വലുതാണിത്.



ആർ.എസ്.എസ്.-ബി.ജെ.പി. സർക്കാരിന്റെ തൊഴിലാളി വിരുദ്ധ, കർഷക വിരുദ്ധ, ജനവിരുദ്ധ, ദേശവിരുദ്ധ നയങ്ങൾക്കെതിരേ ട്രേഡ് യൂണിയനുകളുടെ പോരാട്ടം തുടരുകയാണ്. 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് 4 കോഡുകളാക്കിയതിനെത്തുടർന്നുണ്ടായ സാഹചര്യങ്ങൾ കടുത്ത വെല്ലുവിളികൾ സൃഷ്ടിച്ചിരിക്കുന്നു. പ്രതിഷേധ സൂചകമായി പ്രതിപക്ഷം വാക്കൗട്ട് നടത്തിയ വേളയിൽ ആവശ്യമായ ചർച്ചകളോ വോട്ടെടുപ്പോ കൂടാതെയാണ് കർഷക നിയമങ്ങളും തൊഴിൽ കോഡുകളും പാർലമെന്റിൽ പാസ്സാക്കിയത്.

മോദി സർക്കാർ തൊഴിലാളികളുമായുള്ള ചർച്ചകളിൽ വിശ്വസിക്കുന്നില്ല. ഉഭയകക്ഷി, ത്രികക്ഷി സംവിധാനങ്ങളെ അവർ ബഹുമാനിക്കുന്നില്ല. ട്രേഡ് യൂണിയനുകളും തൊഴിലാളി ക്ഷേമ നിയമങ്ങളും വളർച്ചക്കും വികസനത്തിന് തടസ്സമാണെന്നാണവർ വിശ്വസിക്കുന്നത്.

"ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്"നായി തൊഴിലാളികളുടെ അവകാശങ്ങൾ അവർ നിഷേധിക്കുകയാണ്. എന്നാൽ തൊഴിൽ നിയമങ്ങൾ ലഘൂകരിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നാണ് അവരുടെ അവകാശ വാദം. യഥാർത്ഥ ലക്ഷ്യമാകട്ടെ തൊഴിലാളികളേയും അവരുടെ യൂണിയനുകളേയും അടിച്ചമർത്തുകയും, സമ്പത്തുൽപ്പാദിപ്പിക്കുവാനും സേവനം പ്രദാനം ചെയ്യാനും അഹോരാത്രം കഷ്ടപ്പെടുന്ന തൊഴിലാളികളെ തന്നിഷ്ടം പോലെ നിയമിക്കാനും പിരിച്ചു വിടാനും തൊഴിലുടമകൾക്ക് അധികാരവും സ്വാതന്ത്ര്യവും നൽകുക എന്നതാണ്. തൊഴിൽ നിയമ ക്രോഡീകരണത്തിന്റെ പേരിൽ നിലവിലുള്ള സാമൂഹ്യ സുരക്ഷ പദ്ധതികൾ പോലും ആക്രമിക്കപ്പെടുന്നു.



**നിർദ്ദിഷ്ട വൈദ്യുതി ഭേദഗതി ബിൽ പാസ്സാക്കുന്നതോടെ സാധാരണ ഉപഭോക്താക്കൾക്കും കർഷകർക്കും ഇന്ന് ലഭിക്കുന്ന സബ്സിഡിയും മറ്റ് ഇളവുകളും നഷ്ടപ്പെടും.**

വർഷങ്ങളായി കരാർ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പോലും ജോലിസ്ഥിരത ലഭിക്കുന്നില്ല. തൊഴിൽ മേഖലയിലെ കരാർവൽക്കരണം ശാശ്വതീകരിക്കപ്പെടുന്നതിന്റെ ഭാഗമായി നിശ്ചിത കാല തൊഴിൽ നയം നടപ്പാക്കുന്നു. തൊഴിൽ നഷ്ടം വ്യാപകമാകുന്നു. വിലക്കയറ്റം കാരണം യഥാർത്ഥ വേതന മൂല്യം കുറയുന്നു. തൊഴിലാളികളുടേയും സാധാരണക്കാരുടേയും ജീവിതം ഓരോ ദിവസം ചെല്ലുന്തോറും ദുസ്സഹമാകുന്നു. സംഘടിക്കുകയും തൊഴിലാളി യൂണിയനുകൾ രജിസ്റ്റർ ചെയ്യുന്നതും ഇന്ന് ബുദ്ധിമുട്ടേറിയ ജോലിയാണ്.

ഈ പശ്ചാത്തലത്തിൽ നമ്മുടെ ട്രേഡ് യൂണിയൻ സഖാക്കൾ ദൈനംദിന പ്രവർത്തനങ്ങളിൽ മാത്രമല്ല സംഘടിതവും അസംഘടിതവുമായ മുഴുവൻ മേഖലകളിലുമുള്ള തൊഴിലാളികളെ സംഘടിപ്പിക്കാനുള്ള പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കുന്നതിലും കേന്ദ്ര ട്രേഡ് യൂണിയനുകളുമായി സഹകരിച്ചു കൊണ്ടുള്ള പോരാട്ടങ്ങളിൽ പങ്കെടുക്കുന്നതിലും മുൻപന്തിയിലുണ്ടായിരുന്നു.

കോവിഡ് പകർച്ചവ്യാധി പടർന്ന് പിടിച്ച ശേഷം തൊഴിലാളി വർഗ്ഗവും ട്രേഡ് യൂണിയൻ പ്രസ്ഥാനവും കടുത്ത വെല്ലുവിളികൾ നേരിടുകയാണ്. തൊഴിലാളികൾക്കും ട്രേഡ് യൂണിയനുകൾക്കും പൊതുമേഖല സ്ഥാപനങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും എതിരേയുള്ള ആക്രമണങ്ങളും പതിന്മടങ്ങ് വർദ്ധിച്ചു. രാജ്യത്തെ പ്രകൃതി വിഭവങ്ങളും ആസ്തികളും സ്വദേശികളും വിദേശികളുമായ കുത്തകകൾക്ക് തീറെഴുതിക്കൊടുക്കാനുള്ള അജണ്ടയുമായാണ് മോദി സർക്കാർ മുന്നോട്ട് പോകുന്നത്. സ്വകാര്യവൽക്കരണത്തിന്റേയും വിറ്റഴിക്കലിന്റേയും പുതിയ പേരാണ് ദേശീയ ധന സമ്പാദന പദ്ധതി.

തകരുന്ന സമ്പദ് വ്യവസ്ഥ, തൊഴിൽ വിരുദ്ധ നിയമങ്ങളിലൂടെ തകർക്കപ്പെടുന്ന തൊഴിൽമേഖല, സ്വകാര്യവൽക്കരിക്കപ്പെടുന്ന പൊതുമേഖല, വിറ്റഴിക്കപ്പെടുന്ന ദേശീയ ആസ്തികൾ തുടങ്ങിയവ കാരണം രാജ്യം വറചട്ടിയിൽ നിന്നും എരിതീയിലേക്ക് വീഴുകയാണ്. ദേശീയ ധനസമ്പാദന പദ്ധതി പൂർത്തിയാകുന്നതോടെ രാജ്യത്തിന്റെ പൊതു മേഖല ആസ്തി പൂജ്യമാകും. പ്രതിവർഷം 1,50,000 കോടി രൂപ വാടക

യായി പിരിച്ചെടുക്കു മെന്നും ആസ്തിക ളുടെ ഉടമസ്ഥാവകാശം സർക്കാരിൽ തന്നെ നിക്ഷിപ്തമായിരിക്കുമെന്നുമെ ല്ലാം ധനമന്ത്രി പ്രഖ്യാപിക്കുന്നുണ്ടെങ്കി ലും പാട്ടക്കാലാവധി കഴിയുമ്പോൾ ഈ ആസ്തികളുടെ മൂല്യം തകർന്ന് തരിപ്പ ണമായിട്ടുണ്ടാകും.

ഇൻഡ്യൻ സമ്പദ് വ്യവസ്ഥ തുടർച്ച യായ തകർച്ചയെ അഭിമുഖീകരിക്കുന്നു. അത് നിരവധി റിപ്പോർട്ടുകളിൽ പ്രതിഫ ലിക്കുന്നുണ്ട്. രാഷ്ട്രീയ നേതാക്കളുടേ യും കോടീശ്വരന്മാരുടേയും അനധികൃ ത സമ്പാദ്യങ്ങളും നികുതിവെട്ടിപ്പുകളും ആദ്യം പുറത്ത് കൊണ്ട് വന്നത് പനാമ പേപ്പറുകളായിരുന്നു. പിന്നീട് പാരഡൈ സ് പേപ്പറുകളും ഇപ്പോൾ പണ്ടോറ പേ പ്പറുകളും ആ കഥകൾ പുറത്ത് കൊണ്ടു വന്നിരിക്കുന്നു. അതെല്ലാം ഇൻഡ്യൻ സമ്പദ് വ്യവസ്ഥയുടെ അപചയങ്ങൾ തു റന്ന് കാട്ടുന്നു. 2021 വരെ രാജ്യത്തിന് 2 ട്രി ല്യൻ ഡോളറിന്റെ നഷ്ടമാണുണ്ടായതെ ന്ന് ഈ പേപ്പറുകൾ വെളിപ്പെടുത്തുന്നു. 1980–81–ൽ ജി.ഡി.പി.യുടെ ഭാഗമായി 10 മുതൽ 20 ശതമാനം വരെയായിരുന്നു കള്ളപ്പണമെങ്കിൽ 95–96–ൽ അത് 40 ശതമാനമായും ഇന്ന് 62 ശതമാനമായും വർദ്ധിച്ചിരിക്കുന്നു. ഇത് അങ്ങേയറ്റത്തെ സാമ്പത്തികാരക്ഷിതാവസ്ഥയെ സൂചി പ്പിക്കുന്നു.

ഇതെല്ലാം ഒരു വശത്ത്. മറുവശത്ത് ബി.ജെ.പി.–ആർ.എസ്.എസ്. കൂട്ടുകെട്ട് വെറുപ്പിന്റേയും വർഗ്ഗീയ ധ്രുവീകരണ ത്തിന്റേയും ഭിന്നിപ്പിന്റേയും രാഷ്ട്രീയം തുടരുകയാണ്.സർക്കാരിന്റെനയങ്ങളെ എതിർക്കുകയും ചെറുത്ത് നിർത്താൻ ശ്രമിക്കുകയും ചെയ്യുന്നവരുടെ ജനാധി പത്യാവകാശങ്ങൾ ചവുട്ടി മെതിക്കപ്പെ ടുന്നു. അതിനായി സി.ബി.ഐ., ഇ.ഡി., എൻ.ഐ.എ., യു.എ.പി.എ., പോലീസ്, രാജ്യദ്രോഹനിയമം എന്നിവയെല്ലാം ദുരു പയോഗപ്പെടുത്തുന്നു. ജുഡീഷ്യറിയെ പ്പോലും ഭീഷണിപ്പെടുത്തി വരുതിയിലാ ക്കാൻ ശ്രമിക്കുന്നു.

രാഷ്ട്രീയക്കാർ, മാധ്യമ പ്രവർത്തകർ, സാമൂഹിക പ്രവർത്തകർ, ജഡ്ജിമാർ, തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗങ്ങൾ എന്നിങ്ങനെ നിരവധി പേരാണ് പെഗാ സസ് ചാര സോഫ്റ്റ്‌വെയറിന്റെ നിരീക്ഷ ണത്തിലായതെന്ന് വെളിപ്പെട്ടു. തങ്ങളു ടെ സോഫ്റ്റ്‌വെയർ സർക്കാരുകൾക്ക് മാത്രമേ വിൽക്കാറുള്ളൂവെന്ന് പെഗാ സസിന്റെ നിർമ്മാതാക്കളായ എൻ.എ സ്.ഒ കമ്പനി അവകാശപ്പെടുമ്പോഴും ഈ സോഫ്റ്റ്‌വെയർ വാങ്ങിയോ എന്ന് സുപ്രീം കോടതിയുടെ ചോദ്യത്തിന് കേ ന്ദ്രം ഉത്തരം പറയുന്നില്ല. അതിനുത്തരം പറഞ്ഞാൽ അത് ദേശീയ സുരക്ഷയെ പ്രതികൂലമായി ബാധിക്കും പോലും.

ഭീതിയുടേയും ആശങ്കയുടേയും അന്തരീക്ഷം സൃഷ്ടിക്കുവാനുള്ള ശ്രമ ങ്ങൾ കേന്ദ്ര സർക്കാർ തുടരുകയാണ്. ത്രിപുരയിൽ യുവ മാധ്യമ പ്രവർത്തകർ ആക്രമിക്കപ്പെട്ടു. മുഹമ്മദ് സുബൈറി



**എതിർപ്പുകളേയും വിയോജിപ്പുകളേയും നിശ്ശബ്ദമാക്കുവാൻ ഭരണകൂടം സൃഷ്ടിക്കുന്ന നാസി ശൈലിയിലുള്ള മനോവിഭ്രാന്തിയുടെ ഈ ചക്രവ്യൂഹത്തെ തകർക്കുന്ന പ്രവർത്തനങ്ങൾ ട്രേഡ് യൂണിയനുകൾ ഏറ്റെടുക്കണം.**

നെ അറസ്റ്റ് ചെയ്തു. മനുഷ്യാവകാശ പ്രവർത്തകയും അഭിഭാഷകയുമായ ടീസ്റ്റ സെതൽവാദിനെ ജയിലലടച്ചു. അങ്ങനെ നിരവധി സംഭവങ്ങൾ രാജ്യ ത്ത് അരങ്ങേറുന്നു. എതിർപ്പുകളേയും വിയോജിപ്പുകളേയും നിശ്ശബ്ദമാക്കു വാൻ ഭരണകൂടം സൃഷ്ടിക്കുന്ന നാസി ശൈലിയിലുള്ള മനോവിഭ്രാന്തിയുടെ ഈ ചക്രവ്യൂഹത്തെ തകർക്കുന്ന പ്രവർ ത്തനങ്ങൾ ട്രേഡ് യൂണിയനുകൾ ഏറ്റെ ടുക്കണം.

ഈ സാഹചര്യത്തിലാണ് എ.ഐ. ടി.യു.സി.യുടെ 42–ാം ദേശീയ സമ്മേള നം ഡിസംബർ 16 മുതൽ 20 വരെ ആലപ്പു ഴയിൽ നടക്കുന്നത്. സമ്മേളനം വിജയി പ്പിക്കാൻ എ.ഐ.ടി.യു.സി. സംസ്ഥാന കമ്മിറ്റിയും സ്വാഗതസംഘവും എല്ലാ സജ്ജീകരണങ്ങളും ഒരുക്കിക്കൊണ്ടിരി ക്കുന്നു.

സഖാക്കളെ,

നഷ്ടപ്പെടുന്ന തൊഴിൽ, വെട്ടിക്കുറ ക്കുന്ന വേതനം, വർദ്ധിക്കുന്ന തൊഴി ലില്ലായ്മ, അപകടത്തിലായ തൊഴിൽ സുരക്ഷ, തൊഴിലിടങ്ങളിൽ വർദ്ധി ക്കുന്ന അപകടങ്ങൾ, ദുർബ്ബലമാകുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ, ആക്ര മിക്കപ്പെടുന്ന ട്രേഡ് യൂണിയൻ സ്വാത ന്ത്ര്യങ്ങളും പണിമുടക്കാനുള്ള അവകാ ശങ്ങളും എന്നിങ്ങനെയുള്ള നിരവധി തൊഴിലാളി വിരുദ്ധ നയങ്ങൾ കാരണം തീവ്രമായ വെല്ലുവിളികൾ നിറഞ്ഞ നാ ളുകളാണ് നമ്മെ കാത്തിരിക്കുന്നത്.

ജാതി, മത വിശ്വാസങ്ങൾക്കതീത മായി സംഘടിപ്പിക്കപ്പെട്ട, ജനാധിപത്യ ത്തിന്റേയും ഐക്യദാർഢ്യ ത്തിന്റേയും പ്രതീകമായ തൊഴിലാളി പ്രസ്ഥാന മെന്ന നിലയിൽ തൊഴിലവകാശങ്ങളും തൊഴിലിടങ്ങളിലെ അവകാശങ്ങളും സംരക്ഷിക്കാനും സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്താനും സാധാരണക്കാരന്റെ സാമൂഹ്യ- സാമ്പത്തിക നിലവാരം മെ ച്ചപ്പെടുത്താനുമുള്ള പോരാട്ടങ്ങളിൽ എ.ഐ.ടി.യു.സി. നേതൃത്വപരമായ പങ്ക് വഹിക്കണം.

സർക്കാരിനെ വിമർശിക്കുന്നതിന്റെ പേരിൽ ഭീഷണി നേരിടുന്നവർക്കൊപ്പം നാം നിലകൊള്ളണം. കർഷകർ, വിദ്യാർ ത്ഥികൾ, അദ്ധ്യാപകർ, ബുദ്ധിജീവികൾ, എഴുത്തുകാർ, കലാകാരന്മാർ, മാധ്യമ പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളോടും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതി നോടൊപ്പം ട്രേഡ് യൂണിയനുകളുടെ ഐക്യം കെട്ടിപ്പടുക്കുന്നതിനും എ.ഐ. ടി.യു.സി. നേതൃത്വം നൽകണം.

നാം നമ്മുടെ സംഘടനകളെ ശ ക്തിപ്പെടുത്തുകയും ട്രേഡ് യൂണിയൻ പ്രവർത്തനം പുതിയ മേഖലകളിലേ ക്ക് വ്യാപിപ്പിക്കുകയും വേണം. എല്ലാ തലങ്ങളിലേയും പ്രവർത്തകർക്കും നേതാക്കൾക്കും ട്രേഡ് യൂണിയൻ വി ദ്യാഭ്യാസം നൽകണം. ആ പരിശീലന പരിപാടികളിൽ യുവ കേഡർമാർക്ക് മുൻഗണന നൽകുകയും വേണം.■

കെ.പി.രാജേന്ദ്രൻ
ജനറൽ സെക്രട്ടറി, എ.ഐ.ടി.യു.സി
സംസ്ഥാന കൗൺസിൽ



2022 ഫെബ്രുവരിയിൽ ഹൈദ്രാബാദിൽ നടന്ന എ.ഐ.ടി.യു.സി ദേശീയ ജനറൽ കൗൺസിൽ യോഗമാണ് ദേശീയ സമ്മേളനം ഡിസംബർ 16 മുതൽ 20 വരെ തീയതികളിൽ ആലപ്പുഴയിൽ നടത്തുവാൻ തീരുമാനിച്ചത്.

# 42–ാം ദേശീയ സമ്മേളനത്തിലേക്ക്

എ.ഐ.ടി.യു.സി 42–ാം ദേശീയ സമ്മേളനം ഡിസംബർ 16 മുതൽ 20 വരെ ആലപ്പുഴയിൽ നടക്കുന്നു. എ.ഐ.ടി.യു.സി നൂറാം വാർഷികത്തിനോടനുബന്ധിച്ച് ശതാബ്ദി ദേശീയ സമ്മേളനം 2020 ഏപ്രിൽ മാസത്തിൽ ആലപ്പുഴയിൽ നടത്തുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായപ്പോഴാണ് കോവിഡ്മഹാമാരിദുരന്തം കടന്നുവന്നത്. സമ്മേളനം മാറ്റി വെയ്ക്കേണ്ടിവന്നത് സഖാക്കളിൽ നിരാശയും വിഷമവും ഉണ്ടാക്കി എന്നത് വസ്തുതയാണ്. എന്നാൽ അതിനേക്കാൾ വലിയ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടവരാണ് തങ്ങൾ എന്ന തിരിച്ചറിവ് തൊഴിലാളികൾക്കുണ്ടായി. സർക്കാരും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റു സന്നദ്ധപ്രവർത്തകരും, ആരോഗ്യപ്രവർത്തകരോടും ഒപ്പം തോളോട് തോൾ ചേർന്ന് ജീവകാരുണ്യ-സന്നദ്ധ പ്രവർത്തനങ്ങളിൽ സജീവമായി സഖാക്കൾ പങ്കെടുത്തു.

2022 ഫെബ്രുവരിയിൽ ഹൈദ്രാബാദിൽ നടന്ന എ.ഐ.ടി.യു.സി ദേശീയ ജനറൽ കൗൺസിൽ യോഗമാണ് ദേശീയ സമ്മേളനം ഡിസംബർ 16 മുതൽ 20 വരെ തീയതികളിൽ ആലപ്പുഴയിൽ നടത്തുവാൻ തീരുമാനിച്ചത്. സംസ്ഥാന വർക്കിംഗ് കമ്മറ്റിയുടേയും, ഭാരവാഹികളുടേയും യോഗങ്ങൾ ചേർന്ന് സമ്മേളനത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങാൻ തീരുമാനിച്ചു. ആഗസ്റ്റ് 30 ന് ആലപ്പുഴയിൽ ചേർന്ന സ്വാഗതസംഘം യോഗം സമ്മേളന പരിപാടികൾക്ക് രൂപം നൽകി. സ്വാഗതസംഘം കമ്മറ്റിയിൽ കൂടുതൽ സഖാക്കളെ ഉൾപ്പെടുത്തി. സബ്ബ് കമ്മറ്റികൾ യോഗങ്ങൾ കൂടി അനുബന്ധ പരിപാടികൾ തീരുമാനിച്ചു. സമ്മേളനപ്രവർത്തനങ്ങൾ ഏറ്റവും സജീവമായി തുടങ്ങുന്നതിനു പ്രസ്തുത യോഗങ്ങൾ സഹായകരമായി.

ഡിസംബർ 16 ന് വൈകുന്നേരം പതാക ഉയർത്തുന്നതോടെ സമ്മേളനം ആരംഭിയ്ക്കും. കയ്യൂരിൽ നിന്ന് കൊണ്ടുവരുന്ന പതാകയും, തിരുവനന്തപുരം അയ്യൻകാളി സ്മൃതി മണ്ഡപത്തിൽ നിന്നുകൊണ്ടുവരുന്ന ബാനറും,, മൂന്നാ



റിൽ നിന്നു സഖാക്കൾ ഗുരുദാസ് ദാസ് ഗുപ്തയുടെയും, സി.എ.കുര്യന്റേയും ഛായാചിത്രങ്ങളും,ശൂരനാട് നിന്ന് കൊടിമരവും കൊണ്ടുവരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വയലാർ രക്തസാക്ഷിമണ്ഡപത്തിൽ നിന്നാണ് ദീപശിഖഎത്തിച്ചേരുന്നത്.

17, 18, 19, 20 തീയതികളിലാണ് പ്രതിനിധി സമ്മേളനം. 17 ന് രാവിലെ രാജ്യത്തെ പ്രമുഖ ട്രേഡ്‌യൂണിയൻനേതാക്കൾപങ്കെടുക്കുന്ന സമ്മേളനമാണ്. 20ന് വൈകുന്നേരത്തെ റാലിയോടെ സമ്മേളനം സമാപിയ്ക്കും.

സമ്മേളനത്തിന്റെ ഭാഗമായി 14 ജില്ലകളിലും പരിപാടികൾ നിശ്ചയിച്ചിട്ടുണ്ട്. സെമിനാറുകൾ, ശില്പശാലകൾ, പ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിയ്ക്കുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിലായി ഈ പരിപാടികൾ സംഘടിപ്പിയ്ക്കും. രാജ്യത്തിന്റെ ജനാധിപത്യവും, മതനിരപേക്ഷതയും ഭരണഘടനയും സംരക്ഷിയ്ക്കാനുള്ള തൊഴിലാളി വർഗ്ഗത്തിന്റെ കടമ ഊട്ടി ഉറപ്പിക്കുന്ന പരിപാടികളാണ് തീരുമാനിച്ചിട്ടുള്ളത്. എ.ഐ.ടി.യു.സി പഞ്ചായത്ത്/മേഖലകമ്മറ്റികളുടെ നേതൃത്വത്തിലും, ഓരോ യൂണിയനുകളും അവരുടെ ചുമതലയിൽ ദേശീയ സമ്മേളനത്തിന്റെ ഭാഗമായി പരിപാടികൾ സംഘടിപ്പിയ്ക്കും. കലാ-സാഹിത്യമത്സരങ്ങളും ഇതിന്റെ ഭാഗമായി നടക്കും. വിപുലമായ കലാ,കായിക പരിപാടികളും സാംസ്കാരിക സമ്മേളനങ്ങളും തീരുമാനിച്ചിട്ടുണ്ട്.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിചേരുന്ന പ്രതിനിധി സഖാക്കൾക്ക് താമസം, ഭക്ഷണം എന്നിവയെല്ലാം ഒരുക്കണം. ഇതിനായി വിഭവ ശേഖരണവും മറ്റും സംഘടിപ്പിയ്ക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സമ്മേളനത്തിന്റെ വിജയകരമായ പ്രവർത്തനങ്ങൾക്ക് വലിയൊരു ചിലവ് വരും. ഇതുകണക്കാക്കി തൊഴിലാളികൾ അവരുടെ വേതനത്തിൽ നിന്നു നൽകുന്ന സംഭാവനകളും ബഹുജനങ്ങൾ നൽകുന്ന സഹായവും പിന്തുണയും എല്ലാം ചേരുമ്പോൾ ആലപ്പുഴ വെച്ചു നടക്കുന്ന ദേശീയ സമ്മേളനം ചരിത്ര വിജയമാകും എന്നുറപ്പാണ്.

ആദ്യത്തെ തൊഴിലാളി പ്രസ്ഥാനം ജന്മം കൊണ്ട, പുന്നപ്ര വയലാർ അനശ്വര രക്തസാക്ഷികളുടെ മണ്ണിൽനടക്കുന്ന ഇൻഡ്യയിലെ ആദ്യത്തെ തൊഴിലാളി പ്രസ്ഥാനത്തിന്റെ-നൂറുവർഷം പിന്നിട്ട മഹത്തായ ചരിത്രത്തിന്റെ ഭാഗമായ എ.ഐ.ടി.യു.സി ദേശീയ സമ്മേളനം വിജയിപ്പിയ്ക്കുവാൻ എല്ലാവരുടേയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു.■



മോഹൻ ശർമ്മ
ജനറൽ സെക്രട്ടറി, AIFEE



പാർലമെന്റിന്റെ ഊർജ്ജകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് (AIFEE) സമർപ്പിച്ച നിർദ്ദേശങ്ങൾ

# വൈദ്യുതി നിയമ ഭേദഗതി ബിൽ പിൻവലിക്കണം



വൈദ്യുതിഭേദഗതിനിയമം 2022 ന്റെ ദുഷ്ഫലങ്ങളെ സംബന്ധിച്ച് പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിക്കു സമർപ്പിച്ച മെമ്മോറാണ്ടം.

2022 ഓഗസ്റ്റ് 8 ന് വൈദ്യുതി ഭേദഗതി ബിൽ ലോകസഭയിൽ അവതരിപ്പിച്ചിരിക്കുന്നു. ലോകസഭ ചെയർമാനായ സ്പീക്കർ ഊർജ്ജകാര്യ സ്ഥിരം സമിതിക്ക് വിശദമായ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ബിൽ അയച്ചുകൊണ്ട് ഉത്തരവിട്ടിരിക്കുകയാണല്ലോ?

ഊർജ്ജകാര്യ സ്ഥിരം സമിതിയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ വിദഗ്ദ്ധരുമായും വ്യക്തികളുമായും ഉപഭോക്തൃ ഗ്രൂപ്പുകളും, തൊഴിലാളി യൂണിയനുകളുമായും, വ്യാപാര സംഘടനകളുമായും കൂടിയാലോചന നടത്തി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേടാനുള്ള അധികാരം അതിൽ നിക്ഷിതമാണല്ലോ? സമിതിയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി എ.ഐ.എഫ്.ഇ.ഇ അഭിപ്രായങ്ങൾ സമർപ്പിക്കുന്നു. സമഗ്രവും വിശാലവുമായ വിധത്തിൽ വിവിധ താൽപര്യവിഭാഗങ്ങളുമായി 2022 വൈദ്യുതി ഭേദഗതിയെപ്പറ്റി അങ്ങയുടെ നേതൃത്വത്തിൽ കൂടിയാലോചന ഉണ്ടാവുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ എ.ഐ.എഫ്.ഇ.ഇ. ബഹുമാനപൂർവ്വം ഞങ്ങളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും സമിതിക്ക് മുമ്പാകെ സമർപ്പിക്കുന്നതിനൊടൊപ്പം, ഊർ




ജ്ജകാര്യ സമിതിക്ക് മുമ്പാകെയുള്ള കൂടിയാലോചനയിൽ സാധാരണക്കാർക്കും, കർഷകർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ഈ ഭേദഗതി എത്രമാത്രം ദോഷകരമാണെന്ന വിവരം ധരിപ്പിക്കാൻ അവസരം തരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഭേദഗതി രാജ്യത്തിന്റെയോ സംസ്ഥാനങ്ങളുടെയോ 15 ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെയോ ഉദ്യോഗസ്ഥരുടെയോ എൻജിനീയർമാരുടെയോ താത്പര്യപ്രകാരമല്ല എന്നുകൂടി അറിയിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു.

2022 ലെ വൈദ്യുതി ഭേദഗതിക്ക് മുമ്പ്, 2002-ൽ അന്നത്തെ ലോകസഭ സ്പീക്കർ 2001-ലെ വൈദ്യുതി ബില്ല് ഊർജ്ജകാര്യ സമിതിക്ക് വിവിധ താത്പര്യ വിഭാഗത്തിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനും ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി നിർദ്ദേശിച്ചിരുന്നു. 2014-ലും ഊർജ്ജകാര്യ സ്ഥിരം സമിതി ഇത്തരത്തിൽ കൂടിയാലോചനകൾ നടത്തിയിരുന്നു.

ഊർജ്ജകാര്യ സ്ഥിരം സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ സന്തോഷ് മോഹൻ ദേവ് 2002 ഡിസംബർ 13ന് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു 'ഈ സമിതി വിവിധ താത്പര്യ വിഭാഗങ്ങളുമായി കൂടിയാലോചന നടത്തി' താഴെ പറയുന്ന വിവരങ്ങൾ ഓർമ്മ പുതുക്കുന്നതിനായി സമർപ്പിക്കുന്നു.

2002 മെയ് 26 മുതൽ ജൂൺ 1 വരെ സമിതി നടത്തിയ പഠനയാത്രയിൽ ജാർഖണ്ഡ്, പശ്ചിമബംഗാൾ, ആസാം, ത്രിപുര, സിക്കിം, മണിപ്പൂർ, മേഘാലായ, മിസോറാം, നാഗാലാന്റ് എന്നീ സംസ്ഥാനങ്ങളുമായും ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസും, Damoder Valley Corporation, Rural Electrification Corporation(REC). NEEPO തുടങ്ങിയവരുമായി റാഞ്ചി, കൊൽക്കത്ത, ഷില്ലോങ്, ഗോഹാത്തി എന്നീ സ്ഥലങ്ങളിൽ കൂടിയാലോചന നടത്തി. 2002 ജൂൺ 6 മുതൽ 8 വരെ നടത്തി പഠന യാത്രയിൽ ഹരിയാന, പഞ്ചാബ്, ഹിമാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളും നപ്താജാക്രി പവർ കോർപ്പറേഷൻ (NJPC), ബക്രബീസ് മാനേജ്മെന്റ് ബോർഡ് (BBMB) എന്നിവരുമായി ചാണ്ഡിഗഡിലും ഷിംലയിലുമായി കൂടിയാലോചനകൾ നടത്തി. അതിനുശേഷം സമിതി 2002 ജൂൺ 26 മുതൽ ജൂലൈ 1 വരെ നടത്തിയ പഠന യാത്രയിൽ ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടക, കേരളം എന്നീ സംസ്ഥാനങ്ങളുമായും സംസ്ഥാനങ്ങളിലെ ചേംബർ ഓഫ് കോമേഴ്സ് & ഇൻഡസ്ട്രിയിലും, വ്യക്തികളും വിദഗ്ദ്ധരും, NTPC, NLC, Central Power Research Institute (CPRI) പവർ ഗ്രിഡ് കോർപ്പറേഷൻ (PGCIL) എന്നിവരുമായി, ഹൈദ്രാബാദ്, ചെന്നൈ, ബാംഗ്ലൂർ, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് ചർച്ച നടത്തുകയുണ്ടായി.

2002 ജൂലൈ 6 മുതൽ 11 വരെ രാജ്സ്ഥാൻ, മഹാരാഷ്ട്രാ, ഗോവ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളുമായും ഈ സംസ്ഥാനങ്ങളിലെ ചോംബർ ഓഫ് കോമേഴസും ഇൻസ്ട്രിയും, വിവിധ ഉപഭോക്തൃ സംഘടനകളുമായും IREDA, PTC, NHPC തുടങ്ങിയവുമായി ജയ്പൂർ, മുംബൈ, ഗോവ എന്നിവിടങ്ങളിൽ കൂടിയാലോചനകൾ നടത്തുകയുണ്ടായി.

14.5.2002 ൽ ഊർജ്ജമന്ത്രാലയത്തിൽ സമിതി വിശദീകരണ യോഗം നടത്തുകയുണ്ടായി. 25.07.2002-ൽ NCAER, CEA തുടങ്ങിയവയിൽ നിന്നും സിറ്റിംഗ് നടത്തി തെളിവ് ശേഖരിക്കുകയുണ്ടായി. 26.7.2002 AITUC, BMS, CITU, എന്നീ സംഘനടകളിൽ നിന്നും അഭിപ്രായങ്ങൾ ആരാഞ്ഞു. 30.7.2002-ൽ ASSOCHAM, FICCI ഉത്തരാഞ്ചൽ സർക്കാർ എന്നിവരിൽ നിന്നും 6.8.2002-ൽ PEA, INTUC, CII ഉത്തർപ്രദേശ് സർക്കാർ എന്നിവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു 7.8.2002-ൽ National Working Group of Power, ഒറീസ്സ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാന സമിതികളിൽ നിന്നും തെളിവ് സ്വീകരിച്ചു. 1.10.2002 ൽ India Wind Energy Association-ൽ ന്നും 1.10.2002-ൽ ഊർജ്ജമന്ത്രാലയത്തിന്റെയും 25.11.2002-ൽ Non Conventional Energy Sources ന്റെയും പക്കൽ നിന്നും വിവരങ്ങൾ സ്വീകരിച്ചു.

കഴിഞ്ഞ 2 വർഷമായി ഊർജ്ജമന്ത്രാലയത്തോട് ഇലക്ട്രിസിറ്റി ആക്ട് 2003-ൽ വരുത്താൻ പോകുന്ന ഭേദഗതിയെ കുറിച്ച് ചർച്ച നടത്തണമെന്ന് AIFEE യും NCCOEEE യും അഭ്യർത്ഥിച്ചു വരുകയാണ്. ഊർജ്ജ വ്യവസായത്തിലെ തൊഴിലാളികളും, ഓഫീസർമാരും, എൻജിനിയർമാരും എന്ന നിലയിൽ ഈ വ്യവസായത്തിലെ ഏറ്റവും വലിയ താത്പര്യ വിഭാഗമായിട്ട് കൂടി നാളിത്വരെ ഞങ്ങളുമായി ചർച്ച നടത്താൻ ഊർജ്ജമന്ത്രാലയം തയ്യാറായിട്ടില്ല.

2003 വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള നാലാമത്തെ ശ്രമം ആണിത്. വൈദ്യുതി നിയമം ഭേദഗതി ചെയ്യാൻ നിയതമായ മുൻ മാതൃകകൾ ഉണ്ടെന്നിരിക്കെ ആയത് പരിഗണിക്കാതെയും വിവരങ്ങൾ പൊതുജനമധ്യത്തിൽ നൽകാതെയും ഉപഭോക്താക്കളെയും, കർഷകരെയും പൊതുജനങ്ങളെയും ദോഷകരമായി ബാധിക്കുന്ന ഭേദഗതികൾ നടപ്പിലാക്കാനാണ് നീക്കം, പൊതുജനങ്ങൾക്ക് അക്ഷേപങ്ങളും അഭിപ്രായങ്ങളും ഉന്നയിക്കാൻ മതിയായ സമയം നൽകി വേണം ഭേദഗതി നിയമം പരിഗണിക്കേണ്ടത്. നിരന്തരമായി അഭ്യർത്ഥനകളും നിവേദനങ്ങളും നൽകിയിട്ടും ഊർജ്ജമന്ത്രാലയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നിയമഭേദഗതി പൊതുമദ്ധ്യത്തിൽ സമർപ്പിക്കാനോ ജനങ്ങളുടെ അഭിപ്രായങ്ങളും എതിർപ്പുകളും

രേഖപ്പെടുത്താനോ അവസരം നൽകുന്നുമില്ല.

2022-ലെ വൈദ്യുതി ഭേദഗതി ബില്ലിലൂടെ നിർണ്ണായക മാറ്റങ്ങൾ അവതരിപ്പിച്ചപ്പോൾ അതിന് ഉപോദ്ബലമായ കാരണങ്ങളും ലക്ഷ്യങ്ങളും പ്രതിപാദിച്ചുകണ്ടില്ല. തുടക്കം മുതൽ അപൂർണ്ണമായ നടപടിക്രമങ്ങൾ പാലിച്ചുവന്ന ഊർജ്ജമന്ത്രാലയം തിരക്ക് പിടിച്ച് ആഗസ്റ്റ് 2-ാം തീയതി കാരണങ്ങളും ലക്ഷ്യങ്ങളും കരട് ബില്ലിൽ കൂട്ടിചേർക്കുകയാണുണ്ടായത്. അങ്ങനെ തൽപരകക്ഷികൾക്ക് ആർക്കും അഭിപ്രായങ്ങളും എതിർപ്പുകളും പ്രകടിപ്പിക്കാൻ അവസരം നൽകിയില്ല.

ഊർജ്ജമന്ത്രാലയത്തിന്റെ മേൽ വിവരിച്ച നടപടിയിലൂടെ താത്പര്യകക്ഷികളുമായി കൂടിയാലോചന നടത്താതെ ഭേദഗതി നിയമം ഏകപക്ഷീയമായി അടിച്ചേൽപ്പിക്കാനുള്ള നീക്കമാണ് നടക്കുന്നത്. ബഹുമാനപ്പെട്ട സുപ്രീം കോടതി 11.4.2017-ലെ വിധി പ്രസ്താവനയിലൂടെ ഭേദഗതി നിയമം നടപ്പിലാക്കേണ്ട നടപടി ക്രമങ്ങൾ വിശദമായി വിവരിച്ചിട്ടുണ്ട്. നിയമപരമായ നിർദ്ദേശം അവഗണിച്ചിട്ടാണ് സർക്കാർ 2022-ലെ ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

മറ്റൊരു പ്രധാന വിഷയം ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമായിരുന്നിട്ടുകൂടി സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങളെ ഉൾക്കൊള്ളാതെ നിയമവിരുദ്ധമായിട്ടാണ് ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ഭരണഘടന നൽകുന്ന ഉറപ്പ് പ്രകാരം മുഴുവൻ ഉപഭോക്താക്കൾക്കും വൈദ്യുതി നൽകാൻ ബാദ്ധ്യസ്ഥരായ സംസ്ഥാന സർക്കാരുകളെയും ഈ ഭേദഗതി വഴി ഏറ്റവും അധികം ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്ന ഉപഭോക്താക്കളെയും അവഗണിച്ചുകൊണ്ടാണ് ഈ നിയമ നിർമ്മാണം നടക്കുന്നത്. 13 ബി.ജെ.പി ഇതര സംസ്ഥാനങ്ങൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടും അത് പരിഗണിക്കാതെയാണ് 2022 ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

വൈദ്യുതി കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും അധികാരപരിധിയിൽ വരുന്ന വിഷയമായത്കൊണ്ട് ഇരുകൂട്ടർക്കും നിയമ നിർമ്മാണം നടത്താനുള്ള അധികാരമുണ്ട്. പക്ഷേ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി സംസ്ഥാന സർക്കാരുകളുടെ അധികാരം ഇല്ലായ്മ ചെയ്യാനും കേന്ദ്ര ഗവൺമെന്റും അതിന്റെ ഏജൻസികളിലേക്കും അധികാരം കേന്ദ്രീകരിക്കാനുള്ള ശ്രമമാണുണ്ടായിട്ടുള്ളത്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി അന്തർ സംസ്ഥാന വിതരണ രജിസ്ട്രേഷൻ അനുവദിക്കുകവഴി സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനുകളുടെ അധികാരം വെട്ടിക്കുറയ്ക്കുകയും വൈദ്യുതി വിതരണ വിഭാഗത്തിന്റെ പരിപാലന ചുമതല സംസ്ഥാനങ്ങളുടെ ബാദ്ധ്യതയായി തീരുകയും ചെയ്യും.

ഭരണഘടനയുടെ അനുച്ഛേദം 19(6) പ്രകാരമാണ് സംസ്ഥാന വൈദ്യുതി ബോർഡുകൾ രൂപീകരിക്കപ്പെട്ടത്. അനുച്ഛേദം 12 പ്രകാരം അത് പൂർണ്ണമായും സംസ്ഥാനങ്ങളുടെ നിയന്ത്രണത്തിലുള്ളതാണ്. ഭരണഘടനയുടെ നിർദ്ദേശതത്വങ്ങൾ പ്രകാരം സംസ്ഥാന വൈദ്യുതി യൂട്ടിലിറ്റികൾക്ക് അതാത് സംസ്ഥാനങ്ങളിലെ ക്ഷേമബാധ്യതകൾ ഏറ്റെടുത്ത് നിറവേറ്റപ്പെടാൻ ഉത്തരവാദിത്വമുണ്ട്. വരുമാനത്തിലെ അനുപാദം കുറച്ച് അസമത്വം ഒഴിവാക്കുന്നതും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അനുച്ഛേദം 31(2) പ്രകാരം വിഭവങ്ങളുടെ പൊതുഉടമസ്ഥയും നിയന്ത്രണവും ധനത്തിന്റെ കേന്ദ്രീകരണത്തെ തടയുകയും അതുവഴി പൊതുനന്മ ഉറപ്പുവരുത്തുന്നതാണെന്ന് പ്രസ്താവിച്ചിട്ടുള്ളത്.

കർഷക സമരം പിൻവലിക്കാൻ സംയുക്ത കിസാൻ മോർച്ച (SKM) യ്ക്ക് നൽകിയ ഉറപ്പിൽ വൈദ്യുതി ഭേദഗതി ബില്ല് എല്ലാ താത്പര്യകക്ഷികളും കർഷക സംഘടനകളും സംസ്ഥാന സർക്കാർ ഉൾപ്പെടെ ചർച്ച ചെയ്ത് മാത്രമേ അവതരിപ്പിക്കൂ എന്നു പറഞ്ഞിരുന്നു. നിർഭാഗ്യവശാൽ അതിൽ നിന്നും പിൻവലിഞ്ഞുകൊണ്ടാണ് പാർലമെന്റിൽ 2022-ലെ ഭേദഗതി അവതരിപ്പിച്ചത്. ഈ ബില്ല് സംസ്ഥാന സർക്കാരുകളുടെയും വൈദ്യുതി യൂട്ടിലിറ്റികളുടെയും, ഉപഭോക്തൃ വിഭാഗങ്ങളുടെയും താത്പര്യം ഹനിക്കുന്നതാണ്.

ഈ ഭേദഗതി ഡിസ്ട്രിബ്യൂഷൻ ലൈസൻസിക്ക് പകരമായി ഡിസ്ട്രിബ്യൂഷൻ കമ്പനി സൃഷ്ടിക്കുകയും അതുവഴി ലൈസൻസ് നേടുക എന്ന നടപടിക്രമത്തെ ഇല്ലായ്മ ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ഈ സ്ഥിതി വിശേഷം സ്വകാര്യ കമ്പനികൾ വിതരണ മേഖലയിലേക്ക് അനായാസം കടന്നുവന്ന്. അഴിമതിയും പക്ഷപാതിത്വവും വഴി ഉപഭോക്താക്കളെ ദുരിതത്തിൽ ആക്കുകയും ചെയ്യും. നിർദ്ദിഷ്ട ഭേദഗതി വൈദ്യുതി വിതരണത്തിന്റെ ലൈസൻസിംഗ് ഇല്ലാതാക്കുകവഴി നിലവിൽ ലാഭമുള്ള മേഖലകളുടെ സ്വകാര്യവൽക്കരണത്തിനു കാരണമാവുകയും ചെയ്യും.



**ഭരണഘടനാ വ്യവസ്ഥകൾക്കും, ഫെഡറൽ തത്വങ്ങൾക്കും എതിരായുള്ളതും ജനങ്ങൾക്കും കർഷകർക്കും ദുർബല വിഭാഗങ്ങൾക്കും വിനാശകരമാകുന്നതും പൊതുമേഖലയെ തകർക്കുന്നതുമായ ബിൽ 2002 ലെ വ്യവസ്ഥകൾ ഒഴിവാക്കണമെന്നും സമൂഹത്തിനാകെ ആപ്തകരമായ വൈദ്യുതി ഭേദഗതി നിർദേശങ്ങൾ പിൻവലിക്കണമെന്നും ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസിന്റെ പേരിൽ ആവശ്യപ്പെടുന്നു.**

കഴിഞ്ഞ ഏഴ് ദശകത്തെ പ്രവർത്തനം വഴി സംസ്ഥാന വൈദ്യുതി യൂട്ടിലിറ്റികൾ രാജ്യത്തിന്റെ ഗ്രാമീണ-വിദൂര മേഖലകളിൽ വൈദ്യുതി താങ്ങാവുന്ന വിലയ്ക്ക് എത്തിക്കുകയും അത് വഴി കാർഷിക മേഖല വളർത്തി ഭക്ഷ്യ ഉത്പാദനത്തിൽ സ്വയം പര്യാപ്തനേടാൻ കഴിഞ്ഞു എന്നത് നിസ്തർക്കമാണ്. ചെറുകിട വ്യാപാരികളും സാധാരണക്കാരും അതിന്റെ ഗുണഭോക്താക്കളായി. സബ്സിഡി വൈദ്യുതിയും, ക്രോസ് സബ്സിഡിയുള്ള താരിഫും വഴിയാണ് സമൂഹത്തിന്റെ വിഭിന്ന വിഭാഗങ്ങൾ ഇതിന്റെ ഗുണഭോക്താക്കളായി മാറിയത്. നിർദ്ദിഷ്ട വൈദ്യുതി ഭേദഗതി ക്രോസ്

സബ്സിഡി പൂർണ്ണമായി ഇല്ലാതാക്കും.

നിർദ്ദിഷ്ട ഭേദഗതി മേഖല, സംസ്ഥാന ലോഡ് ഡെസ്പാച്ച് കേന്ദ്രങ്ങളിൽ മതിയായ കരുതൽ തുക നൽകാത്ത പക്ഷം വിതരണ കമ്പനികൾക്ക് വൈദ്യുതി നൽകുന്നതിൽ നിന്നും വിലക്കേർപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ ഗ്രിഡുകളുടെ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ പാലിക്കാൻ ചുമതലപ്പെട്ടിരുന്ന മേഖല സംസ്ഥാന ലോഡ് ഡെസ്പാച്ച് സെന്റുകൾക്ക് നാളിതുവരെ അവരെ ഏൽപ്പിട്ടില്ലാതെ മറ്റൊരു സുപ്രധാന മേഖലയുടെ ചുമതല നൽകിയിരിക്കുകയാണ്. ലോഡ് ഡെസ്പാച്ച് സെന്ററുകൾക്ക് സാമ്പത്തിക ചുമതല നൽകുകവഴി വിതരണത്തിന്റെ താളപ്പിഴക്ക് കാരണമാവുകയും സംസ്ഥാന വിതരണ കമ്പനികൾ മുൻകൂട്ടി പണം നൽകിയാൽ മാത്രമേ വൈദ്യുതി കടന്നുവരുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുകയുള്ളു. ഇത് സംസ്ഥാനങ്ങളെയും ഉപഭോക്താക്കളെയും ദോഷകരമായി ബാധിക്കും.

നിർദ്ദിഷ്ട വൈദ്യുതി നിയമത്തിന്റെ പ്രത്യാഘാതങ്ങൾ ഇങ്ങനെ ചുരുക്കാം.

1. സംസ്ഥാന വിതരണ കമ്പനികളുടെ സാമ്പത്തിക ദൃഢത തകർക്കും.
2. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി മോശമാകും.
3. നിലവിലെ സബ്സിഡി വൈദ്യുതി ഉപയോഗിക്കുന്ന സാധാരണക്കാരെയും പ്രത്യേകിച്ച് കർഷകരും വലിയ വിലയ്ക്ക് വൈദ്യുതി വാങ്ങാൻ നിർബന്ധിതരാവുകയും ഈ ഭേദഗതി വൻകിട കോർപ്പറേറ്റുകളെ സഹായിക്കുകയും ചെയ്യും.
4. വൈദ്യുതി യൂട്ടിലിറ്റികളിൽ പണിയെടുക്കുന്ന ജീവനക്കാർക്ക് മൊത്തത്തിൽ ദോഷകരമായി തീരും.

നിർദ്ദിഷ്ട ഭേദഗതി വിതരണ കമ്പനികളുടെ മരണമണിയാണ്. അത് സ്വകാര്യ കമ്പനികൾക്ക് ചുവപ്പ് പരവതാനി വിരിച്ച് കൊണ്ടുവരുകയും നാളിതുവരെ വൈദ്യുതി കമ്പനികൾ സൃഷ്ടിച്ച കോടാനുകോടി വിലവരുന്ന വിതരണ ശൃംഖല ചുളുവിലയ്ക്ക് സ്വകാര്യകമ്പനികൾക്ക് തട്ടിയെടുക്കാൻ അവസരം ഉണ്ടാകുകയും ചെയ്യും.

ഈ നിയമഭേദഗതിയുടെ പ്രധാന ഉദ്ദേശ്യം വിതരണ കമ്പനികളെ സ്വകാര്യവൽക്കരിക്കുകയും സാമ്പത്തികമായി ഇപ്പോൾതന്നെ ബുദ്ധിമുട്ടുന്ന വിതരണ കമ്പനികളെ പീഡിത വ്യവസായം ആക്കുകയും സ്വാതന്ത്ര്യാനന്തരം പൊതുമുതൽ കൊണ്ട് പടുത്തുയർത്തിയ കോടിക്കണക്ക് മൂല്യമുള്ള വിതരണ ശൃംഖല സ്വകാര്യകുത്തകൾക്ക് തീറെഴുതി നൽകുവാൻ വേണ്ടിയുള്ളതാണ്. പുതിയതായി കടന്നുവരുന്ന സ്വകാര്യ വിതരണ കമ്പനികൾക്ക് വിതരണ ശൃംഖല നിർമ്മിക്കാൻ വേണ്ടി നയാപൈസ ചിലവാക്കേണ്ടിവരില്ല. അവർ തുച്ഛമായ വിലയ്ക്ക് വൈദ്യുതി ശൃംഖല കൈക്കലാക്കുന്ന ഗതികേടിലേക്ക് സംസ്ഥാന വിതരണ കമ്പനികളെ എത്തിക്കുകയാണ് ലക്ഷ്യം. വിതരണ ശൃംഖലയും പരിപാലനവും കൂട്ടിച്ചേർക്കലും സംസ്ഥാന വിതരണ കമ്പനികളുടെ ചുമതലയായി മാറുമ്പോൾ വൈദ്യുതി വിറ്റ് ലാഭം കൊ



യ്യാൻ വേണ്ടി മാത്രം സ്വകാര്യ വിതരണ കമ്പനികൾ ഉണ്ടാവും.

## ഉപഭോക്താക്കൾക്ക് ഉണ്ടാവുന്ന പ്രതികൂല ഫലങ്ങൾ

1. ബഹുമാനപ്പെട്ട ഉർജ്ജമന്ത്രിയുടെ പ്രസ്താവനയിൽ പറയുന്നത് ക്രോസ് സബ്സിഡി 20 ശതമാനത്തിൽ കൂടാൻ പാടില്ല എന്നാണ്. അതിന്റെ അർത്ഥം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉപഭോക്താവിന്റെ വൈദ്യുതി വിലയും ഇന്ത്യയിലെ കോടീശ്വരൻമാരുടെ വൈദ്യുതി വിലയും തമ്മിൽ 20 ശതമാനത്തിൽ കൂടുതൽ വ്യതിയാനം ഉണ്ടാവാൻ പാടില്ല എന്നാണ്.
2. വിതരണ കമ്പനികൾ നൽകുന്ന താരിഫ് ബനിഫിറ്റുകളിൽ 30 ദിവസത്തിനുള്ളള്ളിൽ ചുമതലപ്പെട്ട അധികാരികൾ തീരുമാനമെടുക്കാത്ത പക്ഷം വിതരണ കമ്പനികൾ നൽകിയ താരിഫ് ഏകപക്ഷീയമായി നിലവിൽ വരും.
3. താരിഫ് പരിഷ്കരണ സമിതികൾക്ക് സ്വമേധയാ താരിഫ് പരിഷ്കരണാധികാരം
4. ഒരോ വർഷവും പുതുക്കിയ താരിഫുകൾ
5. താരിഫ് നിർണ്ണയ അപേക്ഷ സമർപ്പിക്കാനായി നിശ്ചയിച്ച് അവസാന തീയതി കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ വിതരണ കമ്പനി അപേക്ഷ സമർപ്പിക്കാത്ത പക്ഷം കമ്മീഷൻ താരീഫ് റിവിനുള്ള നടപടികൾ ആരംഭിക്കും.
6. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഉയർന്ന വൈദ്യുതി ചാർജ്ജ് നിലവിൽവരും.
7. കറന്റ് കൊണ്ടുവരാൻ വേണ്ടി നൽകേണ്ടി വരുന്ന വീലിംഗ് ചാർജ്ജ് നിലവിൽ വരും. ഇപ്പോൾ തന്നെ മുബൈയിൽ 1.88 പൈസയും 1.46 പൈസയും റ്റാറ്റയും അദാനിയും ഉപഭോക്താക്കളിൽ നിന്നും കറന്റ് ചാർജിനോടൊപ്പം ഈടാക്കി വരുന്നു.
8. ഉപഭോഗം കുറവുള്ള സ്ഥലങ്ങളിൽ വൈദ്യുതി ലഭ്യതയുടെ കുറവും ആമേലകൾക്ക് അവഗണനയും ഉണ്ടാവും.
9. സംസ്ഥാന സർക്കാരുകൾക്ക് സാമൂഹിക ബാദ്ധ്യത നിറവേറ്റാൻ പിന്നോക്ക സ്ഥിയിലുള്ളതും വിദൂരവുമായ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുവാൻ അധിക ചിലവ് വഹിക്കേണ്ടിവരും.

## വിതരണ കമ്പനികൾക്കുണ്ടാവുന്ന ഭവിഷ്യത്തുകൾ

1. ഒന്നിലധികം വിതരണ കമ്പനികൾ ഈ മേഖലയിൽ കടന്നുവരുന്നത് മൂലം പൊതുമേഖയിലുള്ള വിതരണ കമ്പനികൾ സ്വകാര്യവൽക്കരിക്കപ്പെടും.
2. ഉയർന്ന തോതിൽ ഉപഭോഗം ഉള്ള മേഖലകൾ സ്വകാര്യ സംരകൾ കൈയ്യിലാക്കും
3. ഒന്നിലധികം വിതരണ കമ്പനികൾ ഒരേ മേഖലയിൽ പ്രവർത്തിക്കുമ്പോൾ റഗുലേറ്ററി കമ്മീഷനുകൾ വിതരണ കമ്പനികൾ നൽകുന്ന ഡാറ്റാ ചെയ്ഞ്ച് സീലിംഗ് റേറ്റ് നിശ്ചയിക്കും.
4. ടെലിക്കോാം മേഖലയിൽ സംഭവിച്ചതുപോലെ തുടക്ക സമയത്ത് വലിയ ഉപഭോക്താക്കൾക്ക് സ്വകാ

# NCCOEEE ജില്ലാ സമരപ്രഖ്യാപന കൺവെൻഷനുകൾ




*തൃശൂർ – അധ്യക്ഷൻ: കെ.ജി. ശിവാനന്ദൻ എ.ഐ.ടി.യു.സി സംസ്ഥാന വൈസ് പ്രസിഡന്റ്*




*വയനാട് – ഉദ്ഘാടനം: ഗഗാറിൻ സിഐടിയു വയനാട് ജില്ലാ ട്രഷറർ*




*ഇടുക്കി – അഭിവാദ്യം: പൊന്നൂസ് മാത്യു, ജില്ലാ സെക്രട്ടറി, KEWF*

19




WFTU വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശേഷം കേരളത്തിലെത്തിയ അമർജിത് കൗറിന് തിരുവനന്തപുരം വിമാനത്താവളത്തിൽ നൽകിയ സ്വീകരണം




സി.പി.ഐ 24-ാം പാർട്ടി കോൺഗ്രസ് വേദിയിൽ മൈം അവതരിപ്പിച്ച കൊല്ലം ഇലക്ട്രിസിറ്റി ബ്രാഞ്ചിലെ സഖാക്കൾ




വൈദ്യുതി മേഖലാ സംരക്ഷണ ചങ്ങലയ്ക്ക് എ.ഐ.ടി.യു.സി യുടെ അഭിവാദ്യം




വൈദ്യുതി മേഖലാ സംരക്ഷണ ചങ്ങലയ്ക്ക് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയന്റെ അഭിവാദ്യം



ഓഗസ്റ്റ് 2 ന് ഡൽഹിയിൽ നടന്ന NCCOEEE ദേശീയ കൺവെൻഷനിൽ ബിനോയ് വിശ്വം എം.പി യോടൊപ്പം AIFEE നേതാക്കൾ



ഓഗസ്റ്റ് 2 ന് ഡൽഹിയിൽ നടന്ന NCCOEEE ദേശീയ കൺവെൻഷനിൽ കേരള നേതാക്കൾ



വിജയവാഡയിൽ നടന്ന AIFEE 60-ാം വാർഷിക വേദിയിൽ ദേശീയ നേതാക്കൾ



വിജയവാഡയിൽ നടന്ന AIFEE ജനറൽ കൗൺസിൽ യോഗത്തിൽ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി വി.ജെ. കുര്യാക്കോസ് സംസാരിക്കുന്നു.

# എ.എൻ. രാജൻ അനുസ്മരണം




*തൃശൂർ – ഉദ്ഘാടനം: കെ.പി. രാജേന്ദ്രൻ, എ.ഐ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി*






*ഫെഡറേഷൻ കേന്ദ്ര ഓഫീസായ ജെ. ചിത്തരഞ്ജൻ സ്മാരക മന്ദിരത്തിൽ എ.എൻ. രാജന്റെ ഫോട്ടോ അനാഛാദനം ചെയ്യുന്നു.*




*മലപ്പുറം എ.എൻ. രാജൻ അനുസ്മരണം – ഉദ്ഘാടനം: പി. സുബ്രഹ്മണ്യൻ, എ.ഐ.ടി.യു.സി സംസ്ഥാന വൈസ് പ്രസിഡന്റ്*




*കാസറഗോഡ് – എ.എൻ. രാജൻ ദിനത്തിൽ ന്യൂ മലബാർ പുനരധിവാസ കേന്ദ്രത്തിന് സംസ്ഥാന സെക്രട്ടറി സദർ റിയാസ് മെഡിക്കൽ ഉപകരണങ്ങൾ നൽകുന്നു.*

ര്യകമ്പനികൾ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച് അവരുടെ വരുതിയിലാക്കും.

5. പൊതു ഉടമയിലുള്ള വിതരണ കമ്പനികൾ അവരിൽ നിക്ഷിപ്തമായ സാമൂഹിക ഉത്തരവാദിത്വംമൂലം എല്ലായിടത്തും വൈദ്യൂതിഎത്തിക്കേണ്ടതാലും വളരെയേറെ ഉപഭോക്തകൾക്ക് സേവനം നൽകേണ്ടതാലും മുൻകാലങ്ങളിൽ സൃഷ്ടിക്കപ്പെട്ട ബാദ്ധ്യതമൂലം മത്സരത്തിൽ പിൻതള്ളപ്പെട്ടു പോകും.
6. പൊതു ഉടമയിലുള്ള വിതരണ കമ്പനികൾ ലാഭകരമല്ലാത്തതും വിദൂരത്തുള്ളതുമായ ഉപഭോക്താക്കൾക്കു മാത്രം സേവനം നൽകുന്നവരായിചുരുങ്ങും
7. സംസ്ഥാന വിതരണ കമ്പനിയുടെ ബാദ്ധ്യത സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനത്തിന് ബാദ്ധ്യതയായി മാറും.
8. സ്വകാര്യവൽക്കരണംമൂലം ജനങ്ങൾ ഉയർന്ന വൈദ്യൂതിചാർജ്ജ് സ്വകാര്യ കമ്പനികൾക്ക് നൽകേണ്ടതായും നികുതിവരുമാനത്തിലെ ചോർച്ചകൾക്കും പണം നൽകേണ്ട ഗതികേടി ലാവും.
9. സംസ്ഥാന വിതരണ കമ്പനിയുടെ നഷ്ടം കൂടുമ്പോൾ അവ പീഡിത വ്യവസായമായി മാറി. ഭാവിയിൽ അവയെ തുച്ഛ വിലക്ക് സ്വകാര്യ കമ്പനികൾ വാങ്ങിയെടുക്കുകയും ചെയ്യും.

## മറ്റ് ഗുരുതര ഭവിഷ്യത്തുകൾ

1. കരുതൽ സെക്യൂരിറ്റിതുകയില്ലാതെ ദേശീയ ലോഡ് ഡെസ്പാച്ച് സെന്ററുകൾ വഴിവൈദ്യൂതി കടത്തിവിടില്ല.
2. നൽകേണ്ട തുക മുൻകൂർ ഗ്യാരന്റിയായി ലഭിക്കാത്തപക്ഷം വൈദ്യൂതിവിതരണം അവതാളത്തിലാകും.
3. സ്വകാര്യ കമ്പനികൾ ലാഭം പ്രതീക്ഷിച്ചുകൂടുതൽ ഉപഭോഗമുള്ള മേഖലകൾ കൈകലാക്കുമ്പോൾ സംസ്ഥാന വിതരണ കമ്പനികൾ സാമ്പത്തികമായികുഴപ്പത്തിലാകും
4. ലോഡ്ഡെസ്പാച്ച് സെന്ററുകൾക്ക് പണം നൽകാൻ വൈകിയാൽ സംസ്ഥാന വിതരണ കമ്പനികൾക്ക് വൈദ്യുതി ലഭ്യമല്ലാതെവരുകയും അവ കളം ഒഴിയേണ്ടതായുംവരും.



**നിർദ്ദിഷ്ട ഭേദഗതി വിതരണ കമ്പനികളുടെ മരണമണിയാണ്. അത് സ്വകാര്യ കമ്പനികൾക്ക് ചുവപ്പ് പരവതാനി വിരിച്ച് കൊണ്ടുവരുകയും നാളിതുവരെ വൈദ്യുതി കമ്പനികൾ സൃഷ്ടിച്ച കോടാനുകോടി വിലവരുന്ന വിതരണശൃംഖല ചുളുവിലയ്ക്ക് സ്വകാര്യകമ്പനികൾക്ക് തട്ടിയെടുക്കാൻ അവസരം ഉണ്ടാകുകയും ചെയ്യും.**

## നിയമലംഘനത്തിനു ഭീമമായ പിഴ

മുമ്പ് ഉണ്ടായിരുന്ന പിഴതുകകൾ 100 ഇരട്ടിയലധികം വർദ്ധിപ്പിച്ചിരിക്കുന്നു.

## മറ്റ്മേഖലകളിലെ ഭവിഷ്യത്തുക്കൾ

1. രാജ്യത്ത് സ്വകാര്യവിതരണ കമ്പനികളുടെ പിടിപ്പ് കേട് മൂലം രാജ്യത്താകമാനംഅവവൻനഷ്ടത്തിലാവുകയും ബാങ്കുകളിൽ നിന്നുംഎടുത്ത വായ്പകൾ കിട്ടാകടം ആയി മാറിയിരിക്കുന്നു.
2. പൊതുധനം കൊള്ളയടിക്കാൻ പാകത്തിന് മാറ്റങ്ങൾ രൂപപ്പെടുത്തുകയും അത് വഴി വൻകിട കോർപ്പറേറ്റുകൾക്ക് രാജ്യത്തിന്റെ ധനം തങ്ങളുടെ അധീനതയിലാക്കുവാൻ സാധിക്കുന്നു.

## ഭരണഘടനയിലെ പൊതുവിഷയം

1. ഭരണഘടനയുടെ 7-10 ഖണ്ഡത്തിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനുംതുല്യാവകാശമുള്ളപൊതു വിഷയമാണ് വൈദ്യുതി. എന്നാൽ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്തിന്റെ അധികാരം കവർന്നെടുക്കാനുള്ള അവകാശമാണ് ഈ ഭേദഗതിയിലുള്ളത്.
2. പൊതുവിഷയം എന്ന നിലയിൽസംസ്ഥാനത്തിനും കേന്ദ്രത്തിനും നിയമം നിർമ്മിക്കാൻ അവകാശംഉണ്ട്.
3. ബില്ല് അവതരിപ്പിക്കുമ്പോൾ സംസ്ഥാനങ്ങളുടെ അഭിപ്രായംതേടിയിട്ടില്ല
4. പന്ത്രണ്ട് സംസ്ഥാനങ്ങൾ ഈ നിയമങ്ങളെ പരസ്യമായിഎതിർക്കുന്നു. എന്നാൽഇവരുടെഎതിർപ്പിനെ വകവെയ്ക്കാതെയാണ് ഈ നിയമനിർമ്മാണം.
5. കേരളം, തെലങ്കാന, പഞ്ചാബ്എന്നീ സംസ്ഥാനങ്ങൾ നിയമം പിൻവലിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.
6. പൊതുവിഭാഗത്തിൽപെട്ട വിഷയമായ വൈദ്യുതി സെൻട്രൽ സബ്ജറ്റ് ആക്കി മാറ്റാനുള്ള നിഗൂഢാനീക്കെത്തിരെ.

## എന്തുകൊണ്ട് ഞങ്ങളും NCCOEE യും ഈ ഭേദഗതിയെയും വൈദ്യുതി സ്വകാര്യവൽക്കരണത്തെയും എതിർക്കുന്നു

1. അടിസ്ഥാന വീക്ഷണത്തിലെ ഭിന്നത
2. ഇന്ത്യാ ഗവർൺമെന്റ് വൈദ്യുതിയെ ചരക്കായി കണക്കാക്കുന്നു.
3. വൈദ്യുതി ജീവനക്കാരും എൻജിനിയർമാരും വൈദ്യുതിയെ സേവനമായി കണക്കാക്കുന്നു. ഇലക്ട്രിസിറ്റി കണക്ഷനെ സർവ്വീസ് കണക്ഷൻ എന്ന് വിളിക്കുമ്പോൾ അതിന് പിന്നിലെ ഉദ്ദേശ്യത്തെ ബോദ്ധ്യമുള്ളതു കൊണ്ടാണ്.
4. വൈദ്യുതി എല്ലാ വ്യവസായത്തിന്റെയും മാതൃവ്യവസായമാണ്. അതിന്റെ ലഭ്യത ആശ്രയിച്ചാണ് മറ്റ് മേഖലകളുടെ നിലനിൽപ്പ്
5. വൈദ്യുതി ലഭ്യത മൗലികാവകാശമായി കണക്കാക്കുക.
6. വൈദ്യുതി എന്ന ഏറ്റവും അത്യാവശ്യവസ്തു ഇല്ലാതെയുള്ള ജീവിതം 21-ാം നൂറ്റാണ്ടിലെ മനുഷ്യനു ചിന്തിക്കാൻ പോലും സാധിക്കാത്തതാണ്.
7. ഈ അടിസ്ഥാനരംഗം നിറവേറ്റാനുള്ള സാമൂഹിക ഉത്തരവാദിത്വത്തിൽ നിന്നും കൈകഴുകി പൂർണ്ണമായും സ്വകാര്യ വിതരണ കമ്പനികളെ ഏല്പിക്കാനാണ് കേ



ന്ദ്രം നീക്കം നടത്തിവരുന്നത്.

8. ജനങ്ങളുടെ അടിസ്ഥാന ആവശ്യം സ്വകാര്യ കമ്പനികൾക്ക് ലാഭം ഉണ്ടാക്കാനുള്ള രംഗമാക്കി മാറ്റാൻ പാടില്ല.
9. ഇന്ത്യ വിശാലവും വൈവിദ്ധ്യവും നിറഞ്ഞ നാടാണ്. അതുകൊണ്ട് രാജ്യത്തിന്റെ എല്ലായിടത്തും ഒറ്റ പദ്ധതി എന്നത് അപ്രായോഗികമാണ്. സമ്മിശ്ര ഉപഭോക്തൃ വിഭാഗങ്ങളും വിവിധ സംസ്ഥാനങ്ങളിലെ വെല്ലുവിളികളും, നേട്ടങ്ങളും ഇതിലേക്കാണ് വിരൽചൂണ്ടുന്നത്.
10. **ജനവിരുദ്ധ നിയമം:** കൂടിയവൈദ്യുതി നിരക്ക്, ഊതിപെരുപ്പിച്ച ബില്ലുകൾ ഗ്രാമങ്ങൾക്കും വിദൂര സ്ഥലങ്ങൾക്കുംമോശംസേവനം അതാണീ നിയമത്തിന്റെ മുഖമുദ്ര
11. **സാമൂഹ്യ വിരുദ്ധമാണീനിയമം:** പൊതു ഖജനാവിലെ തുക കൊണ്ട്പടുത്തുയർത്തിയ ലക്ഷംകോടിരൂപയുടെ സമ്പത്തുക്കളുടെ നശീകരണം ഈ നിയമംമുന്നോട്ടു വെയ്ക്കുന്നു.
12. **തൊഴിലാളി വിരുദ്ധമാണീ നിയമം**

15 ലക്ഷത്തോളം സ്ഥിരതൊഴിലാളികളുടെയും 12 ലക്ഷത്തോളം കരാർ ജീവനക്കാരുടെയും തൊഴിൽ അപകടത്തിൽപ്പെടുത്തുന്നു.

### 2022 ഭേദഗതിയുടെ ഭവിഷ്യത്തുക്കൾ

1. കർഷകർക്കുള്ള സബ്സിഡി നിർത്തലാക്കും
2. ഈ ഭേദഗതി സബ്സിഡി നേരിട്ട് കൊടുക്കുന്ന സംവിധാനം (Direct Benefit Transfer of Electricity Subsidy) കൊണ്ട് വരാൻ വിഭാവനം ചെയ്യുന്നു.
3. ചിലവ് നേരിട്ട് പ്രതിഫലിക്കുന്ന താരിഫുകൾ
4. സംസ്ഥാന വിതരണ കമ്പനികൾക്ക് സാർവത്രികമായി വൈദ്യുതി എത്തിക്കേണ്ട നിയമ ബാദ്ധ്യതയുണ്ട്. വിദൂരത്തിലുള്ളതും, ദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കും ചെറുകിടക്കാർക്കും വൈദ്യുതി നിഷേധിക്കാനാവില്ല. എന്നാൽ സ്വകാര്യ വിതരണ കമ്പനികൾക്ക് അത്തരം ബാദ്ധ്യതയില്ല. അവർ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന മേഖലയും ഉപഭോക്താക്കളെയുംഅവർക്ക്തിരഞ്ഞെടുക്കാൻ സാധിക്കും. സ്വകാര്യസംരംഭകർ വലിയ ഉപഭോക്താക്കളെയും, ലാഭകരമായതും എളുപ്പത്തിൽ സേവനം നൽകുന്നവരെയും തെരഞ്ഞെടുക്കും അങ്ങനെ ഭേദഗതിയിൽ പറഞ്ഞതിനു നേർ എതിരായി ഉപഭോക്താവിനു സേവനദാതാവിനെ തെരഞ്ഞെടുക്കാനുള്ള അവസരമല്ല. മറിച്ച് സേവനദാതാവിന് ഉപഭോക്താവിനെ തെരഞ്ഞെടുക്കാനുള്ള അവസരമാണ് ഉണ്ടാവുന്നത്. വിതരണക്കാരന് ഉപഭോക്താവിനെയാണ് തിരഞ്ഞെടുക്കുവാനുള്ള അവസരം മറിച്ച് ഉപഭോക്താവിനല്ല.
5. വൈദ്യൂതി സ്വകാര്യവൽക്കരണം കുത്തകവൽക്കരണത്തിനു വഴിവെയ്ക്കും.
6. ലോകത്ത് ഒരിടത്ത്പോലും ഒരു ഉപഭോക്താവിന് തെരഞ്ഞെടുക്കാനുള്ള അവകാശമില്ല മറിച്ച് ഓരോമേഖലയിലും ഒരു കുത്തക കമ്പനിയാണ് വിതരണക്കാരനാവുക.
7. ഭേദഗതി ബില്ലിൽ ഒരിടത്തും സാമൂഹികസേവനഫണ്ട് (Universal Service Obligation Fund) നെ കുറിച്ച് പ്രതിപാദിക്കുന്നില്ല.
8. വൈദ്യുതി സ്വകാര്യവൽക്കരിക്കുന്നതോട്കൂടി ഗ്രാമീണമേഖലയിലും വിദൂരമേഖലയിലും വൈദ്യുതി വിതരണം താളംതെറ്റുകയും അവിടെ നൽകുന്ന സേവനങ്ങൾക്ക് ചിലവുകളും കൂടും.
9. ഒരു സ്വകാര്യസംരംഭകരും കർഷകരുടെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റാൻ തയ്യാറാവില്ല

AIFEE ഈ ബില്ലിൽ ഉയർത്തിയിരിക്കുന്ന വിഷയങ്ങൾ സമഗ്രമായി പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കിയത്.

ഈ ഭേദഗതി ഉപഭോക്തൃവിഭാഗങ്ങൾക്കും, കർഷകർക്കും ചെറുകിട വ്യാപാരികൾക്കും, സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെയും സംസ്ഥാനങ്ങളുടെയും പൊതുവിതരണ കമ്പനികളുടെയും സാമ്പത്തികസ്ഥിതിയെ ദോഷകരമായി ബാധിക്കുമെന്നാണ് ഭരണഘടനയുടെ അന്തസത്തയ്ക്ക് എതിരായുള്ളതാണ് ഈ ഭേദഗതികൾ.

വൈദ്യുതമേഖല സ്വകാര്യവൽക്കരണം രാജ്യത്തെ വ്യവസായങ്ങൾക്കും, ആസ്തികളുടെ വിവേചനരഹിതമായ വിറ്റഴിക്കൽ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ദോഷകരമാണ്. പൊതുമുതലിന്റെ വിറ്റഴിക്കൽ കുത്തകകളുടെ കൈയിലേക്ക് സമ്പത്ത് കുന്നുകൂടാൻ ഇടയാക്കിയിരിക്കുന്നു. നാളിതുവരെ വൈദ്യുതിമേഖലയിൽ നടത്തിയ സ്വകാര്യവൽക്കരണ നടപടികൾ പൂർണ്ണപരാജയമായിരിക്കെ ഞങ്ങൾ ബഹുമാനപ്പെട്ട സ്ഥിരംസമിതിചെയർമാനോടും അംഗങ്ങളോടും ഈ വിഷയങ്ങൾ കണക്കിലെടുത്ത് സംസ്ഥാനങ്ങളുമായും, കർഷകരുമായും ദരിദ്രവിഭാഗങ്ങളുമായും പൊതുമേഖലകമ്പനികളുമായും ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭരണഘടനാ വ്യവസ്ഥകൾക്കും, ഫെഡറൽ തത്വങ്ങൾക്കും എതിരായുള്ളതും ജനങ്ങൾക്കും കർഷകർക്കും ദുർബല വിഭാഗങ്ങൾക്കും വിനാശകരമാകുന്നതും പൊതുമേഖലയെ തകർക്കുന്നതുമായ ബിൽ 2002 ലെ വ്യവസ്ഥകൾ ഒഴിവാക്കണമെന്നും സമൂഹത്തിനാകെ ആപ്തകരമായ വൈദ്യുതി ഭേദഗതി നിർദേശങ്ങൾ പിൻവലിക്കണമെന്നും ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസിന്റെ പേരിൽ ആവശ്യപ്പെടുന്നു. ആനുകൂല നടപടികൾ പ്രതീക്ഷിച്ചുകൊണ്ട്.■

***പരിഭാഷ: അജിത്പോൾ ലോറൽ***



ഒരു വഴി മാത്രമെ നമുക്ക് മുമ്പിലുള്ളൂ യോജിച്ച പോരാട്ടങ്ങളുടെയും ചെറുത്തു നിൽപ്പിന്റെയും എതിർപ്പിന്റെയും വഴി... ഈ യുദ്ധത്തിൽ മോദി നയിക്കുന്ന ഭരണത്തെ പരാജയപ്പെടുത്തുവാൻ ഇൻഡ്യയിലെ ജനങ്ങളുടെയും വൈദ്യുതി ഉപഭോക്താക്കളുടെയും ഐക്യദാർഢ്യവും സജീവ പങ്കാളിത്തവും ആവശ്യമാണ്.

# വൈദ്യുതി നിയമ ഭേദഗതി പോരാട്ട ഭൂമിയിൽ കരുത്തോടെ NCCOEEE

വൈദ്യുതി നിയമ ഭേദഗതി ബില്ല് ലോക്സഭയിൽ അവതരിപ്പിക്കപ്പെട്ടുകഴിഞ്ഞു. ഊർജ്ജ വകുപ്പിന്റെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്കായി അയച്ചിരിക്കുകയാണ്. 2013 മുതൽ കേന്ദ്രഗവൺമെന്റ് നടത്തി വന്ന ശ്രമം അതിന്റെ നിർണ്ണായക ഘട്ടത്തിൽ എത്തി നിൽക്കുന്നു. വൈദ്യുതി വിതരണ രംഗം സ്വകാര്യ മേഖലയ്ക്ക് തുറന്നു കൊടുക്കുകയാണ് ഭേദഗതിയുടെ കാതൽ. പൊതുമേഖലാ വൈദ്യുതി വിതരണ സ്ഥാപനങ്ങളുടെ ശൃംഖലകളും സംവിധാനങ്ങളും ഉപയോഗിച്ച് മുതൽ മുടക്ക്ഒന്നുംതന്നെയില്ലാതെലാഭംകൊയ്യുവാനുള്ള അവസരമാണ് സ്വകാര്യ കമ്പനികൾക്കും വ്യക്തികൾക്കുമായി ഒരുങ്ങുന്നത്. ക്രോസ് സബ്സിഡി സംവിധാനം തകർക്കുന്ന നിർദ്ദേശങ്ങളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്വാഭാവികമായി കാർഷിക, ഗാർഹിക, ഗ്രാമീണ മേഖലകൾക്കുള്ള സബ്സിഡികളും സൗജന്യങ്ങളും ഇല്ലാതാകും. ഇതു കൂടാതെ കാർഷിക മേഖലയുടെ സമ്പൂർണ്ണ തകർച്ചക്കും പുതിയ നിയമം വഴി വയ്ക്കും. പൊതുമേഖലാ വൈദ്യുതി വിതരണ കമ്പനികൾ വലിയ നഷ്ടം നേരിടുന്ന സാഹചര്യം ഉണ്ടാകും. അതുവഴി അവയുടെ തകർച്ചക്കും കാരണമാകും. നമ്മുടെ രാജ്യത്തിന്റെ സാമൂഹിക വികാസത്തിനും പുതിയ ഭേദഗതി തുരങ്കം വക്കും. സമ്പൂർണ്ണ വൈദ്യുതീകരണവും ഗ്രാമീണ വൈദ്യുതീകരണവുമൊക്കെ സ്വപ്നങ്ങളായി മാത്രം അവശേഷിക്കും.




വൈദ്യുതി നിയമ ഭേദഗതിക്കായി കേന്ദ്രഗവണ്മെന്റ് തയ്യാറായപ്പോഴെല്ലാം അതിനെതിരെ ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടു വരുവാനും National Co ordination Committee of Electricity Employees and Engineers (NCCOEEE) ക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഒരു ദശാബ്ദക്കാലം എണ്ണമറ്റ കാമ്പയിനുകളാണ് NCCOEEE ആഭിമുഖ്യത്തിൽ നടന്നത്. കൺവെൻഷനുകൾ, പ്രതിഷേധ റാലികൾ, ധർണ്ണകൾ, ലഘുലേഖ വിതരണം, കോർണർ മീറ്റിംഗുകൾ തുടങ്ങി ഏതാണ്ടെല്ലാപ്രതിഷേധമാർഗ്ഗങ്ങളുംഈ കാലയളവിൽ അവലംബിക്കപ്പെട്ടു. വൈദ്യുതി ജീവനക്കാരും പെൻഷൻകാരും മാത്രമല്ല വൈദ്യുതി ഉപഭോക്താക്കളും കർഷകരും ബഹുജനങ്ങളുമെല്ലാം പ്രസ്തുത പ്രതിഷേധ പരിപാടികളുടെ വിവിധ ഘട്ടങ്ങളിൽ പിൻതുണയുമായെത്തി. ഡൽഹിയിൽ നടന്ന ഐതിഹാസികമായ കർഷക സമരത്തിന്റെ പ്രധാന ആവശ്യങ്ങളിൽ ഒന്നായി വൈദ്യുതി നിയമ ഭേദഗതി ഉപേക്ഷിക്കൽ മാറിയത് വലിയ സ്വാധീനമാണ് സമൂഹത്തിന്റെ പൊതു ചിന്താമണ്ഡലത്തിൽ ഉണ്ടാക്കിയത്. നിയമഭേദഗതി പാർലമെന്റിൽ അവതരിപ്പിക്കുന്ന ദിവസം രാജ്യവ്യാപകമായി ഉർജ്ജമേഖലയിൽ പണിമുടക്ക് നടത്തും എന്ന പ്രഖ്യാപനം പരക്കെ സ്വാഗതം ചെയ്യപ്പെട്ടു.

പാർലമെന്റിന്റെ വർഷകാല സമ്മേളന കാലയളവിൽ ബിൽ അവതരിപ്പിച്ചേക്കും എന്ന കണക്കു കൂട്ടലിൽ NCCOEEE കൺവെൻഷൻ ആഗസ്റ്റ് 2-ാം തീയതി ചരിത്ര പ്രസിദ്ധമായ കോൺസ്റ്റിറ്റ്യൂഷൻ ക്ലബ് ഓഫ് ഇൻഡ്യയിലെ ഡപ്യൂട്ടി സ്പീക്കർ ഹാളിൽ നടന്നു. ഇൻഡ്യയുടെ എല്ലാ മേഖലകളിൽ നിന്നുമുള്ള പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുത്തു. വൈദ്യുത മേഖലയിലെ ഏറ്റവും വലിയ സംഘടനയായ All India Federation of Electricity Employees (AIFEE) കൺവെൻഷന്റെ മുഖ്യചുമതലക്കാരായിരുന്നു. AIPEF, EEFI, തുടങ്ങി

NCCOEE ലെ എല്ലാ ഘടക സംഘടനക ളുടെയും പ്രാതിനിധ്യം ഉണ്ടായിരുന്നു. കേരളത്തിൽ നിന്നും AIFEE യെ പ്രതിനി ധീകരിച്ച് സഖാക്കൾ എം.പി ഗോപകു മാർ (വൈസ് പ്രസിഡന്റ്, AIFEE) വി.ജെ. കുര്യാക്കോസ് (ഡപ്യൂട്ടി ജനറൽ സെ ക്രട്ടറി, AIFEE) എന്നിവർ പങ്കെടുത്തു. ബിൽ പാർലമെന്റിൽ അതരിപ്പിക്കുന്ന ദിവസം പണിമുടക്കിനും അനുബന്ധ ക്യാമ്പയിനുകൾക്കും കൺവെൻഷൻ ആഹ്വാനം ചെയ്തു. എം.പിമാരായ ബി നോയ് വിശ്വം, എളമരം കരീം എന്നിവർ കൺവൻഷനെ അഭിവാദ്യം ചെയ്തു സംസാരിച്ചു. AAP, DMK തുടങ്ങി പ്രതിപ ക്ഷ നിരയിലെ കക്ഷികളുടെ പ്രതിനിധി കളും സംയുക്ത കിസാൻ മോർച്ചയുടെ പ്രതിനിധിയും കൺവൻഷന് പിൻതു ണ അർപ്പിച്ചു സംസാരിച്ചു.

യാതൊരു മുന്നറിയിപ്പും ഇല്ലാതെ 18-08-22 ന് വൈദ്യുതി നിയമ ഭേദഗതി ബില്ല് ലോകസഭയിൽ അവതരിപ്പിക്കു




വാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനി ച്ചു. സാഹചര്യം ചർച്ച ചെയ്യുന്നതിന് NCCOEEE ഭാരവാഹിയോഗംOnline ആയി ചേർന്ന് 08-08-22 ന് രാജ്യവ്യാപകമായി വൈദ്യുതി തൊഴിലാളികളും എഞ്ചിനീ യർമാരും ഓഫീസർമാരും ജോലിയിൽ നിന്ന് വിട്ടുനിൽക്കുവാനും പ്രതിഷേധ ങ്ങൾ സംഘടിപ്പിക്കുവാനും തീരുമാനി ച്ചു. വളരെ വലിയ പിൻതുണയാണ് ഈ പണിമുടക്കിന് ലഭിച്ചത്. രാജ്യത്തെ എ താണ്ട് മുഴുവൻ വൈദ്യുതി ജീവനക്കാ രും തൊഴിലിടങ്ങൾ ഉപേക്ഷിച്ച് പ്രതി ഷേധങ്ങളുമായി തെരുവിലേക്കിറങ്ങി. സംയുക്ത കിസാൻ മോർച്ചയുടെ നേ തൃത്വത്തിൽ 9-08-22 ന് രാജ്യവ്യാപക മായി പ്രതിഷേധം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ലോക്സഭയിൽ അവതരി പ്പിച്ച നിയമഭേദഗതിക്ക് അതിശക്തമായ എതിർപ്പാണ് നേരിടേണ്ടി വന്നത്. എല്ലാ പ്രതിപക്ഷ കക്ഷികളും ബില്ലിനെതിരാ യി രംഗത്തു വന്നു. പ്രതിഷേധങ്ങൾ ക്കൊടുവിൽ ബില്ല് സ്റ്റാൻഡിംഗ് കമ്മിറ്റി ക്കു വിടുവാൻ തീരുമാനിച്ചു. അടുത്ത ദിവസം വീണ്ടും NEEOEEE ഭാരവാഹി യോഗം Online ആയി ചേർന്ന് പണിമു ടക്ക് സമരം വൻ വിജയമാക്കിയ മു ഴുവൻ വൈദ്യതി ജീവനക്കാരെയും അഭിനന്ദിച്ചു. തുടർ പ്രക്ഷോഭ പരിപാടി കൾ കൂടുതൽ കരുത്തോടെ, കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ യോഗം തീരുമാനിച്ചു. ലോകസഭയിൽ ബില്ലിനെ എതിർത്ത മുഴുവൻ അംഗങ്ങ ളോടും നന്ദി രേഖപ്പെടുത്തി.

അടുത്ത ഘട്ടം എന്ന നിലയിൽ രണ്ട് ഭാഗങ്ങളുള്ള മെമ്മോറാണ്ടം തയ്യാറാക്കു വാൻ NCCOEEE തീരുമാനിച്ചു. ഒന്നാം ഭാഗ ത്തിൽ ബില്ലിന്റെ പൊതുവായ ദോഷ വശങ്ങൾ ഉൾപ്പെടുത്തുവാനും രണ്ടാം ഭാഗത്തിൽ നിർദ്ദിഷ്ടം ബില്ലിലെ വകു പ്പു തിരിച്ചുള്ള നമ്മുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും തീരുമാനിച്ചു. NCCOEEE യെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി മോഹൻശർമ്മ ഡ്രാഫ്റ്റ് കമ്മി റ്റി അംഗമാണ്. അടുത്ത ഘട്ടമായി എല്ലാ ഘടക സംഘടനകളും ഊർജ്ജ വകുപ്പ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന് ഹിയ റിംഗിന് അവസരം ചോദിച്ച് കത്തെഴുതു വാനും തീരുമാനിച്ചു.

തുടർ പ്രക്ഷോഭം എന്ന നിലയിൽ ജില്ലാ സംസ്ഥാന, ദേശീയ തലങ്ങളിൽ യോഗങ്ങളും കൺവൻഷനുകളും നട ത്തി ബില്ലിന്റെ ദോഷവശങ്ങൾ പ്രച രിപ്പിക്കുവാൻ തീരുമാനിച്ചു. ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലാണ് ഈ ക്യാമ്പയിനുകൾ നടത്തുവാൻ നിശ്ച യിച്ചിട്ടുള്ളത്. ജീവനക്കാരെ കൂടാതെ ഉപഭോക്താക്കൾ, കർഷകർ, ജനപ്ര തിനിധികൾ, യുവാക്കൾ, സ്ത്രികൾ, വിശിഷ്ട വ്യക്തികൾ, അദ്ധ്യാപകരും, വിദ്യാർത്ഥികളും, അഡ്വക്കേറ്റുമാർ, എ ഞ്ചിനീയർമാർ, ഡോക്ടർമാർ, മാധ്യമ പ്രവർത്തകർ എന്നിവരെയൊക്കെ ഉൾ പ്പെടുത്തിയുള്ള പ്രതിഷേധ കൺവൻ ഷനുകൾ ഒക്ടോബർ മാസത്തിൽ നട ത്തുവാനും തീരുമാനിച്ചു.

നവംബർ മാസം 2-ാം തീയതി ബിജി ലി ക്രാന്തി യാത്ര എന്ന പേരിൽ പ്രക്ഷോ ഭം വാരണാസിയിൽ നടത്തുവാനും തീ രുമാനിച്ചു. (ഈ പരിപാടി പിന്നീട് മാറ്റം വരുത്തി. ഇതിന് പകരം നവംബർ 23 ന് ഡൽഹി റാം ലീല മൈതാനിയിൽ റാ ലി നടത്തുവാൻ തീരുമാനിച്ചു) എല്ലാ ഘടക സംഘടനകളുടെയും പ്രതി നിധികൾ അന്ന് ഉച്ചയ്ക്ക് ശേഷം കൺ വൻഷനിൽ പങ്കെടുക്കുകയും ചെയ്യും. വാരണാസിയിലെ പ്രധാന മന്ത്രിയുടെ ഓഫീസിലേക്ക് ഒരു പ്രതിനിധി സംഘം പോകുന്നതും NCCOEEE മെമ്മോറാണ്ടം പ്രധാനമന്ത്രിയുടെ പേർക്ക് അവിടെ എൽപ്പിക്കുന്നതുമായിരിക്കും. ബിജിലി ക്രാന്തി യാത്ര പ്രക്ഷോഭത്തിനോടനു ബന്ധിച്ച് സംസ്ഥാനങ്ങളിൽ നവംബർ 3 മുതൽ 30 വരെ ബോധവത്ക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കണം. സമൂഹത്തിന്റെ താഴെത്തട്ടുവരെ സമ രസന്ദേശം എത്തുന്നു എന്ന് ഉറപ്പു വ രുത്തണം. എല്ലാ മേഖലകളിൽ നിന്നും പ്രക്ഷോഭങ്ങൾക്ക് പിൻതുണ ആർജ്ജി ക്കുവാൻ പരിശ്രമം നടത്തണം.

എല്ലാ പ്രക്ഷോഭങ്ങളെയും അവഗ ണിച്ച്,വൈദ്യുതിനിയമഭേദഗതിപാസാ ക്കുവാൻ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടു പോയാൽ ഊർജ്ജ മേഖലയിൽ അനി ശ്ചിതകാല പണി മുടക്കിന് ആഹ്വാനം ചെയ്യുവാനും NCCOEEE തീരുമാനിച്ചു. പോരാട്ടങ്ങൾ അവസാനിക്കുന്നില്ല. കൂ ടുതൽ കരുത്തോടെ, ജനപിന്തുണയോ ടെ, കൂടുതൽ മേഖലകളിലേക്ക് കടന്ന് ചെന്ന് രാജ്യത്തിന്റെ പൊതുമേഖലയെ സംരക്ഷിക്കുവാനുള്ള പോരാട്ടത്തിൽ നിശ്ചയദാർഢ്യത്തോടെ നിലകൊള്ളു ക എന്നതാണ് കാലഘട്ടം നമ്മോടാവ ശ്യപ്പെടുന്നത്. അതിന്റെ മുൻനിരയിൽ കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡ റേഷനും ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസും എൻ.സി.സി.ഒ.ഇ.ഇ.ഇ യും അചഞ്ചല നിപാടുകളുമായി കരുത്തോടെ നില കൊള്ളുന്നു.■



വൈദ്യുതി ജനങ്ങളുടെ അവകാശമാണ് വൈദ്യുതി മേഖല സ്വകാര്യവൽക്കരിച്ചാൽ
ചെറുകിട വ്യവസായങ്ങളും പൊതുമേഖല സ്ഥാപനങ്ങളും തകരും,
സാധാരണ ജനങ്ങൾക്ക് വൈദ്യുതി അപ്രാപ്യമാകും.
ജനാധിപത്യത്തോട് ബഹുമാനമില്ലാത്തവരാണ് ഇന്ത്യ ഭരിക്കുന്നത്.

# വൈദ്യുതി നിയമ ഭേദഗതി ബില്ലിനെതിരെ പ്രതിഷേധമുയർത്തി

## എൻ സി സി ഒ ഇ ഇ ഇ സമരപ്രഖ്യാപന കൺവെൻഷൻ



സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിനും ഭീമമായ വൈദ്യുതി ചാർജ്ജ് വർധനവിനും ഇടയാക്കുന്ന വൈദ്യുതി നിയമ ഭേദഗതി ബില്ലിനെതിരെ താക്കീതായി സമരപ്രഖ്യാപന കൺവെൻഷൻ.

വൈദ്യുതി നിയമ ഭേദഗതി ബിൽ 2022 പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് നാഷണൽ കോർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എഞ്ചിനിയേഴ്സ് ആന്റ് എംപ്ലോയിസ് കേരള ഘടകത്തിന്റെ (NCCOEEE) നേതൃത്വത്തിൽ പെരിയാറിന്റെ തീരത്ത് ആലുവ പ്രിയദർശിനി ടൗൺ ഹാളിൽ 2022 സെപ്റ്റംബർ 22 ന് നടന്ന സംസ്ഥാന തല സമരപ്രഖ്യാപന കൺവെൻഷൻ അക്ഷരാർഥത്തിൽ വൈദ്യുതി ജീവനക്കാരുടെ പ്രതിഷേധ കടലായി മാറുകയായിരുന്നു.

രാവിലെ 9:30 ന് രജിസ്ട്രേഷൻ ആരംഭിച്ചു.വിവിധ സംഘടനകളുടെയും പെൻഷൻ കാരുടെയും പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ കൗണ്ടർ ഉണ്ടായിരുന്നു. 10:30 ന് രജിസ്ട്രേഷൻ



അവസാനിക്കുമ്പോൾത്തന്നെ ഓഡിറ്റോറിയം നിറഞ്ഞു കവിഞ്ഞിരുന്നു. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നെത്തിയ പ്രവർത്തകർ ഗാലറിയിലും ഹാളിന് വെളിയിലും ഇടം പിടിച്ചിരുന്നു.

10:30 ന് നിറഞ്ഞ സദസിൽ കൺവൻഷന് തുടക്കം കുറിച്ചു.

സിഐടിയു സംസ്ഥാന ജന.സെക്രട്ടറി സ.എളമരം കരീം എം പി കൺവെൻഷൻ ഉൽഘാടനം ചെയ്തു.

വൈദ്യുതി ജനങ്ങളുടെ അവകാശമാണെന്നും വൈദ്യുതി മേഖല സ്വകാര്യവൽക്കരിച്ചാൽ ചെറുകിട വ്യവസായങ്ങളും പൊതുമേഖല സ്ഥാപനങ്ങളും തകരുമെന്നും, സാധാരണ ജനങ്ങൾക്ക് വൈദ്യുതി അപ്രാപ്യമാകുമെന്നും അദ്ദേഹം പറഞ്ഞു. ജനാധിപത്യത്തോട് ബഹുമാനമില്ലാത്തവരാണ് ഇന്ത്യ

ഭരിക്കുന്നത്. അതു കൊണ്ടാണ് ജന വിരുദ്ധ നയങ്ങൾ ജനങ്ങൾക്കു മേൽ കെട്ടി ഏൽപ്പിക്കുന്നത്.പൊതു ജനങ്ങളെയും വൈദ്യുതി മേഖലയിലെ ജീവനക്കാരെയും അണിനിരത്തി സ്വകാര്യവൽക്കരണത്തെ ചെറുത്തു തോൽപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

എ ഐ ടി യു സി സംസ്ഥാന ജനറൽ സെക്രട്ടറി സ.കെ പി രാജേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി.പൊതുമേഖല തകർന്നു പോയാൽ അത് നേരിട്ട് ബാധിക്കുന്നത് സാധാരണ ജനങ്ങളെയും കുടുംബങ്ങളേയുമാണ് .പൊതുമേഖലാ സ്ഥാപനങ്ങൾ സാമൂഹിക പ്രതിബദ്ധതയോടെയാണ് പ്രവർത്തിക്കുന്നത്.ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന സ്ഥാപനങ്ങളാണ് പൊതുമേഖലാ സ്ഥാപനങ്ങൾ.വൈദ്യുതി മേഖലയുടെ തകർച്ച തൊഴിൽ മേഖലയും ജനങ്ങളുടെ സാമൂഹിക സുരക്ഷിതത്വവും തകർക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഐ എൻ ടി യു സി സംസ്ഥാന പ്രസിഡന്റ് ശ്രീ ആർ ചന്ദ്രശേഖരൻ അധ്യക്ഷത വഹിച്ചു. ഇലക്ട്രിസിറ്റി മേഖല മാത്രമല്ല എല്ലാ പൊതുമേഖലകളെയും തകർക്കുന്ന രീതിയിലാണ് കേന്ദ്ര ഗവർമെന്റ് മുന്നോട്ടു പോകുന്നത്. കർഷക സമരം നൽകിയ പാഠം കേന്ദ്ര സർക്കാർ പഠിച്ചിട്ടില്ല. കർഷ സമരം കേന്ദ്ര ഗവർമെന്റിനെ മുട്ടുകുത്തിച്ചു.ആ മുട്ടിൽ കുത്തിത്തന്നെ കേന്ദ്ര സർക്കാർ നിൽക്കുകയാണ് ശ്രീ ചന്ദ്രശേഖരൻ പറഞ്ഞു. NCCOEEE കേരള ഘടകം കൺവീനറും കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുമായ എസ്. ഹരിലാൽ സ്വാഗതം ആശംസിച്ചു.

NCCOEEE കേരള ഘടകം ചെയർമാനും കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ ഐ ടി യു സി) ജനറൽ സെക്രട്ടറിയുമായ എം.പി.ഗോപകുമാർ പ്രമേയം അവതരിപ്പിച്ചു.

കേരള പവർബോർഡ് വർക്കേഴ്സ് കോൺഗ്രസ്സ്ജനറൽസെക്രട്ടറിപ്രദീപ്നെയ്യാറ്റിൻകര, കെ എസ് ഇ ബി ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് എം ജി.സുരേഷ് കുമാർ, കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി സ.എം.ജി.അനന്തകൃഷ്ണൻ, കേരള പവർബോർഡ് ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് പി.ആർ.പോൾ, കേരള ഇലക്ട്രിസിറ്റി കോൺട്രാക്ട് വർക്കേഴ്സ് ഫെഡറേഷൻ പ്രതിനിധി ലാൽ പ്രകാശ് (AITUC) എൻ.വേണുഗോപാൽ (പ്രസിഡന്റ്, KSEBPA) ഷാജഹാൻ (വർക്കിങ്ങ് പ്രസിഡന്റ്, KSERO (STU) എസ്. സീതി ലാൽ (പ്രസിഡന്റ്, AIPF) കെ.സി.സിബു (ജനറൽ സെക്രട്ടറി, ECWA (CITU) കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സ.സി. ഉണ്ണികൃഷ്ണൻ നന്ദി പറഞ്ഞു.■

# 2022 ഒക്ടോബർ 4 എ.എൻ. രാജൻ അനുസ്മരണ ദിനം

## ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി ഫെഡറേഷൻ



കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റും AIFEE അഡിഷണൽ ജനറൽ സെക്രട്ടറിയും AITUC ദേശീയ കൗൺസിൽ അംഗവും സംസ്ഥന വൈസ് പ്രസിഡന്റും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കൺട്രോൾ കമ്മീഷൻ അംഗവുമായിരുന്ന സ;എ.എൻ.രാജന്റെ ഒന്നാം ചരമ വാർഷികദിനം കേരളത്തിലെമ്പാടും വിപുലമായി സംഘടിക്കപ്പെട്ടു.

ജീവിതാവസാനം വരെ, തൊഴിലാളികളുടെ നന്മയ്ക്ക് വേണ്ടി പ്രവർത്തിച്ച ആദരണീയ നേതാവിന്റെ ഓർമ്മ പുതുക്കൽ പ്രധാനമാ

എളിമയാർന്ന പെരുമാറ്റത്തിലൂടെ തൊഴിലാളികളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയെടുക്കാൻ കഴിഞ്ഞ നേതാക്കളിലൊരാളാണ് രാജൻ സാറെന്ന് ബോദ്ധ്യപ്പെടുത്തുന്നതായിരുന്നു ഓരോ അനുസ്മരണ പരിപാടിയും.



യും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടാണ് ഫെഡറേഷൻ സഖാക്കൾ സംഘടിപ്പിച്ചത്.

എളിമയാർന്ന പെരുമാറ്റത്തിലൂടെ തൊഴിലാളികളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയെടുക്കാൻ കഴിഞ്ഞ നേതാക്കളിലൊരാളാണ് രാജൻ സാറെന്ന് ബോദ്ധ്യപ്പെടുത്തുന്നതായിരുന്നു ഓരോ അനുസ്മരണ പരിപാടിയും.

KSEB യിൽ ഒരു സാധാരണ തൊഴിലാളിയായി ജോലിയിൽ പ്രവേശിച്ച സഖാവ്, ചിട്ടയായ സംഘടനാപ്രവർത്തനങ്ങളിലൂടെയും അചഞ്ചലമായ തൊഴിലാളിപക്ഷ നിലപാടുകളിലൂടെയും ട്രേഡ് യൂണിയൻ രംഗത്തെ ദേശീയ നേതാക്കളിലൊരാളായി മാറുകയായിരുന്നു. AIFEE അഡീഷണൽ ജനറൽ സെക്രട്ടറി, AITUC ദേശീയ കൗൺസിൽ അംഗം, സംസ്ഥാന വൈസ് പ്രസിഡന്റ്, കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ്, സി.പി.ഐ സംസ്ഥാന കൺട്രോൾ കമ്മീഷൻ അംഗം തുടങ്ങി നിരവധി ഭാരവാഹിത്വങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കെയാണ് അദ്ദേഹത്തിന് ആക്സിമികമായ അന്ത്യം സംഭവിക്കുന്നത്.

ഫെഡറേഷന് രൂപം നൽകിയ കരുത്തുറ്റ നേതൃനിരയിലെ കണ്ണികളിലൊരാളായിരുന്നു രാജൻ സാർ. ജെ.ചിത്തരഞ്ജൻ, കെ.എ.രാജൻ, കെ.സി മാത്യൂ, പി ബാലചന്ദ്രമേനോൻ, എം. സുകുമാരപിള്ള തുടങ്ങിയ നേതാക്കൾക്കൊപ്പം പ്രവർത്തിച്ചിരുന്ന രാജൻ സാറിന്റെ ഓർമ്മകൾ ഓരോ ഫെഡറേഷൻ പ്രവർത്തകരുടെയും മനസ്സിൽ സജീവ സാന്നിദ്ധ്യമായി നിലനിൽക്കുക തന്നെ ചെയ്യും.

## തിരുവനന്തപുരം

രാജൻ സാറിന്റെ ചായാചിത്രം കേന്ദ്ര കമ്മിറ്റി ഓഫീസിൽ അനാച്ഛാദനം ചെയ്തു കൊണ്ടാണ് അനുസ്മരണ യോഗം സംഘടിപ്പിച്ചത്. ഫെഡറേഷൻ ജനറൽ സെക്രട്ടറി എം.പി.ഗോപകുമാർ ഫോട്ടോ അനാച്ഛാദനവും അനുസ്മരണ യോഗം ഉദ്ഘാടനവും നിർവഹിച്ചു. പെൻഷനേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയും രാജൻ സാറിന്റെ സമകാലികരിലൊരാളുമായ പി.ബാലകൃഷ്ണപിള്ള മുഖ്യപ്രഭാഷണം നടത്തി. ഫെഡറേഷൻ ഭാരവാഹികളായ സഖാക്കൾ ഷാജികുമാർ, ശിവകുമാർ, റോസ് വിൽസ്, സീതാലക്ഷ്മി ഓഫീസേഴ്സ് ഫെഡറേഷൻ നേതാവ് ജോജി തുടങ്ങി വിവിധ സംഘടനാനേതാക്കളും പങ്കെടുത്തു. രാജൻ സാറിന്റെ നാമധേയത്തിൽ കേന്ദ്ര ഓഫീസിനോട് ചേർന്ന് നിർമ്മിക്കുന്ന ഹാളിന്റെ നിർമ്മാണ ഉദ്ഘാടനവും ഓർമ്മ ദിനത്തിൽ ആരംഭിച്ചു.



## കൊല്ലം

കൊല്ലം ജില്ല ആശുപത്രിയിൽ രക്തദാനക്യാമ്പ്സംഘടിപ്പിച്ചുംവിപുലമായ അനുസ്മരണയോഗംസംഘടിപ്പിച്ചുമാണ് കൊല്ലം ജില്ലയിൽ രാജൻ സാറിന്റെ സ്മരണ പുതുക്കിയത്. രക്തദാന ക്യാമ്പ് കൊല്ലം കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ മധു ഉദ്ഘാടനം ചെയ്തു. ചിന്നക്കട ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ നടത്തിയ അനുസ്മരണ യോഗം സംസ്ഥാന ക്ഷീര വികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചു റാണി ഉദ്ഘാടനം ചെയ്തു ഫെഡറേഷൻ ജനറൽ സെക്രട്ടറി എം.പി ഗോപകുമാർ മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തി. സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി അശ്വതി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി ഫിലിപ്പോസ്, ജില്ലാ സെക്രട്ടറി സി.പ്രദീപ്കുമാർ, പ്രസിഡന്റ് ഗോപകുമാർ ജി, AITUC ജില്ലാ സെകട്ടറി സി.ബാബു, വൈസ് പ്രസിഡന്റ് പി. മുരളിധരൻ, ഓഫീസേഴ്സ് ഫെഡറേഷൻ സംസ്ഥാന ട്രഷറർ പി. എസ്. പ്രദീപ് എന്നിവർ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി.

## ആലപ്പുഴ

ആലപ്പുഴ മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ശാന്തി മന്ദിരത്തിലെ അന്തേവാസികളായ വയോജനങ്ങൾക്കും ഭിന്ന ശേഷിക്കാരായ കുഞ്ഞുങ്ങൾക്കും പ്രാതൽ നൽകികൊണ്ടാണ് ആലപ്പുഴ ജില്ലയിലെ സഖാക്കൾ അനുസ്മരണം യോഗം സംഘടിപ്പിച്ച്. സി.പി.ഐ ജില്ലാ സെക്രട്ടറി ടി.ജെ ആഞ്ചലോസ് യോഗം ഉദ്ഘാടനം ചെയ്തു. AITUC ജില്ലാ സെക്രട്ടറി ഡി.പി മധു അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് വി.മോഹൻദാസ് ഫെഡറേഷൻ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് എ.എം.ഷിറാസ് ജില്ലാ സെ

ക്രട്ടറി സജിത് റാം തുടങ്ങി വിവിധ നേതാക്കളും പ്രവർത്തകരും യോഗത്തിൽ സംസാരിച്ചു.

### പത്തനംതിട്ട

അടൂർ ഗവ: ആശുപത്രിയിലെ കിടപ്പ് രോഗികൾക്ക് ഉച്ചഭക്ഷണം നൽകി കൊണ്ടാണ് പത്തനംതിട്ടയിൽ അനുസ്മരണം സംഘടിപ്പിച്ചത്. അടൂർ നഗരസഭ ചെയർമാൻ ഡി.സജി യോഗം ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് മനോജ് ദത്ത് ഉൾപ്പെടെ വിവിധ നേതാക്കളും പ്രവർത്തകരും യോഗത്തിൽ പങ്കെടുത്തു.

### കോട്ടയം

കോട്ടയം ജില്ലയിൽ വൈക്കം പള്ളം ഡിവിഷനുകളിലായി മൂന്നു പരിപാടികൾ സംഘടിപ്പിച്ചു. വൈക്കം ഡിവിഷന് കീഴിൽ പുരുഷന്മാർക്കുമാത്രമുള്ള



ജീവനിലയം അനാഥാലയത്തിലെ അന്തേവാസികൾക്ക് രണ്ടുനേരത്തെ ഭക്ഷണവും സ്ത്രീകൾക്ക് മാത്രമുള്ള അമല അനാഥാലയത്തിലെ അന്തേവാസികൾക്ക് ഒരു മാസത്തെ ഭക്ഷ്യധാന്യം നൽകുകയും ചെയ്തു. പള്ളം ഡിവിഷന് കീഴിലുള്ള കുമരകത്തെ സംരക്ഷ ചാരിറ്റബിൾ ട്രസ്റ്റിലെ അന്തേവാസികൾക്ക് ഉച്ചഭക്ഷണം നൽകിയാണ് ഓർമ്മദിനം ആചരിച്ചത് സംസ്ഥാന ഭാരവാഹികളായ നടരാജൻ, സിന്ധു, ജില്ലാ പ്രസിഡന്റ് കെ.എൻ.പ്രമോദ്കുമാർ, ഡിവിഷൻ സെക്രട്ടറി അഭയൻ, പ്രസിഡന്റ് ലാലിമോൻ തുടങ്ങി നിരവധി പ്രവർത്തകർ പരിപാടിയിൽ പങ്കെടുത്തു.

### എറണാകുളം

വാരപ്പുഴ കഫർണം അനാഥാലയത്തിലെ അന്തേവാസികൾക്ക് ഉച്ചഭക്ഷണം നൽകികൊണ്ടാണ് എറണാകുളം ജില്ലയിൽ അനുസ്മരണം സംഘടിപ്പിച്ചത് സംസ്ഥാന വൈസ് പ്രസിഡന്റ് കെ.സി മണി ജില്ലാസെക്രട്ടറി അനിൽ കുമാർ പ്രസിഡന്റ് റോയ് പോൾ തുടങ്ങി വിവിധ നേതാക്കളും പ്രവർത്തകരും പങ്കെടുത്തു.

### തൃശൂർ

രാജൻ സാറിന്റെ ഓർമ്മകൾക്ക് മുന്നിൽ നമ്ര ശിരസ്ക്കരായി നിന്നു കൊണ്ടാണ് അദ്ദേഹത്തിന്റെ കർമ്മ മണ്ഡലമായി തൃശ്ശൂരിൽ അനുസ്മരണ യോഗം സംഘടിപ്പിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും AITUC യുടെയും വിവിധ വർഗ്ഗ ബഹുജന സംഘടനകളുടെയും പങ്കാളിത്തോടുകൂടി സംഘടിപ്പിച്ച യോഗത്തിൽ വലിയ തോതിലുള്ള ബഹുജന പങ്കാളിത്തം ഉണ്ടായിരുന്നു. AITUC സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ പി.ബാലചന്ദ്രൻ എം.എൽ.എ പാർട്ടിജില്ലാ സെക്രട്ടറി കെ.വത്സരാജ് ഫെഡറേഷൻ ജനറൽ സെക്രട്ടറി എം.പി ഗോപകുമാർ AITUC ജില്ലാ സെക്രട്ടറി കെ.ജി ശിവാനന്ദൻ തുടങ്ങി പാർട്ടിയുടെയും AITUC യുടെയും മറ്റ് വർഗ്ഗ ബഹുജന സംഘടനകളുടെ നേതാക്കളും പങ്കെടുത്തു.

### പാലക്കാട്

പാലക്കാട് പി.ബാലചന്ദ്രമേനോൻ സ്മാരകത്തിൽ നടത്തിയ അനുസ്മരണയേഗത്തിൽ നല്ല തൊഴിലാളി പങ്കാളിത്തം ഉണ്ടായിരുന്നു. പാർട്ടി നേതാവും കിസാൻസഭ സംസ്ഥാന ജനറൽ സെക്രട്ടറിയുമായ വി.ചാമുണ്ണി യോഗം ഉദ്ഘാടനം ചെയ്തു. AITUC ജില്ലാ സെക്രട്ടറി എൻ.ജി മുരളീധരൻ നായർ ഫെഡറേഷൻ വർക്കിംഗ് പ്രസിഡന്റ് കെ.ആർ.മോഹൻദാസ് ജില്ലാ സെക്രട്ടറി കെ.എം.ജോയ്, പ്രസിഡന്റ് മണി കുളങ്ങര എന്നിവർ സംസാരിച്ചു.

### മലപ്പുറം

മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് വീൽചെയർ സംഭാവന നൽകി കൊണ്ടാണ് മലപ്പുറം ജില്ലയിൽ അനുസ്മരണം സംഘടിപ്പിച്ചത്. AITUC സംസ്ഥാന വൈ: പ്രസിഡന്റ് സുബ്രഹ്മണ്യൻ യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് എ.എം.ഷിറാസ്, സെക്രട്ടറി ശ്രീകുമാർ തുടങ്ങി വിവിധ നേതാക്കൾ യോഗത്തിൽ പങ്കെടുത്തു.

### കോഴിക്കോട്

കോഴിക്കോട് ഫ്രീ ബേർഡ് ഓർഫനേജിലെ അന്തേവാസികൾക്ക് ഉച്ചഭക്ഷണം നൽകികൊണ്ടാണ് കോഴിക്കോട്ടെ സഖാക്കൾ അനുസ്മരണം സംഘടിപ്പിച്ചത്. AITUC നേതാവ് ജനാർദ്ദനൻ കളരിക്കണ്ടി അനുസ്മരണ പ്രഭാക്ഷണം നടത്തി. സംസ്ഥാന സെക്രട്ടറി രതീഷ് കുമാർ ഓഫീസേഴ്സ് ഫെഡറേഷൻ ജില്ലാട്രഷർ ഗിരീഷ്കുമാർ എന്നിവർ സംസാരിച്ചു.

### കണ്ണൂർ

പരിയാരം മെഡിക്കൽ കോളേജിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു കൊണ്ടാണ് കണ്ണൂർ ജില്ലയിലെ സഖാക്കൾ രാജൻ സാറിന്റെ ഓർമ്മദിനം സംഘടിപ്പിച്ചത്. AITUC സംസ്ഥാന വൈ.പ്രസിഡന്റ് താവം ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഫെഡറേഷൻ ഓർഗനൈസിംഗ് സെക്രട്ടറി എ.രാധാകൃഷ്ണൻ ജില്ലാ സെക്രട്ടറി രാജീവൻ, പ്രസിഡന്റ് ലക്ഷ്മണൻ, തുടങ്ങി നിരവധി നേതാക്കളും പ്രവർത്തകരും പങ്കെടുത്തു.

### കാസർകോഡ്

കാഞ്ഞങ്ങാട് കാഞ്ഞിരപ്പൊയ്കയിൽ ന്യൂ മലബാർ പുനരധിവാസ കേന്ദ്രത്തിൽ മെഡിക്കൽ ഉപകരണങ്ങൾ നൽകികൊണ്ടാണ് കാസർഗോഡ് ജില്ലാ കമ്മിറ്റി അനുസ്മരണ യോഗം നടത്തിയത്. ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി സദർറിയാസ് മെഡിക്കൽ ഉപകരണങ്ങൾ കൈമാറി ജില്ലാ പ്രസിഡന്റ് പി രാജൻ അദ്ധ്യക്ഷത വഹിച്ചു.■

**2022 ലെ എ. എൻ. രാജൻ പുരസ്ക്കാരത്തിന് അർഹമായ 15 – 07 – 2022 തീയതിയിലെ ജനയുഗം ദിന പത്രത്തിലെ എഡിറ്റോറിയൽ**

# സ്വകാര്യവൽക്കരണ ലക്ഷ്യവുമായി വീണ്ടും വൈദ്യുതി നിയമഭേദഗതി



**അബ്ദുൾ ഗഫൂർ**
**എക്സിക്യൂട്ടീവ് എഡിറ്റർ**
**ജനയുഗം**

സംസ്ഥാനങ്ങളുടെ ശക്തമായ എതിർപ്പിനെയും വൈദ്യുതി ജീവനക്കാരും തൊഴിലാളികളും കർഷകരും ഉൾപ്പെടെയുള്ള പൊതുസമൂഹത്തിന്റെ പ്രക്ഷോഭങ്ങളെയും തുടർന്ന് മരവിപ്പിച്ച വൈദ്യുതി നിയമഭേദഗതി ബിൽ പാർലമെന്റിന്റെ അടുത്ത സമ്മേളനത്തിൽ അവതരിപ്പിക്കാനിരിക്കുകയാണ്. സാധാരണക്കാർക്ക് ഊർജ രംഗത്തു ലഭിച്ചുകൊണ്ടിരിക്കുന്ന സൗജന്യങ്ങളും സേവനങ്ങളും ഇല്ലാതാക്കി സമ്പൂർണ സ്വകാര്യവല്ക്കരണത്തിലേയ്ക്ക് നയിക്കുന്നതിന് ആത്യന്തികമായി ഇടയാക്കുന്നതാണ് പ്രസ്തുത നിയമഭേദഗതി. 2021 ജൂലൈയിൽ ആരംഭിച്ച പാർലമെന്റിന്റെ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് പ്രഖ്യാപിച്ചതായിരുന്നു പ്രസ്തുത നിയമഭേദഗതി. അതിനു മുമ്പ് പല തവണ നിയമഭേദഗതിക്കു കേന്ദ്ര നീക്കമുണ്ടായപ്പോഴെല്ലാം ശക്തമായ എതിർപ്പും പ്രതിഷേധവുമാണ് എല്ലാ കോണുകളിൽ നിന്നും ഉയർന്നത്. 2021ൽ ഭേദഗതി നീക്കമാരംഭിച്ച ഘട്ടത്തിൽ സംസ്ഥാന നിയമസഭ ഏകകണ്ഠമായി പ്രമേയം അംഗീകരിച്ചുകൊണ്ട് പ്രതിഷേധം രേഖപ്പെടുത്തിയിരുന്നു. ഒരുവർഷത്തിലധികം നീണ്ട കർഷക പ്രക്ഷോഭത്തിന്റെ പ്രധാന ആവശ്യങ്ങളിൽ ഒന്ന് നിയമഭേദഗതി ഉപേക്ഷിക്കണമെന്നതായിരുന്നു. ഉപഭോക്താക്കളുടെയോ സംസ്ഥാനങ്ങളുടെയോ താല്പര്യങ്ങൾ പരിഗണിക്കാതെയും തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കാനിടയുള്ളതുമായ നിയമ ഭേദഗതി നീക്കത്തിനെതിരെ കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ ഉൾപ്പെടെയുള്ള തൊഴിലാളി സംഘടനകൾ തനിച്ചും സംയുക്തമായുമുള്ള സമരങ്ങളും നടത്തിവരികയാണ്. കഴിഞ്ഞ വർഷം ഓഗസ്റ്റ് പത്തിന് വൈദ്യുതി മേഖലയിലെ തൊഴിലാളി, ഉദ്യോഗസ്ഥ സംഘടനകളുടെ സംയുക്തവേദി പണിമുടക്കിന് ആഹ്വാനം നല്കിയിരുന്നുവെങ്കിലും ബില്ല് അവതരിപ്പിക്കുന്നത് മാറ്റിവച്ച സാഹചര്യത്തിൽ ഉപേക്ഷിക്കുകയായിരുന്നു. കർഷക പ്രക്ഷോഭത്തിന് മുന്നിൽ മുട്ടുമടക്കിയ കേന്ദ്ര സർക്കാർ എഴുതി നല്കിയ ഉറപ്പുകളിലൊന്ന് വൈദ്യുതി നിയമഭേദഗതി ഉപേക്ഷിക്കുമെന്നതായിരുന്നു. എന്നാൽ തൊഴിലാളികളോടും കർഷക സമൂഹത്തോടും ഉപഭോക്തൃവിഭാഗങ്ങളോടും നല്കിയ ഉറപ്പുകൾ ലംഘിച്ചുകൊണ്ട് പാർലമെന്റിന്റെ അടുത്ത സമ്മേളനത്തിൽ നിയമഭേദഗതി അവതരിപ്പിക്കുന്നതിനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നത്. വൈദ്യുതി ഉല്പാദന – വിതരണ മേഖലകളെ പൂർണമായും സ്വകാര്യവല്ക്കരിക്കുകയെന്ന ആത്യന്തിക ലക്ഷ്യത്തോടെയാണ് കേന്ദ്രം ഈ നീക്കം നടത്തുന്നതെന്ന് വ്യക്തമാണ്. വൈദ്യുതി വിതരണത്തിന് ലൈസൻസ് ഒഴിവാക്കുന്നതടക്കമുള്ള നിർദ്ദേശങ്ങൾ ഈ രംഗത്ത് സ്വകാര്യ മൂലധനശക്തികൾക്ക് യഥേഷ്ടം കടന്നുകയറാൻ അവസരമൊരുക്കുമെന്ന ആശങ്കയാണ് പ്രധാനമായും ഉയർന്നിട്ടുള്ളത്. സാമൂഹ്യ മുന്നേറ്റത്തിലും വ്യാവസായിക – വാണിജ്യ വളർച്ചയിലും അവിഭാജ്യഘടകമായ ഊർജരംഗം സ്വകാര്യവല്ക്കരിക്കുന്നത് ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അത് കേവലം വ്യാപാര വസ്തു മാത്രമായി പരിഗണിക്കുന്നതും ലാഭതാല്പര്യമനുസരിച്ച് ക്രമീകരിക്കുന്നതും രാജ്യത്തിന്റെ വികസന പ്രക്രിയയെ തന്നെ അട്ടിമറിക്കുന്നതിന് ഇടയാക്കും. നവ ഉദാരവല്ക്കരണ നയത്തിന്റെ അടിസ്ഥാനത്തിൽ നിലയുറപ്പിച്ചുകൊണ്ട് നടപ്പിലാക്കിയ 2003ലെ വൈദ്യുതി നിയമത്തിന്റെ പരിഷ്കരണമാണ് പുതിയനിയമഭേദഗതിയിലൂടെലക്ഷ്യമിടുന്നതെന്നാണ് കേന്ദ്ര സർക്കാർ അവകാശപ്പെടുന്നതെങ്കിലുംയഥാർത്ഥത്തിൽസംസ്ഥാനങ്ങളുടെ അധികാരങ്ങൾക്കുമേലുള്ള കടന്നു കയറ്റവും സാധാരണക്കാർക്കു ലഭിച്ചുപോന്നിരുന്ന ആനുകൂല്യങ്ങളുടെ നിഷേധവുമാണ് സംഭവിക്കുവാൻ പോകുന്നത്. വൈദ്യുതി വിതരണ മേഖലയിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് ആവശ്യമില്ലെന്ന പ്രധാനപ്പെട്ട നിർദ്ദേശം സംസ്ഥാന സർക്കാരുകൾക്കോ വൈദ്യുതി റഗുലേറ്ററി കമ്മിഷനുകൾക്കോ യാതൊരു നിയന്ത്രണവുമില്ലാതെ ഈ മേഖലയിലേക്ക് സ്വകാര്യക്കമ്പനികൾക്ക് കടന്നുവരാനും പ്രവർത്തിക്കാനും അവസരമൊരുക്കുന്നതാണ്. ഇത്തരം വിതരണ കമ്പനികൾക്ക് വൈദ്യുതി ലൈനുകളുടെ നിർമ്മാണത്തിലോ വിപുലീകരണത്തിലോ പരിപാലനത്തിലോ യാതൊരു ഉത്തരവാദിത്തവുമില്ല. നിലവിലുള്ള വൈദ്യുതി ലൈനുകളിലൂടെതന്നെ വൈദ്യുതി കടത്തിക്കൊണ്ടുപോകാനും വിൽക്കാനും പുതുതായി കടന്നുവരുന്ന കമ്പനികൾക്കും അവകാശമുണ്ടാകുകയും ചെയ്യും. ലാഭത്തെ മാത്രം അടിസ്ഥാനമാക്കിയാണ് സ്വകാര്യ കമ്പനികളുടെ പ്രവർത്തനമെന്നതിനാൽ ഗാർഹിക ഉപഭോക്താക്കളുടെയും കാർഷിക മേഖലയുടെയും ചെറുകിട വ്യവസായങ്ങളുടെയുമൊക്കെ വൈദ്യുതിനിരക്കുകൾ അതിഭീമമായി ഉയരുന്നതിന് ഇടയാക്കുകയും ചെയ്യും. ഇതേ ഭീതികളാണ് കർഷക പ്രക്ഷോഭത്തിലൂടെയും ഉന്നയിക്കപ്പെട്ടത്. ഫലത്തിൽ വൈദ്യുതിയെന്നത് അതിസമ്പന്നരുടെ ആഢംബരമായി മാറുമെന്ന ആശങ്കയും അസ്ഥാനത്തല്ല. ഇത്തരം നിരവധി പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന ആശങ്കകൾ നിലനില്ക്കുമ്പോൾ അതുസംബന്ധിച്ച് സംസ്ഥാന സർക്കാരുകൾ, വൈദ്യുതി രംഗത്തെ ജീവനക്കാർ, ഉദ്യോഗസ്ഥർ എന്നിവരുമായുള്ള ചർച്ചകളോ പൊതുസമൂഹത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള ശ്രമങ്ങളോ നടത്താതെയാണ് വീണ്ടും നിയമഭേദഗതിയുമായി കേന്ദ്ര സർക്കാർ രംഗപ്രവേശം ചെയ്തിരിക്കുന്നത്. ഇത് യഥാർത്ഥത്തിൽ പൊതുസമൂഹത്തെയും അവകാശപോരാട്ടങ്ങളിൽ അടിയുറച്ചുനില്ക്കുന്ന തൊഴിലാളി – കർഷക ജനവിഭാഗത്തെയും സംസ്ഥാന സർക്കാരുകളെയും പുച്ഛിക്കുന്ന സമീപനം കൂടിയാണ്.■



ഏകദേശം 6000 ത്തോളം ഒഴിവുകളാണ് വിവിധ തസ്തികകളിലായി വൈദ്യുതിമേഖലയിൽ ഒഴിഞ്ഞു കിടക്കുന്നത്. ദീർഘനാളായി തടസ്സപ്പെട്ടുകിടക്കുന്ന ഒഴിവുകൾ പ്രൊമോഷൻ നൽകിയും ആവശ്യമായ നിയമനങ്ങൾ നടത്തിയും നികത്തണമെന്ന് വർക്കേഴ്സ് ഫെഡറേഷൻ സമരത്തിലൂടെ ആവശ്യപ്പെട്ടു.

## ഒക്ടോബർ – 11

# ആനുകൂല്യ നിഷേധത്തിനെതിരെ പ്രതിഷേധദിനം

ക്ഷാമബത്ത, ലീവ് സറണ്ടർ എന്നിവ അനുവദിക്കുക. ഒഴിവുകൾ നികത്തുക തുടങ്ങിയ അടിയന്തിരമായി പരിഹാരം കാണേണ്ട ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2022 ഒക്ടോബർ 11 ന് വർക്കേഴ്സ് ഫെഡറേഷന്റെ നേതൃത്വത്തിൽ ജീവനക്കാർ ബാഡ്ജ് ധാരണം നടത്തുകയും ഡിവിഷൻ സർക്കിളാഫീസുകൾക്ക് മുന്നിൽ ശക്തമായ പ്രതിഷേധം നടത്തുകയും ചെയ്തു.

ദീർഘകാല കരാർ അനുസരിച്ച് ആൾ ഇൻഡ്യാ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് നിശ്ചയിക്കുന്ന മുറയ്ക്ക് കൃത്യമായി ലഭിച്ചുകൊണ്ടിരുന്ന ക്ഷാമബത്ത ഇപ്പോൾ രണ്ട് ഗഡു കുടിശിക ആയിരിക്കുകയാണ്. 01-01 2022 മുതലും 01.07.2022 മുതലും ലഭിക്കേണ്ടിയിരുന്ന ക്ഷാമബത്തയാണ് കുടിശിക ആയിരിക്കുന്നത്. ഏത് പ്രതിസന്ധികാലത്തും ലഭിച്ചുകൊണ്ടിരുന്ന ലീവ് സറണ്ടർ ആനുകൂല്യം ഭൂരിഭാഗം ജീവനക്കാർക്കും ഇനിയും ലഭ്യമായിട്ടില്ല. കാറ്റിലും മഴയത്തും മഞ്ഞിലും വെയിലത്തും രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ ആത്മാർത്ഥമായി പണിയെടുക്കുന്ന ഇലക്ട്രിസിറ്റി ജീവനക്കാരുടെ ജോലി സ്വഭാവം ഇതരമേഖലകളിൽ നിന്ന് തീർത്തും വ്യത്യസ്തമാണ്. മാതൃകാസേവനം കാഴ്ചവയ്ക്കുന്ന ഇലക്ടിസിറ്റി ജീവനക്കാർക്ക് ലീവ്സറണ്ടർ ആനുകൂല്യം അനുവദിക്കണമെന്ന് വർക്കേഴ്സ് ഫെഡറേഷൻ പ്രതിഷേധ സമരത്തിലൂടെ ആവശ്യപ്പെട്ടു. ആനുകൂല്യങ്ങൾ അനിശ്ചിതമായി വൈകുന്നത് എന്നെന്നേയ്ക്കുമായി അവ നഷ്ടപ്പെടുന്നതിന് കാരണമായേക്കുമെന്നതിനാലാണ് ഫെഡറേഷൻ ഈ വിഷയങ്ങളെ ഗൗരവമായി കാണാൻ നിർബന്ധിതമായി തീരുന്നത്.

ഏകദേശം 6000 ത്തോളം ഒഴിവുകളാണ് വിവിധ തസ്തികകളിലായി വൈദ്യുതിമേഖലയിൽ ഒഴിഞ്ഞു കിടക്കുന്നത്. ദീർഘനാളായി തടസ്സപ്പെട്ടുകിടക്കുന്ന ഒഴിവുകൾ പ്രൊമോഷൻ നൽകിയും ആവശ്യമായ നിയമനങ്ങൾ നടത്തിയും നികത്തണമെന്ന് വർക്കേഴ്സ് ഫെഡറേഷൻ സമരത്തിലൂടെ ആവശ്യപ്പെട്ടു. സാംഗ്ഷൻഡ് സ്ട്രെങ്ത് അനുസരിച്ച് ഒഴിവുകൾ നികത്തണമെന്ന് തന്നെയാണ് വർക്കേഴ്സ് ഫെഡറേഷന്റെ എക്കാലത്തേയും നിലപാട്.

പെൻഷൻ പ്രായം 60 വയസാക്കി ഏകീകരിക്കുക. പെൻഷൻ സുരക്ഷ ഉറപ്പുവരുത്തുക. ആശ്രിത നിയമനനടപടികൾ ത്വരിതപ്പെടുത്തുക എന്നീ ആവശ്യങ്ങളും ഈ പ്രതിഷേധ സമരത്തിന്റെ ഭാഗമായി ഫെഡറേഷൻ ഉന്നയിച്ചിരുന്നു.

പ്രതിഷേധ പരിപാടികൾ വിവിധ ജില്ലകളിൽ

### തിരുവനന്തപുരം

തിരുവനന്തപുരം ജില്ലയിൽ 7 ഡിവിഷൻ കമ്മറ്റികളും പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുകയും ജില്ലയിലെ എല്ലാ ജീവനക്കാരും ബാഡ്ജ് ധരിക്കുകയും ചെയ്യുകയുംചെയ്തു. നെടുമങ്ങാട് ഡിവിഷന് മുന്നിൽ റ്റി. ഷാജികുമാറും, കഴക്കൂട്ടം ഡിവിഷന് മുന്നിൽ എം. ശിവ






കുമാറും കാട്ടാക്കട ഡിവിഷന് മുന്നിൽ എസ്സ്.ബി.റോസ്‌വിൽസും തിരുവനന്തപുരം ഡിവിഷനു മുന്നിൽ പി. എൻ. സീതാലക്ഷ്മിയും നെയ്യാറ്റിൻകരയിൽ വി. സുനിൽകുമാറും ആറ്റിങ്ങലിൽ പി. സുരേഷ്കുമാറും സമരം ഉദ്ഘാടനം ചെയ്തു. വൈദ്യുതിഭവന് മുന്നിൽ പ്രവർത്തകർ രാവിലെ മുദ്രാവാക്യം വിളിച്ചു.

### കൊല്ലം

കൊല്ലം ജില്ലയിൽ ചാത്തന്നൂർ ഡിവിഷനിൽ എസ്.അശ്വതിയും കൊല്ലത്ത് എ.ഐ.ടി.യു.സി. ജില്ലാ വൈസ് പ്രസിഡന്റ് പി.മുരളീധരനും കൊട്ടാരക്കരയിൽ ഒ.ഫിലിപ്പോസും കുണ്ടറയിൽ ആർ.ദിലീപും പുനലൂരിൽ ഡി.അനിൽകുമാറും കരുനാഗപ്പള്ളിയിൽ ജി . ഗോപകുമാറും ഉദ്ഘാടനം ചെയ്തു.

### കോട്ടയം

പാലാ ഡിവിഷനിൽ ജോയ്സ് മാത്യു, ചങ്ങനാശ്ശേരി ഡിവിഷനിൽ ഗ്രിഗറി വി.എസ്. വൈക്കം ഡിവിഷനിൽ എസ്. സി.സിന്ധു പൊൻകുന്നം ഡിവിഷനിൽ എം.സി. മനോജ് പള്ളം ഡിവിഷനിൽ കെ.എൻ. പ്രമോദ് എന്നിവർ ഉദ്ഘാടനം ചെയ്തു.

### ആലപ്പുഴ

ആലപ്പുഴ വൈദ്യുതിഭവന് മുന്നിൽ എ. എം. ഷിറാസും ചേർത്തല ഡിവിഷനിൽ സജിത് റാമും ചങ്ങനാശ്ശേരി ഡിവിഷനിൽ പി. ജയദേവനും മാവേലിക്കര ഡിവിഷനിൽ ജോഷിയും ഹരിപ്പാട് ഡിവിഷനിൽ, ഷൈനും ഉദ്ഘാടനം ചെയ്തു.

### ഇടുക്കി

മൂലമറ്റം ജനറേഷൻ സർക്കിളിൽ പുന്നൂസ് മാത്യു പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്തു. മറ്റ് ഡിവിഷനുകളിൽ ബാഡ്ജുകൾ ധരിച്ച് ജോലിക്ക് ഹാജരായി.

### എറണാകുളം

എറണാകുളം ഡിവിഷനിൽ വി. ജേക്കബ് ലാസറും തൃപ്പൂണിത്തുറ ഡിവിഷനിൽ കെ.സി. മണിയും പെരുമ്പാവൂർ ഡിവിഷനിൽ റോയ് പോളും മട്ടാഞ്ചേരിയിൽ ആൻസൽ സേവ്യറും പറവൂർ ഡിവിഷനിൽ എൻ. ആർ. ജീവനും മൂവാറ്റുപുഴയിൽ പി.എസ്. സ്റ്റാലിനും അങ്കമാലിയിൽ എ.എം. വിനോദും ആലുവയിൽ വി.ജി. ഷിജി എന്നിവരും ഉദ്ഘാടനം ചെയ്തു.

### തൃശ്ശൂർ

തൃശ്ശൂർ വൈദ്യുതിഭവന് മുന്നിൽ ഷൈലീഷ് പി.പി. യും കുന്ദംകുളം ഡിവിഷനിൽ രാധേഷും ഉദ്ഘാടനം ചെയ്തു. മറ്റു ഡിവിഷനുകളിൽ ബാഡ്ജ് ധരിച്ചുകൊണ്ട് പ്രവർത്തകർ പ്രതിഷേധിച്ചു.

### കോഴിക്കോട്

കോഴിക്കോട് ഡിവിഷനിൽ രതീഷും, ഫറോക് ഡിവിഷനിൽ വിനോദും വടകരയിൽ ജയപ്രകാശും ഉദ്ഘാടനം ചെയ്തു. മറ്റ് ഡിവിഷനുകളിൽ ബാഡ്ജ് ധരിച്ച് പ്രതിഷേധിച്ചു.

### കണ്ണൂർ

ഇരിട്ടി ഡിവിഷനിൽ സണ്ണിജോസഫും കണ്ണൂർ വൈദ്യുതിഭവന് മുന്നിൽ രാധാകൃഷ്ണനും ഉദ്ഘാടനം ചെയ്തു. മറ്റു ഡിവിഷനുകളിൽ ബാഡ്ജ് വിതരണം നടത്തി പ്രതിഷേധം രേഖപ്പെടുത്തി.

### വയനാട്

വയനാട് ജില്ലയിൽ എല്ലാ ജീവനക്കാരും ബാഡ്ജ് ധരിച്ച് ജോലിക്ക് ഹാജരായി.

### കാസർഗോഡ്

കാസർഗോഡ് സർക്കിളാഫീസിനു മുന്നിൽ കെ.കെ. വിനോദ്കുമാർ ഉദ്ഘാടനം ചെയ്തു. കാഞ്ഞങ്ങാട് ഡിവിഷനിൽ ബാഡ്ജ് വിതരണം നടത്തി പ്രതിഷേധിച്ചു.



### പാലക്കാട്

പാലക്കാട് വൈദ്യുതിഭവന് മുന്നിൽ നടത്തിയ പ്രതിഷേധദിനാചരണം കെ. ആർ. മോഹൻദാസും, മണ്ണാർക്കാട് വൈദ്യുതി ഭവന് മുന്നിൽ മണി കുളങ്ങരയും ഷൊർണ്ണൂർ വൈദ്യുതിഭവന് മുന്നിൽ എം.സി. ആനന്ദനും ആലത്തൂർ വൈദ്യുതിഭവന് മുന്നിൽ ബാലസുബ്രഹ്മണ്യനും ചിറ്റൂർ ഡിവിഷനിൽ കെ.എം. ജോയിയും ഉദ്ഘാടനം ചെയ്തു.

### മലപ്പുറം

പൊന്നാനി ഡിവിഷന് മുന്നിൽ ടി. ശ്രീകുമാറും വണ്ടൂർ ഡിവിഷനിൽ പ്രകാശും ഉദ്ഘാടനം ചെയ്തു. മറ്റു ഡിവിഷനുകളിൽ ബാഡ്ജ് ധരിച്ച് പ്രതിഷേധം രേഖപ്പെടുത്തി.

### പത്തനംതിട്ട

അടൂർ ഡിവിഷനിൽ മനോജ്ദത്തും പത്തനംതിട്ട ഡിവിഷനിൽ അലക്സ് ടി കുര്യനും ഉദ്ഘാടനം ചെയ്തു. മറ്റ് ഡിവിഷനുകളിൽ ബാഡ്ജ് ധരിച്ച് പ്രതിഷേധിച്ചു.■



പങ്കാളിത്ത പെൻഷൻ പദ്ധതി എന്ന പുത്തൻ പെൻഷൻ പദ്ധതി പിൻവലിക്കുക, ഇലക്ട്രിസിറ്റി ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി ഏകീകരിക്കുക, ഭാവി പെൻഷൻ സുരക്ഷ ഉറപ്പാക്കുക എന്നീ മുദ്രാവാക്യങ്ങൾ മുഴക്കി ഒക്ടോബർ 26 ന് നടന്ന വൈദ്യുതഭവൻ മാർച്ച് കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ സമര ചരിത്രത്തിൽ പുതിയ ഏട് സൃഷ്ടിച്ചുകൊണ്ട് നൂറ് കണക്കിന് തൊഴിലാളികൾ വൈദ്യുത ഭവനിലേക്ക് മാർച്ച് നടത്തി.

# ഒക്ടോബർ – 26 സമര ചരിത്രത്തിൽ പുത്തൻ അധ്യായമായി വൈദ്യുത ഭവൻ മാർച്ച്

ഉദാരവൽക്കരണ സാമ്പത്തിക നയത്തിന്റെ സന്തതിയായ പങ്കാളിത്ത പെൻഷൻ പദ്ധതി എന്ന പുത്തൻ പെൻഷൻ പദ്ധതി പിൻവലിക്കുക, ഇലക്ട്രിസിറ്റി ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി ഏകീകരിക്കുക, ഭാവി പെൻഷൻ സുരക്ഷ ഉറപ്പാക്കുക എന്നീ മുദ്രാവാക്യങ്ങൾ മുഴക്കി ഒക്ടോബർ 26 ന് നടന്ന വൈദ്യുതഭവൻ മാർച്ച് കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ സമര ചരിത്രത്തിൽ പുതിയ ഏട് സൃഷ്ടിച്ചുകൊണ്ട് നൂറ് കണക്കിന് തൊഴിലാളികൾ വൈദ്യുത ഭവനിലേക്ക് മാർച്ച് നടത്തി. തൊഴിലാളികൾ ഉച്ചത്തിൽ ഉയർത്തിയ മുദ്രാവാക്യങ്ങളും ഉറച്ച കാൽവയ്പുകളും വൈദ്യുതഭവനിൽ പുതിയ ചരിത്രം കുറിക്കുകയായിരിന്നു. വൈദ്യുതഭവൻ മാർച്ചിൽ പുത്തൻ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർ വലിയ തോതിൽ പങ്കാളിയായത് എടുത്തു പറയേണ്ടതാണ്. വൈദ്യുതഭവൻ മാർച്ചിനോടനുബന്ധിച്ച് കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ വർക്കിംഗ് പ്രസിഡന്റ് എ.എം.ഷിറാസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗം എ.ഐ.റ്റി.യു.സി ജനറൽ സെക്രട്ടറി കെ.പി.രാജേന്ദ്രൻ ഉത്ഘാടനം നിർവ്വഹിച്ചു. 2004–ൽ കേന്ദ്രം ഭരിച്ച ബി.ജെ.പി.സർക്കാരും



2013 ൽ കേരളം ഭരിച്ച യു.ഡി.എഫ് സർക്കാരും ഏർപ്പെടുത്തിയ പുത്തൻ പെൻഷൻ സമ്പ്രാദായം ജീവനക്കാർക്ക് തീർത്തും ദ്രോഹകരമാണെന്ന് വ്യക്തമായ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി കേരളത്തിൽ അടിയന്തിരമായി പിൻവലിച്ച് പ്രസ്തുത വിഭാഗം ജീവനക്കാരുടെ ഭാവി ജീവിത ഭദ്രത ഉറപ്പാക്കണമെന്ന് കെ.പി.രാജേന്ദ്രൻ ആവശ്യപ്പെട്ടു.

പെൻഷൻ ഫണ്ട് എന്ന അപ്രായോഗികമായ ഫണ്ട് പിൻവലിച്ച് ജീവനക്കാരുടെ ഭാവി പെൻഷൻ സുരക്ഷ ഉറപ്പാക്കണമെന്നും ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി ഏകീകരിക്കണമെന്നും പ്രസ്തുത യോഗത്തിൽ സ്വാഗതം ആശംസിച്ചുകൊണ്ട് ജനറൽ സെക്രട്ടറി എം.പി.ഗോപകുമാർ ആവശ്യപ്പെട്ടു. ആവശ്യങ്ങൾ സമയബന്ധിതമായി പരിഹരിച്ചില്ലെങ്കിൽ തുടർ



പ്രക്ഷോഭങ്ങളിലേക്ക് പോകേണ്ടിവരുമെന്നും വൈദ്യുതഭവൻ മാർച്ച് കേവലം സൂചന മാത്രമാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന ട്രഷർ വി.ജേക്കബ് ലാസർ, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ കെ.സി.മണി, എം.ശിവകുമാർ എന്നിവർ യോഗത്തിൽ സംസാരിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് റ്റി.ഷാജികുമാർ കൃതജ്ഞത രേഖപ്പെടുത്തി.

തിരുവനന്തപുരം വൈദ്യുതിഭവനിലേക്ക് നടത്തിയ പ്രകടനത്തിന് എസ്.ബി.റോസ്‌വിൽസ്, വി.ആർ.മോഹനൻ, പി.എൻ.സീതാലക്ഷ്മി, എസ്സ്.അശ്വതി, എസ്സ്.സിന്ധു, ഒ.ഫീലിപ്പോസ്, എൻ.മനോജ്ദത്ത്, കെ.വി. നടരാജൻ, ശ്രീകുമാർ. റ്റി, ഷൈലീഷ്. പി.പി, സി.പ്രദീപ്കുമാർ, റ്റി.ജെ.ബാബുരാജ്, വി.സുനിൽകുമാർ, പി.സുരേഷ്കുമാർ, എ.കെ.ഷാജി, എസ്.രാജേഷ്, സി.ഡി. റജിമോൻ, രാജീവ്കുമാർ, അനീഷ്കുമാർ, ഡി.വിജയകുമാരൻ എന്നിവർ നേതൃത്വം നൽകി.■

---

# വൈദ്യുതി നിയമ ഭേദഗതി ബിൽ 2022 പിൻവലിക്കുക

## 2022 സെപ്തംബർ 22 ന് ആലുവയിൽ നടന്ന എൻ. സി. സി. ഒ. ഇ. ഇ. ഇ സംസ്ഥാന കൺവെൻഷനിൽ അവതരിപ്പിച്ച് പ്രമേയം

വൈദ്യുതി നിയമ ഭേദഗതി ബിൽ 2022 ആഗസ്റ്റ് 8 ന് ലോക് സഭയിൽ അവതരിപ്പിക്കുകയും ശക്തമായ പ്രതിഷേധത്തെ തുടർന്ന് ഊർജ്ജ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനക്ക് വിടുകയും ചെയ്തിരിക്കുകയാണ്. സ്വകാര്യ മൂലധന ശക്തികൾക്ക് യാതൊരു നിയന്ത്രണവും ഇല്ലാതെ വൈദ്യുതി വിതരണ മേഖലയിലേക്ക് കടന്നുവരുവാൻ വഴിയൊരുക്കുന്നതാണ് അവതരിപ്പിക്കപ്പെട്ട വൈദ്യുതി നിയമ ഭേദഗതി ബിൽ. എഞ്ചിനീയർമാരുടെയോ സാമ്പത്തിക സാമൂഹ്യ ശാസ്ത്രജ്ഞരുടെയോ പൊതു സമൂഹത്തിന്റെയോ അഭിപ്രായം മാനിക്കാതെയാണ് കേന്ദ്ര സർക്കാർ ഈ ഭേദഗതിയുമായി മുന്നോട്ട് പോകുന്നത്.

ഈ നിയമ ഭേദഗതി ജനങ്ങളുടെ ഊർജ്ജ അവകാശം നിഷേധിക്കുന്നതും വൈദ്യുതി വിതരണം ലാഭക്കൊതിയന്മാരായ കച്ചവടക്കാർക്ക് അടിയറ വക്കുന്നതുമാണ്.

നിർദ്ദിഷ്ട വൈദ്യുതി നിയമ ഭേദഗതി പാവപ്പെട്ടവർക്കും ഗ്രാമീണ ജനതയ്ക്കും വൈദ്യുതി അപ്രാപ്യമാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതാണ്. കൃഷിക്കാർക്കും ചെറുകിട സംരംഭകർക്കും വൈദ്യുതി ചാർജ് വർധനവിന്റെ അമിത ഭാരം അടിച്ചേല്പിക്കുന്നതാണ്. ആത്മനിർഭർ ഭാരത് എന്ന് ഘോഷിക്കുന്ന കേന്ദ്ര സർക്കാർ ആസാദി കാ അമൃതോൽസവം ആയി സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ ഏഴര പതിറ്റാണ്ട് വൈദ്യുതി രംഗത്ത് കൈവരിച്ച നേട്ടങ്ങൾ ഉല്പാദന പ്രസരണ വിതരണ സംവിധാനങ്ങൾ സ്വകാര്യ മേഖലക്ക് കൈമാറുകയാണ്. രാജ്യത്തെ ജനങ്ങൾ പൊതുസമ്പത്തും സ്ത്രോതസുകളും സ്വകാര്യ കച്ചവടക്കാർക്ക് കൈമാറുന്നതിനെതിരാണ്. മാതൃഭൂമിയുടെ സമ്പത്ത് വിറ്റുതുലക്കുന്നത് ജന താല്പര്യം സംരക്ഷിക്കാനല്ല.

ലോകത്താകെ വൈദ്യുതി വിതരണത്തിന്റെ 70 ശതമാനത്തിലധികം പൊതുമേഖലയാണ് നിർവഹിക്കുന്നത്. കേന്ദ്ര സർക്കാരിന് കീഴിലുള്ള നീതി ആ യോഗിന്റെ രേഖകളിൽ തന്നെ ഇത് വ്യക്തമാക്കിയിട്ടുണ്ട്. പൊതു മേഖലയിലെ വിതരണ സ്ഥാപനങ്ങൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നവയാണ്. 2003 നിയമം സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുകളുടെ കോർപ്പറേറ്റ് വൽക്കരണം ലക്ഷ്യം വച്ചായിരുന്നു. എന്നാൽ ലോക ബാങ്ക് തന്നെ നടത്തിയ പഠനത്തിൽ ഇൻഡ്യയിലെ ഏറ്റവും മികച്ച യൂട്ടിലിറ്റി കേരളത്തിലെ പൊതുമേഖലയിൽ ഒറ്റക്കമ്പനിയായി പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡാണ്. യു.കെയിൽ ഇത്തരം നടപടികൾ 1999 മുതൽ ആരംഭിക്കുകയും പരാജയമാണെന്ന അനുഭവത്തിൽ ബോധ്യപ്പെട്ടതുമാണ്. യു.കെയിൽ 2021 ൽ 29 വൈദ്യുതി വിതരണ കമ്പനികൾ അടച്ചുപൂട്ടപ്പെട്ടു. ഉപഭോക്താക്കൾക്ക് മികച്ച സേവനം ലഭ്യമായില്ല. ഉപഭോക്താക്കൾ ചാർജ് വർധന മൂലം പ്രയാസപ്പെട്ടു. സ്വകാര്യ വൽക്കരണം കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു എന്നതാണ് ലോകാനുഭവം.

നിലവിലെ ഭേദഗതികൾ യാതൊരു മുതൽ മുടക്കിനും സ്വകാര്യ മേഖലയെ നിർബന്ധിക്കുന്നില്ല. പൊതു മേഖല സൗകര്യങ്ങൾ സ്വകാര്യ മേഖലക്ക് പങ്കുവെക്കുവാൻ നിർബന്ധിക്കുകയും ലാഭം കൊയ്യുവാൻ അവസരം ഒരുക്കുകയും ചെയ്യുന്നു. ഉപഭോക്താക്കൾക്ക് വിതരണ കമ്പനികളെ തെരഞ്ഞെടുക്കുവാൻ അവസരം നൽകുമ്പോൾ സ്വകാര്യ കച്ചവടക്കാർ ലക്ഷ്യം വെക്കുക നഗരങ്ങളെയും ഉയർന്ന വിഭാഗം ഉപഭോക്താക്കളെയാണ്. ഈ നിയമ ഭേദഗതിയിലൂടെ യഥാർത്ഥത്തിൽ ഉപഭോക്താക്കൾക്കല്ല സ്വകാര്യ വിതരണ കമ്പനികൾക്ക് അമിത ലാഭത്തിനാണ് കേന്ദ്ര സർക്കാർ അവസരമൊരുക്കുന്നത്. ഉപഭോക്താക്കൾക്ക് തെരഞ്ഞെടുക്കുവാനുള്ള അവസരമെന്ന പ്രചരണം കേന്ദ്ര സർക്കാർ നടത്തുന്നത് വഞ്ചനാപരമാണ്.

കേന്ദ്ര സർക്കാർ ഭേദഗതിക്കു മുൻപ് ബന്ധപ്പെട്ട വിഭാഗങ്ങളുമായി വിശദ ചർച്ച നടത്തണമായിരുന്നു. ലക്ഷ്യങ്ങളും കാരണങ്ങളും വിശദമാക്കണമായിരുന്നു.

പൊതു മേഖലയുടെ ചെലവിൽ സ്വകാര്യമേഖലയ്ക്ക് ലാഭം കൊയ്യാൻ അവസരം ഒരുക്കുന്ന നിർദ്ദിഷ്ട ഭേദഗതി സംസ്ഥാന അധികാരത്തിലേക്കുള്ള കടന്നുകയറ്റം കൂടിയാണ്. അന്തർസംസ്ഥാന ലൈസൻസികൾ അനുവദിക്കുന്നതിലൂടെ ഫെഡറൽ തത്വങ്ങൾ പൂർണമായി ലംഘിക്കപ്പെടുകയും കൺകറന്റ് ലിസ്റ്റിൽ പ്പെട്ട വൈദ്യുതിരംഗം കേന്ദ്രത്തിന്റെ നിയന്ത്രണത്തിലാവുകയും ചെയ്യും. സമീപകാലത്ത് ഇൻഡ്യയിലുണ്ടായ കൽക്കരി പ്രതിസന്ധി ഈ മേഖലയിലെ സ്വകാര്യ ഭീമൻ മാർ സൃഷ്ടിച്ചതാണെന്ന വിമർശനം ശ്രദ്ധേയമാണ്. അത്തരം സാഹചര്യങ്ങൾ സ്വകാര്യവൽക്കരിക്കപ്പെടുന്ന ഊർജ്ജ മേഖലയിൽ ആവർത്തിക്കപ്പെടും എന്ന ഭീഷണി നിലനിൽക്കുന്നു. എല്ലാ അർത്ഥത്തിലും അസ്ഥിരതയും വിലക്കയറ്റവും സേവന രാഹിത്യവുമായിരിക്കും വൈദ്യുതി സ്വകാര്യവൽക്കരണം സൃഷ്ടിക്കുക.

ഈ സാഹചര്യത്തിൽ കേരളത്തിലെ പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കളും വൈദ്യുതി മേഖലയിലെ ഓഫീസർമാർ, ജീവനക്കാർ, കരാർ തൊഴിലാളികൾ, പെൻഷൻകാർ എന്നിവരും പങ്കെടുക്കുന്ന ഈ കൺവെൻഷൻ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിനും ജനങ്ങളുടെ നടുവൊടിക്കുന്ന വൈദ്യുതി ചാർജ് വർധനവിന് ഇടയാക്കുന്നതുമായ വൈദ്യുതി നിയമ ഭേദഗതി ബിൽ 2022 പിൻവലിക്കണമെന്നും ആവശ്യപ്പെടുന്നു. ഈ നിയമ ഭേദഗതിക്കെതിരെ പ്രതിഷേധമുയർത്തുവാൻ മുഴുവൻ ജനപ്രതിനിധികളോടും അഭ്യർത്ഥിക്കുന്നു. വൈദ്യുതി നിയമ ഭേദഗതി 2022നെതിരെ ബഹുജന മുന്നേറ്റം സൃഷ്ടിക്കുന്നതിന് കേരളത്തിൽ ഒക്ടോബറിൽ നടത്തുന്ന ജനസഭകൾക്കും അനുബന്ധ പ്രക്ഷോഭ പ്രചാരണ പരിപാടികൾക്കും കേരളത്തിലെ രാഷ്ട്രീയ ബഹുജന ട്രേഡ് യൂണിയൻ, കർഷക സംഘടകളുടെയും ഉപഭോക്താക്കളുടെയും പിന്തുണയുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

സ്വകാര്യവൽക്കരണത്തിന് ബദലായി കാര്യക്ഷമമായി ഉപഭോക്തൃ സൗഹൃദത്തോടെ പ്രവർത്തിക്കുന്ന KSEB ലിമിറ്റഡിനെ തുടർന്നും പൊതുമേഖലയിൽ ഒരു സ്ഥാപനമായി സംരക്ഷിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്നും അതിന് പ്രതിബന്ധമായ ഭേദഗതികൾ പിൻവലിക്കണമെന്നും ഈ കൺവെൻഷൻ ആവശ്യപ്പെടുന്നു. KSEB ലിമിറ്റഡ് കേരള ജനതയുടെ പൊതുസമ്പത്താണെന്നും അതിനെ സംരക്ഷിക്കുവാൻ നിർദ്ദിഷ്ട വൈദ്യുതി ഭേദഗതിക്കെതിരെ മുഴുവൻ മലയാളികളുടെയും പിന്തുണ NCCOEEE യുടെ ദേശീയ പോരാട്ടത്തിനുണ്ടാകണമെന്നും ഈ കൺവെൻഷൻ അഭ്യർത്ഥിക്കുന്നു. കേന്ദ്ര സർക്കാർ ഈ ഭേദഗതിയിൽ നിന്ന് പിൻമാറുന്നതു വരെ പോരാട്ടത്തിന്റെ പാതയിൽ അചഞ്ചലമായി നിലകൊള്ളുവാനും മുന്നേറുവാനും മുഴുവൻ വൈദ്യുതി ജീവനക്കാരോടും എഞ്ചിനിയർമാരോടും പെൻഷൻ കാരോടും അഭ്യർത്ഥിക്കുന്നു.

***(പ്രമേയം അവതരണം: സ.എം പി ഗോപകുമാർ, ചെയർമാൻ, NCCOEEE കേരള ഘടകം)***

ശ്രീ. കെ. കൃഷ്ണൻകുട്ടി
ബഹു. ഊർജ്ജ വകുപ്പ് മന്ത്രി

സർ,

വിഷയം : വൈദ്യുതി ബോർഡ് ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന : ദീർഘകാല കരാർ 2021 ആർട്ടിക്കിൾ 5 വകുപ്പ് 1

സൂചനയിലെ ദീർഘകാല കരാർ വകുപ്പ് പ്രകാരം ആൾ ഇന്ത്യാ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് നിശ്ചയിക്കുന്ന മുറയ്ക്ക് വൈദ്യുതി ബോർഡിൽ ക്ഷാമബത്ത നൽകുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 01.01.2022 മുതൽ പ്രാബല്യത്തിൽ ലഭിക്കേണ്ട ക്ഷാമബത്ത വൈദ്യുതി ബോർഡിൽ ഇനിയും അനുവദിച്ചിട്ടില്ല. കൂടാതെ 01.07.2022 മുതൽ അടുത്ത ഗഡു ക്ഷാമബത്തയ്ക്കും ജീവനക്കാർക്ക് അർഹതയുണ്ട്.

കേന്ദ്രസർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത നൽകിയ സാഹചര്യം കണക്കിലെടുത്ത് വൈദ്യുതി ബോർഡിലും ക്ഷാമബത്ത ഉടൻ അനുവദിക്കുവാൻ അധികൃതർക്ക് നിർദ്ദേശങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

എം.പി. ഗോപകുമാർ
ജനറൽ സെക്രട്ടറി

---

ഡോ. രാജൻ എൻ. ഖൊബ്രഗഡെ ഐ എ എസ്
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി ലിമിറ്റഡ്

സർ,

വിഷയം: ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

അധ്യയന വർഷ ആരംഭത്തിൽ ഉൾപ്പെടെ കുടുംബ ചെലവിൽ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതകൾ നിറവേറ്റുവാൻ ഗണ്യവിഭാഗം ജീവനക്കാരും ആശ്രയിക്കുന്നത് അർജിത അവധി സറണ്ടർ ചെയ്ത് ലഭിക്കുന്ന തുകയാണ്. എന്നാൽ മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഇപ്രാവശ്യം ഏൺഡ് ലീവ് സറണ്ടർ തുക എല്ലാ വിഭാഗം ജീവനക്കാർക്കും അനുവദിക്കുന്നതിൽ ചില തടസ്സവാദങ്ങൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും ഉണ്ടാകുന്നതായി മനസ്സിലാക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഉൾപ്പെടെ ഒഴിവാക്കാനാകാത്ത അധിക സാമ്പത്തിക ബാധ്യത നിറവേറ്റേണ്ട ഈ സമയത്ത് തൊഴിലാളികളുടെ ലീവ് സറണ്ടർ തുക യഥാസമയം നൽകാതിരിക്കുന്നത് നീതീകരിക്കാവുന്ന കാര്യമല്ല.

ആനുകൂല്യം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ആനുകൂല്യനിഷേധത്തിന് തുല്യമായതിനാൽ ഈ സുപ്രധാന വിഷയത്തിൽ താങ്കളുടെ ഇടപെടലും അടിയന്തിര പരിഹാര നടപടികളും ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ
എം.പി ഗോപകുമാർ
ജനറൽ സെക്രട്ടറി



# NCCOEEE ജില്ലാ സമരപ്രഖ്യാപന കൺവെൻഷനുകൾ




*കൊല്ലം – ഉദ്ഘാടനം: ജെ. ചിഞ്ചുറാണി, ബഹു. മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി*




*കണ്ണൂർ – ഉദ്ഘാടനം: വി.എൻ. വാസവൻ, ബഹു. സഹകരണ, രജിസ്ട്രേഷൻ, സാംസ്കാരിക വകുപ്പ് മന്ത്രി*



*ആലപ്പുഴ – ഉദ്ഘാടനം: അഡ്വ. എ.എം. ആരിഫ് എം.പി*




*പത്തനംതിട്ട – ഉദ്ഘാടനം: മാത്യു ടി തോമസ് എം.എൽ.എ*




*കോട്ടയം – വിഷയാവതരണം: എം.പി. ഗോപകുമാർ ചെയർമാൻ, NCCOEEE കേരള ഘടകം ജനറൽ സെക്രട്ടറി, കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ*




*തിരുവനന്തപുരം – അധ്യക്ഷൻ: മീനാങ്കൽ കുമാർ എ.ഐ.ടി.യു.സി ജില്ലാ സെക്രട്ടറി*

# ഒക്ടോബർ 26 – വൈദ്യുതി ഭവൻ മാർച്ച്







*ഉദ്ഘാടനം: കെ.പി. രാജേന്ദ്രൻ AITUC സംസ്ഥാന ജനറൽ സെക്രട്ടറി*



*സ്വാഗതം: എം.പി. ഗോപകുമാർ*
*ജനറൽ സെക്രട്ടറി*



*അധ്യക്ഷൻ: എ.എം. ഷിറാസ്*
*വർക്കിംഗ് പ്രസിഡന്റ്*



*കൃതജ്ഞത: റ്റി. ഷാജികുമാർ*
*വൈസ് പ്രസിഡന്റ്*




Edited, Printed & Published by M.P. Gopakumar on behalf of Kerala Electricity Workers Federation, Thiruvananthapuram 695014
Printed at Sujilee Printers, Chathannoor